
# The Kerala Kaumudi

PUBLISHED EVERY SUNDAY

EDITOR-IN-CHIEF: C. V. KUNJURAMAN

*VOLUME 28. No. 6* | *TRIVANDRUM, FEBRUARY 7, 1937* | *PRICE ONE ANNA*

9395

"In any country, regardless of what its laws say, wherever people act upon the idea that the disadvantage of one man is the good of another, there slavery exists"--*Booker T. Washington*

# ചിരിയും ചിന്തയും

—:—

സൂക്ഷിപ്പുകാരൻ—ഈ ബംഗ്ലാവിനകത്തു് നിങ്ങൾ ഇപ്പോൾ കടക്കരുതു്. ഇതിനകത്തു് പുകവലി പാടില്ല.

“ഞങ്ങളാരും പുകവലിക്കുന്നില്ലല്ലൊ.”

സൂക്ഷിപ്പുകാരൻ—ഇല്ല; ഞാൻ വലക്കുന്നതു് കണ്ടില്ലേ?

*　　*

“എൻെറ ഈ വിഷമങ്ങളൊക്കെ ആരെങ്കിലും ഏറെറടുത്തുകൊള്ളുമെങ്കിൽ അയാൾക്കു ഞാൻ പ്രതിമാസം 1000 രൂപ ശമ്പളം കൊടുക്കുമായിരുന്നു”.

“കാര്യം കൊള്ളാം. പക്ഷേ ആയിരംരൂപയ്ക്കു് നിങ്ങൾ എവിടെ പോകും?”

“ആ വിഷമമാണല്ലൊ ഞാൻ ആദ്യമായി ഏൽപ്പിക്കുന്നതു്”.

*　　*

അദ്ധ്യാപിക—ഒരാളുടെ സ്നേഹം സമ്പാദിക്കണമെങ്കിൽ എന്തു വേണം?

വിദ്യാർത്ഥിനി—സാർ ആ ചോദ്യം ചോദിച്ചതിൽ ഞാൻ സാറിനെ കുററപ്പെടുത്തുന്നില്ല.

അദ്ധ്യാപിക —അതെന്താണ് കുട്ടീ?

വിദ്യാർത്ഥിനി— അമ്മ പറയാറുണ്ടു് സാർ ആരുടെയോ സ്നേഹം സമ്പാദിക്കാൻ വളരെനാളായി പണിപ്പെടുകയാണെന്നു്.

*　　*

“നിങ്ങളുടെ പട്ടി ഇന്നലെ രാത്രി എൻെറ മൂന്നു ആട്ടിൻകുട്ടികളെ കടിച്ചുകൊന്നുകളഞ്ഞു. അതിനു് നിങ്ങൾ എന്തു് സമാധാനം പറയുന്നു?”

“എൻെറ പട്ടിയോ?”

“അതെ, നിങ്ങളുടെ പട്ടിതന്നെ.”

“എങ്കിൽ അതിനൊന്നു ചെയ്യുകയാം. ആ പട്ടി നിങ്ങൾക്കിരിക്കട്ടെ. നല്ല ജാതിയാണു്.”

*　　*

“ഇതു് വലിയ വിഷമമായല്ലൊ. എൻെറ ഭർത്താവിനു് വെള്ളംമാത്രമേ കൊടുക്കാൻ പാടുള്ളു എന്നു് ഡാക്കർ പറയുന്നു. അല്ലെങ്കിൽ, അദ്ദേഹം ചത്തുപോകുമത്രെ.”

“അതിലെന്താണു് ഇത്ര വിഷമിക്കാൻ?”

“വെള്ളവുംകൊണ്ടു് ചെന്നാൽ അതുമതി അദ്ദേഹം എന്നെക്കൊല്ലാൻ.”

*　　*

ആറുകൊല്ലംമുമ്പേ കടംവാങ്ങിച്ച ഒരു രൂപാ മടക്കിക്കൊടുത്തുകൊണ്ടു്—

“ഇതാ, ഇതു് വാങ്ങിക്കൊള്ളണം. ഞാൻ പണ്ടു് നിങ്ങളുടെ പക്കൽ നിന്നും വാങ്ങിയതാണു്.’

സ്നേഹിതൻ—വേണ്ട; അതു് നിങ്ങൾതന്നെ വച്ചുകൊള്ളണം. ഈ ഒരു രൂപയ്ക്കുവേണ്ടി ആറുകൊല്ലംകൊണ്ടു നിങ്ങളെപ്പററി എനിക്കുണ്ടായ അഭിപ്രായംമാററാൻ ഞാൻ ഉദ്ദേശിക്കുന്നില്ല.

*　　*

പെരുമഴയും, കൊടുംകാററും, ഇടിയും, മിന്നലുമുള്ള ഒരു രാത്രിയിൽ വീട്ടിൻെറ പടിവാതുക്കൽ വിറച്ചുകൊണ്ടിരിക്കുന്ന ഗൃഹനാഥനോടു് പോലീസ്കാരൻ-“ഈ ഭയങ്കരമായ ഇടിയിലും മിന്നലിലും നിങ്ങളെന്താണു് പുറംതിണ്ണയിൽ കുത്തിക്കൊണ്ടിരിക്കുന്നതു്?”

“ഓ! ഇടിയും മിന്നലും! ഇതു സാരമില്ല. എൻെറ ഭാര്യ എന്നെ പ്രതീക്ഷിച്ചു് ഇനിയും ഉണർന്നിരിക്കയാണ്.”

*　　*

ഉടുപ്പുകൾ അഴിച്ചുവെച്ചു് കുളക്കടവിൽ കുളിക്കാൻ ഭാവിക്കുന്ന യുവതിയോടു്—

കാൺസ്റ്റബിൾ—ക്ഷമിക്കണം; ഇവിടെ കുളിക്കാൻ പാടില്ല; ചട്ടത്തിനു് വിരോധമാണു്.

യുവതി—(കുപിതയായി) അതു് നിങ്ങൾക്കു നേരത്തേ പറഞ്ഞുകൂടായിരുന്നൊ?

കാൺസ്റ്റബിൾ— (ചിരിച്ചുകൊണ്ടു്) ഉടുപ്പുംമററും അഴിച്ചുവയ്ക്കുന്നതു് ചട്ടത്തിനു് വിരുദ്ധമല്ല.

*　　*

75 വയസ്സുചെന്ന ഒരാൾ നാലാമത്തെ വിവാഹത്തിനു് ഭാവിക്കുകയായിരുന്നു. പള്ളിയിൽവച്ചു് വിവാഹരജിസ്റ്റരിൽ ഒപ്പിടാൻ തുടങ്ങിയപ്പോൾ പേന വളരെ മോശമാണെന്നുകണ്ടു. രണ്ടു മൂന്നു തവണ ശ്രമിച്ചിട്ടും മഷി വീഴാതിരുന്നതിനാൽ തിരിഞ്ഞു പള്ളിക്കണക്കനോടു് പറകയാണു്:

“ഇങ്ങനെ നിങ്ങൾ എന്നെ പററിക്കുന്നതു് ഇതു് മൂന്നാമത്തേയോ, നാലാമത്തേയോ തവണയാണു്. നോക്കിക്കൊള്ളണം; അടുത്ത തവണ ഞാൻ എൻെറ പേനതന്നെ കൊണ്ടുവരുന്നതാണു്.”

*　　*

ഓമന—അമ്മെ, ഞാൻ അദ്ദേഹത്തെ വിവാഹംചെയ്യാൻ ഇഷ്ടപ്പെടുന്നില്ല. അദ്ദേഹം വെറും നാസ്തികനാണു്. നരകത്തിൽ വിശ്വസിക്കുന്നില്ല.

മാതാവു്—അതു് സാരമില്ല മകളെ. വിവാഹം കഴിയട്ടെ. അദ്ദേഹം താനെ വിശ്വസിച്ചുകൊള്ളും.

*　　*

കാമുകൻ—നിങ്ങൾ വലിയ കഠിനചിത്തയാണു്. ഇനി ഞാൻ വിവാഹം വേണ്ടെന്നു വയ്ക്കുകയേയുള്ളൂ.

ആ വാചകം ആ യുവതിക്കു ഒരു കുളുർമ്മയുണ്ടാക്കി. അവൾ മന്ദഹസിച്ചുകൊണ്ടു്—

“ഞാൻ ഉപേക്ഷിച്ചതുകൊണ്ടു് മററുള്ളവരും നിങ്ങളെ ഉപേക്ഷിക്കണമെന്നില്ലല്ലൊ.”

കാമുകൻ—അങ്ങനെയല്ല; നിങ്ങൾ പോലും എന്നെ വേണ്ടെന്നുവച്ച സ്ഥിതിക്കു് ലോകത്തിൽ മററാരാണു് എന്നെ വേൾക്കാൻ ഒരുമ്പെടുന്നതു്. അതിലാണു് എനിക്കു് സങ്കടം.

*　　*

യുവാവു്—ഞാൻ അങ്ങയുടെ പുത്രിയെ വിവാഹംകഴിക്കാൻ ആഗ്രഹിക്കുന്നു.

അച്ഛൻ— ഛെ! എന്തു്? എൻെറ മകളെയൊ? നിങ്ങൾക്കു് ഭ്രാന്താണൊഹെ?

യുവാവു് വൃദ്ധനെ അനുരഞ്ജിപ്പിക്കാനെന്ന ഭാവത്തിൽ—

അങ്ങു് അങ്ങനെ പറയുന്നതു് കഷ്ടമാണു്. എൻെറ അറിവിൽ പെട്ടിടത്തോളം അവളുടെ സ്വഭാവം വളരെ നല്ലതാണു്. ക്ഷമിക്കണം.

*　　*

ഭാര്യയുടെ ഉപദ്രവം സഹിക്കവയ്യാതായ ഭർത്താവു് ഒരുദിവസം പ്രഭാതത്തിൽ പറയുകയാണു്:

“ഓമനെ, ഇന്നലെ ഞാൻ ഒരു നല്ല സ്വപ്നം കണ്ടു; ഒരാൾ നിന്നെയും കൊണ്ടു ഒളിച്ചോടിപോകുന്നതായി.”

ഭാര്യ—എന്നിട്ടു് നിങ്ങൾ എന്തു്പറഞ്ഞു?

ഭർത്താവു്—“എടേ, എടേ, ഇതിനീ ഓട്ടവും ചാട്ടവും എന്തിനു്? പതുക്കെപോയാൽ പോരെ” എന്നു് ചോദിച്ചു.

*　　*

# കേരളകൗമുദി

പുസ്തകം 28 | 1937 ഫെബ്രുവരി 7 തിരുവനന്തപുരം 1112 മകരം 25 | ലക്കം 6


## ശാസ്താവു് : ചരിത്രാവലോകനം

(സീ. വി. കുഞ്ഞുരാമൻ)



1934 ജനവരി ഒന്നാം തീയതിയിലെ മലയാളരാജ്യം ചിത്രവാരികയിൽ ശാസ്താവിനെക്കുറിച്ചു ശ്രീമാൻ കെ. ആർ. കൃഷ്ണപിള്ള ബി. എ. ബി. എൽ. അവർകൾ അത്യന്തം രസകരമായ ഒരു ലേഖനം എഴുതിയിരുന്നു. ശാസ്താവിന്റെ ഉത്ഭവത്തെക്കുറിച്ചു വിഷ്ണുഭാഗവതത്തിലുള്ള ഉപാഖ്യാനം അതിൽ സംഗ്രഹമായി ഉദ്ധരിച്ചിട്ടുണ്ട്. പാലാഴിമഥനത്തിൽ തെളിഞ്ഞുവന്ന അമൃതത്തെ അസുരന്മാർ കരസ്ഥമാക്കിക്കൊണ്ടു പോയതു മഹാവിഷ്ണു മോഹിനീവേഷം ധരിച്ചു കരസ്ഥമാക്കികൊണ്ടുവന്നു. വിഷ്ണുവിന്റെ മോഹിനീരൂപംകണ്ടു ശിവൻ വ്യാമോഹിതനായി മോഹിനിയെ പ്രാപിക്കുകയും അങ്ങനെവിഷ്ണുവിന്റേയും ശിവന്റേയും പുത്രനായി ഹരിഹരപുത്രനെന്നുകൂടി പേരുള്ള ശാസ്താവു ജനിക്കുകയും ചെയ്തു എന്നാണു് ആ കഥയുടെ സംഗ്രഹം. മി: കൃഷ്ണപിള്ള ഈ "വിലക്ഷണ കഥ"യുടെ ആസ്പദമെന്തെന്നു് അദ്ദേഹത്തിന്റെ ലേഖനത്തിൽ നിരൂപണം ചെയ്തിട്ടുണ്ട്.

"ശാസ്താവെന്നതു് ഒരു സംസ്കൃതപദവും അതിന്റെ ധാത്വർത്ഥം ശാസിക്കുന്നവനമെന്നുമാണല്ലോ. ഒരു നവീനധർമ്മശാസനം ചെയ്ത ഗൌതമബുദ്ധന്റെ പേരുകളിൽ ഒന്നായി ഈ പദത്തെ സംസ്കൃതത്തിൽ ഗ്രഹിച്ചിട്ടുണ്ട്. ഇതല്ലാതെ കേരളത്തിന്റെ പുറമേജനിച്ച സംസ്കൃതഗ്രന്ഥങ്ങളിൽ എങ്ങും ശാസ്താവെന്നു ഒരു ദേവനെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ളതായി അറിയുന്നില്ല. ഹിന്ദുപുരാണങ്ങളിലെ ദേവമണ്ഡലത്തിൽ ഇങ്ങനെ ഒരു ദേവനു സ്ഥാനം ലഭിച്ചിട്ടുമില്ല. ശാസ്താവിനു വിനിയുക്തങ്ങളായ ക്ഷേത്രങ്ങൾ കേരളത്തിനു വെളിയിൽ എങ്ങുംതന്നെയില്ലെന്നാണു് എന്റെ അന്വേഷണത്തിൽ അറിയുന്നതു്" എന്നു മി: കൃഷ്ണപിള്ള പറയുന്നു.

കേരളത്തിലെ കഥ അതല്ലല്ലോ. ഗവൺമെന്റിന്റെ ഭരണത്തിലിരിക്കുന്ന ക്ഷേത്രങ്ങളിൽ ഉദ്ദേശം നാലിലൊരു ഭാഗം ശാസ്താക്ഷേത്രങ്ങളാണു്. ഇതിൽ ഉൾപ്പെടാതെയും അനവധി ശാസ്താക്ഷേത്രങ്ങൾ കേരളത്തിലുണ്ടെന്നു മാത്രമല്ല ക്ഷേത്രമില്ലാതെതന്നെ അനേകം ശാസ്താവിഗ്രഹങ്ങൾ അവിടവിടെ അനാഥമായി കാണാനുമുണ്ട്. കേരളോല്പത്തിയിൽ സഹ്യാദ്രിനിരയുടെ പര്യന്തത്തിൽ കേരളത്തിൽ വിദേശികൾ കടക്കാതിരിക്കുവാൻ പരശുരാമൻ അനേകം ശാസ്താക്കന്മാരെ അന്തപാലന്മാരായി പ്രതിഷ്ഠിച്ചിരുന്നു എന്നു് കഥയുണ്ട്. ഈ ശാസ്താക്കന്മാരുടെ വീര്യത്തെ ശമിപ്പിച്ചാണു പരദേശികൾ കേരളത്തിൽ കടന്നതെന്നും ഐതിഹ്യം ഉണ്ടു്. ഈ ശാസ്താക്കന്മാരുടെ ശക്തി ക്ഷയിപ്പിക്കുവാൻ കേരളത്തിൽകടന്ന പരദേശികൾ ആരാണെന്നുള്ള ചോദ്യത്തിനു നിർവ്വിവാദമായ ഉത്തരം പറയുക സാദ്ധ്യമല്ല. പരശുരാമൻ പരദേശത്തുനിന്നു ആര്യബ്രാഹ്മണരെ കൊണ്ടുവന്നു കേരളം അവർക്കായി പങ്കുവച്ചുകൊടുത്തു എന്നും ഈ കേരളബ്രാഹ്മണരുടെ അധികാരം ഒരു വൈദികാധിപത്യം എന്നപോലെ ചിരകാലം നിലനിന്നിരുന്നു എന്നും ഐതിഹ്യമുള്ളതിനെ കേരളത്തിലെ പ്രധാനപ്പെട്ട ചരിത്രപണ്ഡിതന്മാർ ആരും പാടേ നിഷേധിച്ചിട്ടുള്ളതായി അറിയുന്നില്ല. അവരുടെ ഭരണം വിഷമസ്ഥിതിയിലായപ്പോൾ അവർ പരദേശത്തുപോയി അന്നന്നു ക്ഷത്രിയരാജാക്കന്മാരെ കൊണ്ടുവന്നു വാഴിച്ചു എന്നുള്ള കഥയേയും ചരിത്രപണ്ഡിതന്മാർ നിഷേധിച്ചുകാണുന്നില്ല. എന്നാൽ ഈ രണ്ടുകഥകൾക്കും വിരുദ്ധമായി നമ്പൂതിരിമാരും പെരുമാക്കന്മാരും വാണിരുന്നു എന്നുപറയുന്നകാലത്തു ഇവിടെ ഒരു ചേരരാജകുടുംബം സന്തതി പരമ്പരയാ നാടുവാണിരുന്നതായും ചോളപാണ്ഡ്യന്മാരും കർണ്ണാടകരും മറ്റും കേരളത്തെ ആക്രമിച്ചു അധികാരം നടത്തിയിരുന്നതായും പരദേശത്തുനിന്നു ശിലാശാസനരൂപമായ ചരിത്രലക്ഷ്യങ്ങൾ വെളിപ്പെട്ടിട്ടുണ്ടെന്നുമാത്രമല്ല പ്രാചീന തമിഴ് സാഹിത്യഗ്രന്ഥങ്ങളിലും പ്രസ്താവനകൾ ധാരാളം കാണുന്നുമുണ്ട്. പെരുമാക്കന്മാരെന്ന പേരിനെ രാജാക്കന്മാരെന്നോ രാജാക്കന്മാരുടെ കീഴിലുള്ള ഗവർണർമാരെന്നോ ഉള്ള അർത്ഥത്തിൽ ദ്രാവിഡന്മാർ ഉപയോഗപ്പെടുത്തിവന്നിരുന്നു. പെരുമാൾ എന്ന പദത്തിനു ഈശ്വരൻ എന്നുള്ള അർത്ഥവുംകൂടി തമിഴ്ഭാഷയിൽ നടപ്പുണ്ട്. ഈ എല്ലാ സംഗതികളെയും ചേർത്തു ആലോചിക്കുമ്പോൾ നമ്പൂതിരിമാരുടെ ഭരണകഥയും അവരാൽ വാഴിക്കപ്പെട്ടു എന്നുപറയുന്ന പെരുമാക്കന്മാരുടെ കഥയും കേവലം കല്പിതകഥകൾ എന്നല്ലാതെ ചരിത്രവസ്തുതയുള്ളവയാണെന്നു വിചാരിക്കാൻ ന്യായം കാണുന്നില്ല.

അശോകചക്രവർത്തിയുടെ കാലത്തു ബുദ്ധമതപ്രചാരത്തിനായി കേരളത്തിൽ ബൗദ്ധമിഷനറിമാരെ അയച്ചിരുന്നതിലേക്കു നിഷേധിക്കുവാൻ പാടില്ലാത്ത ലക്ഷ്യങ്ങൾ ഉണ്ടല്ലോ. അശോകൻ മിഷനറിമാരെ അയച്ചു എന്നു ശിലാശാസനങ്ങളിൽ കാണുന്ന വൃത്താന്തം സിംഹളന്മാരുടെ മഹാവംശത്തിൽ കാണുന്നതു് ബൗദ്ധമതാദ്ധ്യക്ഷനായി അശോകരാജധാനിയിൽ ഉണ്ടായിരുന്ന മൊഗ്ഗലിപുത്രധീരൻ അയച്ചതായിട്ടാണു്. കേരളത്തിൽവന്ന ബുദ്ധമിഷനറിയുടെ പേരു രക്ഷിതധീരൻ എന്നായിരുന്നു എന്നും മഹാവംശത്തിൽനിന്നു വെളിവാകുന്നുണ്ട്. അശോകന്റെകാലം മുതൽ ഒരായിരത്താണ്ടുകാലത്തിലധികം ബുദ്ധമതത്തിനു കേരളത്തിൽ പ്രചുരപ്രചാരം ഉണ്ടായിരുന്നു എന്നു ബുദ്ധ

മതധ്വംസകനെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്ന ശങ്കരാചാര്യരെക്കുറിച്ചുള്ള ശങ്കരവിജയം എന്നുള്ള കാവ്യംകൊണ്ടുതന്നെ സ്പഷ്ടമാകുന്നുണ്ട്. ബൗദ്ധന്മാരെക്കൊണ്ട് ഭൂമിക്കുള്ള ഭാരം താങ്ങാൻ നിർവാഹമില്ലാതെ കൈലാസത്തിൽ ചെന്നു സങ്കടമുണർത്തിച്ച ഭൂദേവിയോട് ശങ്കര ഭഗവാൻതന്നെ ശങ്കരാചാര്യരായി വന്നു ജനിച്ചു ബൗദ്ധന്മാരെ അമർത്തിക്കൊള്ളാമെന്നുണ്ടായ വാഗ്ദാനം അനുസരിച്ചു സാക്ഷാൽ പരമശിവൻതന്നെ ശങ്കരാചാര്യരായിവന്നു ജനിച്ചു എന്നാണല്ലൊ ശങ്കരവിജയം ഘോഷിക്കുന്നത്. ഈ പുരാണത്തിനു വല്ല അർത്ഥവുമുണ്ടെങ്കിൽ ശങ്കരാചാര്യരുടെ ജനനകാലത്തു കേരളത്തിൽ പ്രബലമായിരുന്ന മതം ബുദ്ധമതമായിരുന്നു എന്നല്ലാതെ മറ്റൊന്നുമായിരിക്കാനിടയില്ല. ശങ്കരാചാര്യരെ കേരളബ്രാഹ്മണർ ജാതിഭ്രഷ്ടനാക്കിയെന്നു ഒരു കഥയുണ്ടല്ലൊ. അതു യഥാർത്ഥത്തിൽ ജാതിഭ്രഷ്ടനാക്കിയകഥയോ അതല്ല ബുദ്ധമതക്കാർ മതഭ്രഷ്ടനാക്കിയകഥയോ എന്നു സംശയിക്കാതെ തരമില്ല. ശങ്കരാചാര്യരുടെ "അദ്വൈതവാദ"ത്തിനും ബുദ്ധമുനിയുടെ "അദ്വയവാദ"ത്തിനും തമ്മിലുള്ള സാമ്യം രണ്ടുമതങ്ങളും നല്ലവണ്ണം പഠിച്ച പണ്ഡിതന്മാർ ഇപ്പോൾ തെളിച്ചുകൊണ്ടുവരുന്നുണ്ട്. ശങ്കരന്റെ അദ്വൈതവാദം ബുദ്ധന്റെ അദ്വയവാദം ആയിരുന്നതുകൊണ്ടാണ് രാമാനുജാചാര്യർ ശങ്കരാചാര്യരെ പ്രച്ഛന്ന ബുദ്ധൻ എന്നു പറഞ്ഞതെന്നുള്ളകാര്യവും ഈ സന്ദർഭത്തിൽ ഓർക്കേണ്ടതാകുന്നു.

ശങ്കരാചാര്യരുടെ കാലം ക്രിസ്ത്വബ്ദം ഒൻപതാം നൂററാണ്ടാണല്ലൊ. അശോകന്റെ കാലമായ ബി. സി. മൂന്നാം നൂററാണ്ടുമുതൽ ഒൻപതാം നൂററാണ്ടുവരെ 1200 സംവത്സരക്കാലം കേരളത്തിൽ ബുദ്ധമതം നിലനിന്നിരുന്നു എന്നുള്ളതിനു ഏതായാലും കൂടുതൽ തെളിവൊന്നും ആവശ്യമില്ല. മാണിക്യവാചകർ, വില്വമംഗലത്തു സ്വാമിയാർ മുതലായവരെക്കുറിച്ചുള്ള ഐതിഹ്യങ്ങൾ പരിശോധിച്ചാൽ വിജയനഗരരാജാക്കന്മാരുടെ കാലത്തുണ്ടായ ശൈവമതപ്രചരണവും ഏകദേശം അതേ കാലത്തുതന്നെ ഉണ്ടായ ശാക്തേയമതപ്രചരണവുമാണ് ബുദ്ധമത ധ്വംസനത്തിനു പ്രധാനമായി ശ്രമിച്ചിട്ടുള്ളതെന്ന് ഊഹിക്കുവാൻ വഴിയില്ലായ്കയില്ല. ഹാലാസ്യ മാഹാത്മ്യം വായിച്ചാൽ ഏതെല്ലാം പ്രകാരത്തിലുള്ള ഹിംസകൾ നടത്തിയാണ് ബൗദ്ധഭിക്ഷുക്കളുടെ സമൂലനാശം വരുത്തിയതെന്നു നമുക്കു ഏകദേശം ഊഹിക്കാവുന്നതാണ്. ഇത്ര വളരെ ക്രൂരതയോടുകൂടി ബുദ്ധമതക്കാരോടു പെരുമാറത്തക്കവണ്ണം ആ മതക്കാർ പ്രവർത്തിച്ച അപരാധം എന്താണെന്നു മനസ്സിലാക്കുവാൻ പ്രയാസമായിരിക്കുന്നു. തുമ്പില്ലാത്ത മതഭ്രാന്തെന്നല്ലാതെ മറ്റൊരു പേരു അവരുടെ ക്രൂരപ്രവൃത്തികൾക്കു കൊടുക്കുവാൻ പ്രയാസമായിക്കാണുന്നു. ശൈവശാക്തേയ മതക്കാരെപ്പോലെ ക്രൂരമായിട്ടെങ്കിലും വൈഷ്ണവന്മാരും മറ്റൊരു വഴിക്കു ബുദ്ധമതധ്വംസനത്തിനു ശ്രമിച്ചിട്ടുണ്ട്. ബുദ്ധന്റെ മഹാനിർവാണശയനത്തെ കാണിക്കുന്ന വിഹാരങ്ങളിലെ ബുദ്ധവിഗ്രഹങ്ങൾക്കും മഹാവിഷ്ണുവിന്റെ അനന്തശയന വിഗ്രഹങ്ങൾക്കും തമ്മിൽ കാണുന്ന അത്ഭുതകരമായ സാമ്യവും ബുദ്ധനെക്കൂടി വിഷ്ണുവിന്റെ ഒമ്പതാമത്തെ അവതാരമാക്കിയ തന്ത്രവും യോജിപ്പിച്ചു നോക്കിയാൽ ബുദ്ധമതത്തെ ഹിന്ദുമതമാക്കുവാൻ വൈഷ്ണവർ പ്രയോഗിച്ച കൗശലപരിപാടികളെക്കുറിച്ചു ഏകദേശമായ ഒരു ഊഹം നമുക്കു ലഭിക്കുന്നതാണ്.

കേരളത്തിൽ ഒരിടത്തും ബൗദ്ധ വിഹാരങ്ങൾ ഇപ്പോൾ കാണ്മാനില്ല. പല വിഹാരങ്ങളേയും ഹിന്ദുക്ഷേത്രങ്ങളായി രൂപാന്തരപ്പെടുത്തിയതിന്റെ തീരെ മാഞ്ഞുപോയിട്ടില്ലാത്ത ലക്ഷ്യങ്ങൾ കാണ്മാനുമുണ്ട്. തകഴിയിലെ പ്രസിദ്ധമായ ശാസ്താവമ്പലം ഒരു പ്രസിദ്ധമായ ബുദ്ധവിഹാരമായിരുന്നു എന്നു സാഹിത്യപഞ്ചാനനൻ മി: പി. കെ. നാരായണപിള്ള ഇതെഴുതുന്ന ആളോടു പറഞ്ഞിട്ടുണ്ട്. ഓച്ചിറ, ചിത്രാൾ, കുമാരകോവിൽ മുതലായവയും ബുദ്ധക്ഷേത്രങ്ങളായിരുന്നു എന്നു പല പണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈഴവരിൽ ചിലർ വാദിക്കുംപോലെ ഈഴവർ മാത്രമല്ല സവർണ്ണ ഹിന്ദുക്കളിലും വളരെപ്പേർ ബുദ്ധമതക്കാരായിരുന്നു എന്നു അവരിൽതന്നെ പലരും ഇപ്പോൾ സമ്മതിക്കുന്നുണ്ട്. "ബൗദ്ധനെ സേവിച്ചു ജീവിക്കയേക്കാട്ടിൽ ഉദ്ബന്ധം വലിച്ചു മരിക്കതന്നെ സുഖം"എന്നുള്ള കേരളീയാഭിപ്രായത്തിനു വലുതായ മാററം ഇപ്പോൾ വന്നിട്ടുണ്ടെന്നു മാത്രമല്ല ഓരോ ദിവസം കഴിയുംതോറും ബുദ്ധനെ കുറിച്ചുള്ള ഭക്തിയും ബുദ്ധമതത്തെക്കുറിച്ചുള്ള ബഹുമാനവും കേരളീയ ഹിന്ദുക്കൾക്കു വർദ്ധിച്ചുവരുന്നുമുണ്ട്. പരദേശികളാൽ ഹതവീര്യരാക്കപ്പെട്ടു എന്നു പറയുന്ന ശാസ്താക്കന്മാർ പരദേശികളായ ശൈവശാക്തേയാദിമതക്കാരാൽ നശിപ്പിക്കപ്പെട്ട ബുദ്ധവീര്യം തന്നെയാണെന്നു വിചാരിക്കുന്നതിൽ യാതൊരു അസാംഗത്യവും കാണുന്നില്ല.

തിരുവിതാംകൂറിലെ ശാസ്താ ക്ഷേത്രങ്ങളിൽ വളരെ അധികവും തെക്കൻ തിരുവിതാംകൂറിലാണ് കാണപ്പെടുന്നതു്. തെക്കൻ തിരുവിതാംകൂറിലെ മരുത്വാമലയിൽ നാഗാർജ്ജുനൻ എന്ന പ്രസിദ്ധനായ ബുദ്ധസന്യാസി 18 വർഷക്കാലം വിശ്രമിച്ചിരുന്നതായി കേട്ടിട്ടുണ്ട്. അദ്ദേഹം പശ്ചിമതീരത്തിൽ അനേകം ബൗദ്ധവിഹാരങ്ങൾ സ്ഥാപിച്ചു എന്നുള്ളതു് ചരിത്രപ്രസിദ്ധവുമാണ്. തെക്കൻതിരുവിതാംകൂറിൽ ശാസ്താക്ഷേത്രങ്ങൾ അധികമായി കാണുന്നതിനുള്ള കാരണം ഇതിൽനിന്നു ഊഹിക്കാവുന്നതാണ്. ബുദ്ധൻ തന്നെയാണ് ശാസ്താവെങ്കിൽ ശാസ്താക്ഷേത്രങ്ങളിൽ ഇപ്പോൾ കാണുന്ന നിത്യനിദാന അടിയന്തിരങ്ങളുടേയും വർഷോത്സവങ്ങളുടേയും ചടങ്ങുകൾക്കു ഭേദം വരുത്താതിരിക്കുന്നതു് വിഷ്ണുവിന്റെ അവതാരമെന്നു ഗണിക്കപ്പെട്ടിരിക്കുന്ന ബുദ്ധമുനിയോടും അദ്ദേഹത്തിന്റെ മഹാമതത്തോടും കാണിക്കുന്ന ഒരു മഹാപരാധം അല്ലയോ എന്നു ഹിന്ദുമതാഭിമാനികൾ ആലോചിക്കേണ്ടതാണ്. അത്രയൊന്നും പരിഷ്കരിക്കുവാൻ തൽക്കാലം സാദ്ധ്യമായില്ലെങ്കിൽ ദേവസ്വം ഡിപ്പാർട്ടുമെന്റിന്റെ ഭരണത്തിലിരിക്കുന്ന ശാസ്താക്കന്മാരിൽ പലർക്കുമുള്ള പ്രാകൃത നാമങ്ങൾ മേലാൽ പ്രസിദ്ധം ചെയ്യാതിരിക്കുവാനെങ്കിലും ഏർപ്പാട് ചെയ്താൽ വേണ്ടില്ലായിരുന്നു.

—:—

## അതു് എന്നെ ഓർമ്മിപ്പിക്കുന്നതു്

(ലയണൽ)

ഈയിടെ ഞാൻ.........പത്രത്തിന്റെ ആഫീസിലിരുന്ന് അതിൻെറ മാനേജരുമായി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ആ പത്രത്തിൻെറ......ഏജൻറ് കയറിവരികയും മാനേജരുമായി താഴെ കാണുന്ന സംഭാഷണം നടക്കുകയുമുണ്ടായി.

മാനേജർ—പണം വല്ലതും പിരിഞ്ഞു കിട്ടിയോ?

ഏജൻറ്—ഇന്നു തന്നയച്ച ഒരു ബില്ലൊഴികെ മറെറല്ലാററിനും പണം കിട്ടിയിട്ടുണ്ടു്.

മാനേജർ—ഒരു ബില്ലിനെന്തുപിണഞ്ഞു? ആർക്കുള്ള ബില്ലാണതു്? തുകയെന്തുണ്ടു്?

ഏജൻറ്—തുക മൂന്നുരൂപയേയുള്ളു. പഴയ ബില്ലാണ്. ഇതേവരെ അവധിപറയുകയായിരുന്നു. ഇന്നു് ബില്ല് കൊടുത്തപ്പോൾ അതു് വലിച്ചെറിഞ്ഞു് എന്നെ ഭള്ളുപറയുകയാണ് ചെയ്തതു്. പത്രം കൊടുത്തിട്ടു് വാങ്ങിയുമില്ല.

മാനേജർ—ഏതു വിദ്വാൻ അതു്?

ഏജൻറ്—നമ്മുടെ പത്രാധിപരുടെ വീട്ടിൽ ശുപാശ് ചെയ്യിക്കാനായിട്ട് കൂടക്കൂടെ വരുന്ന......അദ്ദേഹമാണ്.

മാനേജർ—ഓഹോ, അദ്ദേഹം എന്തുപറയുന്നു?

ഏജൻറ്—പത്രത്തിൽ നിറയെ മഠത്തരമാണ്, അതിന്നു് ചക്രം തരാൻ മനസ്സില്ല, പത്രവും ആവശ്യമില്ല എന്നാണ് അദ്ദേഹം ദേഷ്യപ്പെട്ടു പറഞ്ഞതു്.

മാനേജർ—അദ്ദേഹം അതും അതിലപ്പുറവും പറയും. ആൾ വലിയ ഒരു അക്കീസാണ്. ഇനി ഏതായാലും പത്രം കൊടുക്കേണ്ട.

ഈ സംഭാഷണം കഴിഞ്ഞു് ഏജൻറ് മുറിയിൽനിന്നു് പോയപ്പോൾ ആ "അക്കീസി"ൻെറ ഒരു ചുരുങ്ങിയ ചരിത്രം മാനേജർ വിവരിച്ചു് എന്നെ കേൾപ്പിക്കുകയുണ്ടായി. പത്രവരി ചോദിച്ചപ്പോൾ അതു് കൊടുക്കാതെ, പത്രം നിറയെ മഠത്തരമാണെന്നും പറഞ്ഞു് പത്രം മടക്കിയ ആ വിദ്വാൻ പ്രതിമാസം നല്ല ഒരു തുക ശമ്പളം



മി: എ. പ്രഭ, ബി. എ.

പററുന്ന ഒരു ഉദ്യോഗസ്ഥനാണ്. അദ്ദേഹം ഉദ്യോഗത്തിലായതും നല്ല ശമ്പളത്തിലായതും അദ്ദേഹം മടക്കി അയച്ച ആ പത്രത്തിൻേറയും അതിൻെറ അധിപരായ......അവർകളുടേയും ഉത്സാഹഫലമായിട്ടാണ്. ഇതു കേട്ട് ഞാൻ കുറഞ്ഞൊന്നു അത്ഭുതപ്പെടുന്നതു കണ്ടു് അതുപോലെ അവർക്കു നിത്യേനയുണ്ടായിക്കൊണ്ടിരിക്കുന്ന പല കഥകളും മാനേജർ വിവരിക്കുകയുണ്ടായി. അടുത്ത കാലത്തു് ജർമ്മനിയിൽ നടന്ന ഒരു കേസിൻെറ കാര്യമാണ് ഈ കഥകൾ കേട്ടപ്പോൾ എൻെറ ഓർമ്മയിൽ വന്നതു്. അതു് ഇവിടെ വിവരിക്കുന്നതു് രസാവഹമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ഒരു സ്വതന്ത്ര രാജ്യമായി പഴയ ചരിത്രത്തിൽ അറിയപ്പെടുന്നതും ഇപ്പോൾ ജർമ്മനിയുടെ ഒരു വിഭാഗവുമായ ബ്രൺസ്‌വിക്ക് സംസ്ഥാനത്തുള്ള വൂൾഫിൽബീയററിൽ എന്ന പട്ടണത്തിൽ ഒരു മുനിസിപ്പൽ ഉദ്യോഗസ്ഥനായ ഹേർ ബ്രൂണിങ്ങ്, ടേജിബിലിററ് എന്ന ഒരു ജർമ്മൻപ്രതിദിന പത്രത്തിൻെറ വരിക്കാരനായിരുന്നു. ആ പട്ടണത്തിൽ ആ പത്രത്തിൻെറ വിതരണവും വരിപ്പണപ്പിരിവും നടത്തിയിരുന്നതു് ഒരു സ്ത്രീയായിരുന്നു. ബ്രൂണിങ്ങ് വലിയ പത്രവായനക്കാരനാണെങ്കിലും മഹാ ലുബ്ധനായിരുന്നു. പത്രം പതിവായിക്കൊടുത്തു് ഒരു മാസം കഴിഞ്ഞു ആ മാസത്തെ വരിസംഖ്യയ്ക്കു ബില്ലുംകൊണ്ടു ചെന്നപ്പോൾ അടുത്ത ദിവസമാകട്ടെ എന്നു പറഞ്ഞയച്ചു. അടുത്ത ദിവസം ചെന്നപ്പോൾ പിന്നെ ഒരവധി പറഞ്ഞു. ഇങ്ങനെ ഒട്ടു വളരെനാൾ നടത്തിയിട്ടും പണം കൊടുക്കുകയുണ്ടായില്ല. ഒരു ദിവസം പണത്തിനു ചെന്നപ്പോൾ ആ പണപ്പിരിവുകാരി കേട്ട ഒരു സംഭാഷണമാണ് താഴെ ചേർക്കുന്നതു്.

ഭാര്യ—ആ പത്രത്തിൻെറ വരിസംഖ്യ ഇതേവരെ കൊടുത്തില്ലല്ലൊ. ആ പത്രക്കാരി ബില്ലുംകൊണ്ടു് എത്ര നാളായി ദിവസേന ഇവിടെ വരുന്നു.

ബ്രൂണിങ്ങ്—കൊടുത്തില്ല!. കൊടുക്കരുതോ? നീയല്ലേ വായനക്കാരി?

ഭാര്യ—ഞാനോ വായനക്കാരി! നിങ്ങൾ വായിച്ചു്, കുട്ടികൾ വായിച്ചു്, എത്രയോ പഴഞ്ചനായതിനു ശേഷമാണ് എൻെറ വായന. പണമാണെങ്കിൽ ഞാൻ എവിടെനിന്നു കൊടുക്കാനാണ്? നിങ്ങളല്ലയോ വെച്ചു പൂട്ടിക്കൊണ്ടുനടക്കുന്നതു്. ഏതായാലും മഹാ നാണക്കേടായി. ആ പത്രക്കാരി എന്തെല്ലാം പറയുന്നു. പത്രംകൊണ്ടുവരാൻ അഞ്ചുനിമിഷം താമസിച്ചാൽ നിങ്ങൾ എന്തു ബഹളം ഉണ്ടാക്കുന്നു. രണ്ടോ, നാലോ തുട്ടിൻെറ കാര്യം.

ബ്രൂണിങ്ങ്—നാളെവരട്ടെ. രശീതും കൊണ്ടുവരാൻ പറയണം. നാളെ തന്നെ കൊടുത്തേക്കാം.

ഭാര്യ—എത്രമാസങ്ങളായി ഇങ്ങനെ നാളെ നാളെ എന്നുപറയുന്നു. പത്രക്കാരിവരുമ്പോൾ പണംകൊടുക്കയുമില്ല, അവരേയും പത്രക്കാരേയും കണക്കിന്നു് ശകാരിച്ചു് വിടുകയും ചെയ്യുന്നു. നിങ്ങൾ എഴുതി അയച്ചു് ആവശ്യപ്പെട്ടിട്ടല്ലയോ പത്രം കൊണ്ടുവന്നു തരുന്നതു്. നിങ്ങളുടെ ഈ സ്വഭാവം കൊണ്ടു് അവരു് വല്ല ഏടാകൂടവും ഉണ്ടാക്കും. ആ പത്രക്കാരിയല്ലേ ബില്ലുമായി ആ നില്ക്കുന്നതു്. കീശയിൽ തന്നെ പണം കിടപ്പുണ്ടല്ലോ? അതു് കൊടുക്കരുതോ?

ബ്രൂണിങ്ങ്—നാളെയാകട്ടെ എന്നു പറഞ്ഞില്ലേ. നാളെതന്നെ, നീയും കൂടി എന്നെ ഓർമ്മിപ്പിച്ചേക്കണം. ഇന്നു് അവരോടു് പോകാൻ പറയണം.

ബ്രൂണിങ്ങിൻെറ ഭാര്യ പുറത്തുവന്നു പണപ്പിരിവുകാരിയോടു നല്ല വാക്കു പറഞ്ഞു അടുത്തദിവസം വരാൻ ചട്ടം കെട്ടി. അതനുസരിച്ചു് അവർ അടുത്ത ദിവസം ചെന്നു. പത്രക്കൊതിയനായ ബ്രൂണിങ്ങ് പത്രം കണ്ട മാത്ര

യിൽ കൈയ്നീട്ടി. ഉടനെ പത്രക്കാരി പത്രം അങ്ങു കൊടുത്തു. ബ്രൂണിങ്ങ് പത്രം വാങ്ങിയപ്പോൾ അതാ അതൊന്നിച്ച് വരിപ്പണത്തിനുള്ള പഴയ ബില്ലുംകൂടെയിരിക്കുന്നു. ഉടനെ പത്രം തുറന്നു നോക്കുകപോലും ചെയ്യാതെ ബില്ലോടുകൂടി ഒരേറ്. തുടങ്ങി ശകാരം. പത്രം നിറയെ മഠത്തരം. ആരു് ഇതിന്ന് പണംകൊടുക്കും. എന്നെല്ലാമായി. പത്രക്കാരി ഒരു സാധുസ്ത്രീയാണ്. പണത്തിനുവേണ്ടി ദിവസേന നടന്നിട്ടും അവൾക്ക് പരിഭവമോ ക്ഷമകേടോ ഉണ്ടായില്ല. പത്രം നിറയെ മഠത്തരമാണെന്ന് പറഞ്ഞതു് അവൾക്കു വലുതായ മനോവേദനയും ക്ഷോഭവും ഉണ്ടാക്കി. അവർ ഉടൻ പത്രവും ബില്ലും ബ്രൂണിങ്ങ് വലിച്ചെറിഞ്ഞിടത്തുനിന്ന് എടുക്കാതെ നേരെ വീട്ടിൽ ചെന്ന് വിവരം പത്രമാഫീസിലേക്കു ഫോൺചെയ്തു. പ്രതിദിനം ലക്ഷക്കണക്കിന്ന് പ്രതികൾ ചെലവാകുന്ന ഒരു വലിയ പത്രമാണ് ടേജ്ബിലിററ്. പത്രക്കാരിയുടെ റിപ്പോർട്ടുകിട്ടിയ മാത്രയിൽ മാനനഷ്ടത്തിനു കേസുകൊടുക്കുവാൻ ഹെഡാഫീസിൽനിന്ന് മറുപടിയും ലഭിച്ചു. അതനുസരിച്ചു നടന്ന കേസിൽ പ്രതിയായ ബ്രൂണിങ്ങിന്ന് പത്രം നിറയെ മഠത്തരമാണെന്നുള്ള തന്റെ പ്രസ്താവനയെ തെളിയിക്കാൻ സാധിച്ചില്ല. തന്മൂലം കോടതിയിൽ നിന്നും അയാൾക്കു നാലുമാസത്തെ തടവുശിക്ഷ നൽകുകയുണ്ടായി. ബ്രൂണിങ്ങിനെ ശിക്ഷിച്ചുകൊണ്ടു് ജഡ്ജി തന്റെ വിധിയിൽ ഒരു ഭാഗത്തു് ഇങ്ങനെ പറഞ്ഞിരിക്കുന്നു: "പ്രതിയുടെ പ്രസ്താവന വാദിക്കു മാത്രമല്ല, ആ പത്രത്തിനും അതിന്റെ പ്രവൎത്തകന്മാൎക്കും മാത്രമല്ല, പത്രലോകത്തിനു തന്നെ തികച്ചും ആക്ഷേപകരമായിട്ടുള്ളതാണ്. പത്രങ്ങൾ ഏററം മഹത്തരമായ ഒരു പൊതുജനോപകാരമാണ് നിർവഹിച്ചുവരുന്നതെന്നുള്ള സ്ഥിതിക്ക് അവയെ ഈ വിധത്തിൽ അവമാനിക്കാൻ ഒരിക്കലും ആരെയും അനുവദിച്ചുകൂടാത്തതാണ്."

# തൊഴിലാളികൾക്കും പാവങ്ങൾക്കുംവേണ്ടി

ഇംഗ്ലണ്ടിലേയും വെയിത്സിലേയും കത്തോലിക്കരായ 18 വൈദികാദ്ധ്യക്ഷന്മാർ—നാലു മെത്രാപ്പോലീത്താമാരും പതിമ്മൂന്നു മെത്രാന്മാരും ഒരു വൈക്കർ കാപ്പിററുലരും—ഒന്നുചേർന്നു സാമൂഹ്യപ്രശ്നത്തേപ്പററി ഈയിടെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള സംയുക്ത ഇടയലേഖനത്തിൽനിന്ന് ഒരു ഭാഗം:

വളരെക്കാലം സമസ്തലോകത്തിന്റേയുമല്ലെങ്കിൽ, യൂറോപ്പിന്റെ ശാപമായിരുന്നിട്ടുള്ള സാമൂഹ്യമായ അനീതി, ഈ തലമുറയിൽ ക്രൈസ്തവനാഗരികതയെ ഏതാണ്ടു വിനാശത്തിന്റെ വക്കുവരെ എത്തിച്ചുകഴിഞ്ഞിരിക്കുന്നു. ആധുനിക കാലങ്ങളിലെ വ്യവസായ സമ്പ്ര



പ്രസിദ്ധ നടനകലാവിദുഷിയായ
ശ്രീമതി സി. ആർ. സരസ്വതി, മയ്യനാട്

ദായത്തിന്റെ അസമത്വപരങ്ങളായ അവസ്ഥകളുടെ ഭവിഷ്യൽഫലത്തെ പതിമൂന്നാം ലെയോ മാർപാപ്പാ അമ്പതു കൊല്ലം മുമ്പു ദീർഘദർശനം ചെയ്തു. അനിയന്ത്രിതമായ മാത്സര്യത്തിന്റേയും ബയനററു മുനകളിന്മേൽ തങ്ങിനിറുത്തിയിരിക്കുന്ന ജനസമുദായത്തിന്റെ ആസന്നമായ വിനാശത്തിന്റേയും, ബഹുജനങ്ങൾ ലോകത്തിൽ അനുഭവിക്കുന്ന അടിമത്വത്തിന്റേയും വിപത്തിനേപ്പററി അവിടുന്നു തന്റെ തിരുവെഴുത്തുകൾ മുഖേന രാജ്യങ്ങൾക്കു മുന്നറിവുകൊടുത്തു. ധനം, ചുരുക്കം ചിലരുടെ കരങ്ങളിൽ ചെന്നൊതുങ്ങിയിരിക്കുന്നുവെന്നും, അനേകംപേർ 'അധഃസ്ഥിതരായി' കഴിയുന്നുവെന്നും അവിടുന്നു ചൂണ്ടിക്കാണിച്ചു. തൊഴിലാളി വർഗ്ഗങ്ങളെ 'അധഃസ്ഥിതർ' എന്നുപറയുമ്പോൾ, അവരെ ഒരുമാതിരി വെറും ഉല്പാദനയന്ത്രങ്ങളായിട്ടാണു സാധാരണ കണക്കാക്കുക. എന്നാൽ പതിമൂന്നാംലെയോ മാർപാപ്പായാകട്ടെ, അവർ യഥാർത്ഥത്തിൽ ആരാണെന്നു പ്രഖ്യാപനം ചെയ്തു. തങ്ങൾ അർഹിക്കുന്ന സൗഭാഗ്യത്തെ തൊഴിൽമുഖേന പ്രാപിക്കുവാൻ, ദൈവദൂതന്മാരേക്കാൾ സ്വല്പം താഴെയായി സൃഷ്ടിക്കപ്പെട്ടവരും അനശ്വരമായ ഒരു ജീവിതലക്ഷ്യത്തോടുകൂടിയ അനശ്വരാത്മാക്കളുമാണു അവരെന്നായിരുന്നു അവിടുത്തെ പ്രഖ്യാപനം. തങ്ങളുടെ താല്പര്യങ്ങളെ പരിരക്ഷിച്ചു തൊഴിൽശാലകളിലെ സ്ഥിതികൾ ശരിപ്പെടുത്തുന്നതിനും, പൂർണ്ണമായ ഒരു ജീവിതം നയിക്കാൻ തങ്ങൾക്കു അവലംബമായി നില്ക്കുന്ന ന്യായമായ കൂലിയുടെ കാര്യം ഉറപ്പിക്കുന്നതിനും വേണ്ടി തൊഴിലാളികൾക്കു സംഘങ്ങൾ രൂപീകരിക്കാനുള്ള അവകാശത്തേപ്പററി ആ മാർപാപ്പാ ശക്തിയായി വാദിച്ചു. ഒരു തൊഴിലാളിക്കു കൊടുക്കുന്ന കൂലി അയാളേയും അയാളുടെ കുടുംബത്തേയും ശരിയായ സുഖത്തിൽ സംരക്ഷിക്കുന്നതിനും, ആ കുടുംബത്തിന്റെ ശാരീരികവും സാന്മാർഗ്ഗികവും മാനസികവുമായ ക്ഷേമത്തെ സാധിക്കുന്നതിനും മതിയാകത്തക്കതായിരിക്കണമെന്നും അവിടുന്നു നിഷ്കർഷിച്ചു. മൂലധനസമ്പ്രദായമെന്നു പറയപ്പെടുന്നതിൽ അന്തർഭവിച്ചിരുന്ന അതിമോഹത്തിന്റേയും സ്വാർത്ഥത്തിന്റേയും ദോഷങ്ങളെ വ്യക്തമായി കണ്ടിട്ടു്, ആ തിരുമേനി, തൊഴിലാളികളുടെ ക്ഷേമം ചെറിയ ചെറിയ സ്വത്തുടമസ്ഥതയുടെ വിസ്തൃതമായ വികാസത്തിന്മേൽ അടിയുറപ്പിക്കണമെന്നു ഉൽബോധിപ്പിച്ചു. മഹാനായ തന്റെ പുരോഗാമി നൽകിയിരുന്ന മുന്നറിയി

പ്പിനേയും പ്രബോധനത്തേയും പതിനൊന്നാം പീയൂസ് മാർ പാപ്പാ തിരുമനസ്സുകൊണ്ടു വീണ്ടും വീണ്ടും ആവർത്തിച്ചു പറഞ്ഞു. ധനനിലവാരനിയന്ത്രണത്തിന്നിരയായിത്തീർന്നവരും, തൊഴിൽകിട്ടാതെയൊ, അന്യായമായ അവസ്ഥകളിൽജോലിചെയ്യാൻ നിർബ്ബന്ധിതരായൊ കഷ്ടപ്പെടുന്നവരുമായവേലക്കാർക്കും പാവങ്ങൾക്കുംവേണ്ടി അവിടുന്നു പുറപ്പെടുവിച്ച തിരുവെഴുത്തു വിശേഷിച്ചും പ്രസിദ്ധമാണല്ലൊ. ആ തിരുവെഴുത്തിൽ അവിടുന്നു പറയുന്നു: സ്വത്തുടമസ്ഥതയില്ലാത്ത കൂലിവേലക്കാരുടെ വമ്പിച്ച സംഖ്യ ഒരു വശത്തും, ചുരുക്കം ചില ഭാഗ്യവാന്മാരുടെ നിസ്സീമമായ സമ്പത്തുകൾ മറെറാരുവശത്തും കാണുന്നതു്, ഈ വ്യവസായയുഗത്തിൽ അത്ര സമൃദ്ധമായി ലഭിച്ചുകൊണ്ടിരിക്കുന്ന ലൗകികോല്പന്നങ്ങൾ ശരിയായി വിതരണം ചെയ്യപ്പെടുന്നില്ലെന്നും, ജനസമുദായത്തിലെ വിവിധ വർഗ്ഗങ്ങൾക്കു അവ ന്യായമായി അനുഭവപ്പെടുന്നില്ലെന്നും കാണിക്കുന്ന അനിഷേദ്ധ്യമായ ഒരു തെളിവാണു്. ആകയാൽ, ഭാവിയിലെങ്കിലും, വ്യവസായഫലങ്ങളുടെ ന്യായമായ ഒരോഹരിമാത്രം ധനവാന്മാരുടെ കൈയിൽ സ്ഥിതിചെയ്യുവാനും, തൊഴിലാളികൾക്കു വേണ്ടതു സമൃദ്ധമായി ലഭിക്കുവാനുംവേണ്ടി സകല ശ്രമങ്ങളും ചെയ്യേണ്ടിയിരിക്കുന്നു. ഇന്നത്തെ സാമൂഹ്യസ്ഥിതിക്കു നാം ഉത്തരവാദികളല്ല. മാർപാപ്പാമാരുടെ പ്രബോധനത്തെ പ്രഖ്യാപനം ചെയ്യുന്നതിനു നാം കുറേക്കൂടി ധൈര്യം കാണിക്കുകയും, നമുക്കു കഴിവുള്ള ചുരുങ്ങിയതോതിലെങ്കിലും ആ പ്രബോധനത്തെ അനുവർത്തിക്കുന്നതിനു കുറേക്കൂടി ഉത്സാഹം കാണിക്കുകയും ചെയ്തിരുന്നുവെങ്കിൽ, നമുക്കു ഈ സാമൂഹ്യസ്ഥിതിയെ മാററാനും അതിന്നായി രാജ്യമാസകലമുള്ള സഹൃദയരെ ഉത്തേജിപ്പിക്കാനും കൂടുതലായി സാധിക്കുമായിരുന്നു. പ്രസ്തുത സാമൂഹ്യസ്ഥിതിയുടേയും അതിനെ പിന്താങ്ങുന്നവരുടേയും നേക്കു നിരന്തരമായ വെറുപ്പുണ്ടായിക്കൊണ്ടിരിക്കത്തക്കവണ്ണം അതിന്റെ ന്യൂനതകളും അനീതികളും അത്രമാത്രം ഗൗരവതരങ്ങളാകുന്നു. കത്തോലിക്കാ സഭ വ്യവസായ മുതലാളിത്വത്തെ പിന്താങ്ങുന്നുവെന്നും, കത്തോലിക്കാ സഭ മാത്രമല്ലാ എല്ലാ മതസ്ഥാപനങ്ങളും അതിന്നു അനുകൂലികളാണെന്നും കമ്മ്യൂണിസ്ററുകാർകളും പറഞ്ഞു പരത്തുന്നുമുണ്ടു്. ക്ലേശഗ്രസ്തരായ അനേകം പാവങ്ങളെ തങ്ങളുടെ പക്ഷത്തേയ്ക്കും സമരസന്നദ്ധമായ നിരാശതയിലേയ്ക്കും ആനയിക്കാൻ അവർക്കു സാധിക്കുന്നതു ഈ മാർഗ്ഗത്തിലൂടെയാണു്. ആകയാൽ നിങ്ങളുടെ ഇടയന്മാരായ ഞങ്ങൾ, ഞങ്ങളുടെ പുരോഗാമികളുടെ—വിശേഷിച്ചും കർദ്ദിനാൾ മാനിങ്ങിന്റെ—പാരമ്പര്യത്തെ അനുകരിച്ചുകൊണ്ടു്, അനീതിക്കും പാവങ്ങളുടേയും വേലക്കാരുടേയും നേക്കു ചെയ്യപ്പെടുന്ന അക്രമത്തിന്നും നിസ്സഹായരോടു ചെയ്യപ്പെടുന്ന ചൂഷണത്തിന്നും എതിരായി ഞങ്ങളുടെ ഏകീകൃതശബ്ദത്തെ ഞങ്ങൾ പരസ്യമായി ഉയർത്തിക്കൊള്ളുന്നു. എന്നാൽ വ്യവസായികമൂലധന പ്രസ്ഥാനത്തിന്റെ ഇന്നത്തെ സമ്പ്രദായത്തിൽ അടങ്ങിയിരിക്കുന്ന അനീതികളെ പ്രതിഷേധിക്കുന്നതോടുകൂടി, നമ്മെ അഭിമുഖീകരിക്കുന്ന വിഷമാവസ്ഥയുടെ വിപത്തുകളെ വ്യക്തവും നിസ്തർക്കവുമായ വിധത്തിൽ ചൂണ്ടിക്കാണിക്കുന്നതിനും ഞങ്ങളുടെ ഇടയധർമ്മം ഞങ്ങളെ നിർബ്ബന്ധിക്കുന്നു.

—o—

# ചരിത്രം കരിക്കുന്നോ?

(കെ. ആർ. നാരായണൻ)

1091-ൽ ദേശാഭിമാനിയുടെ ഒരു മുഖപ്രസംഗം വഴിയാണു്, ക്ഷേത്രപ്രവേശനവാദം ഇവിടത്തെ പൊതുജനശ്രദ്ധയെ ആകർഷിച്ചതു്. ഈഴവരെ സംബന്ധിച്ചിടത്തോളം അവരുടെ ന്യായമായ എല്ലാ പ്രക്ഷോഭണങ്ങളുടേയും രഹസ്യ സൃഷ്ടി അണിയറയ്ക്കുള്ളിലിരുന്നു നടത്തിവരുന്ന ശ്രീമാൻ സി. വി. കുഞ്ഞുരാമന്റെ തൂലികത്തുമ്പു തന്നെയാണു് ഈ മുഖപ്രസംഗ ലേഖനവും സൃഷ്ടിച്ചതെന്നു് അതു പരസ്യം ചെയ്ത ആളിൽ നിന്നുതന്നെ എനിക്കറിയുവാനിടയായിട്ടുണ്ടു്. ഈ ലേഖനം അന്നത്തെ പത്രലോകത്തിൽ ഒരു വല്ലാത്ത "ഭൂകമ്പം" ഉണ്ടാക്കി. ആ ലേഖനം വായിച്ചുകൊണ്ടു ഒക്കാത്ത കാര്യമെന്നു പറഞ്ഞു പലരും ചിരിച്ചു. ഈഴവനു കൊടുക്കണം മുതുകത്തു കൊടുക്കണം എന്നു ചിലരെഴുതി. ചിലരുടെ അരിശം വമിക്കുന്ന പ്രസംഗങ്ങൾ, ശ്രീകൃഷ്ണന്റെ മർദ്ദനമേററ കാളിയന്റെ കരാളഗരളം പോലെ, പുറത്തുവന്നു. ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമേനിയുടെ തൂലികാഗ്രത്താൽ ഭരതവാക്യം ചമയ്ക്കപ്പെട്ടിരിക്കുന്ന ക്ഷേത്രപ്രവേശന നാടകത്തിന്റെ പ്രഥമാങ്കം ഇതായിരുന്നു. ബാലരാമവർമ്മ മഹാരാജാവു തിരുവിതാംകൂർ ഭരിച്ചിരുന്നപ്പോൾ വൈക്കത്തെ ഈഴവപ്രമാണികളായ "കരിവരമുഖനാം കരീപ്പണിക്കനും കരുവരസമനാം കുന്നേൽ ചേന്നിയും" കൂടി ഒരു സംഘം ഈഴവരെ നയിച്ചു വൈക്കം ക്ഷേത്രത്തിൽ കയറുവാൻ ശ്രമിച്ചതും, അവരെല്ലാം കുഞ്ചിക്കുട്ടി, കുതിരപ്പക്ഷി മുതലായവരുടെ നിഷ്ഠൂരഖഡ്ഗങ്ങൾക്കു് ഇരയായി വൈക്കം കിഴക്കേനടയിലുള്ള ദളവാകുളത്തിൽ നിത്യവിശ്രമം അനുഭവിക്കുന്നതും, ഈ പ്രഥമാങ്കത്തിനുവേണ്ടി വളരെ മുമ്പു വിരചിച്ച വീരരസ പ്രധാനമായ നാന്ദിശ്ലോകമായിരുന്നു. ഭാരതഭൂമിയിൽ ക്ഷേത്രപ്രവേശന വിത്തെടുത്തു് ആദ്യമായി കുത്തിയതു് ഈഴവരാണെന്നുള്ളതു് ആ സമുദായത്തിനു അഭിമാനകരംതന്നെയാണല്ലൊ. ഈ ചരിത്രസത്യങ്ങൾ മറന്നുകൊണ്ടോ മറച്ചുകൊണ്ടോ ഈയിടെ ചിലർ ചെയ്യുന്ന പ്രസംഗങ്ങൾ കേൾക്കുമ്പോൾ "സത്യമെന്നാലെന്തു്?" എന്ന ആ വിശ്വവിശ്രുതമായ ചോദ്യം ആവർത്തിച്ചു് ചോദിക്കുവാൻ തോന്നിപ്പോകുന്നു.

ക്ഷേത്രപ്രവേശന പ്രക്ഷോഭണത്തോടുള്ള സവർണ്ണ ഹിന്ദുക്കളുടെ എതിരു മനോഭാവം മാറിയതു് 1922-ൽ തിരുനൽവേലിയിൽ വച്ചു മി: ടി. കെ. മാധവൻ, ഗാന്ധിജിയെ കണ്ടു് ക്ഷേത്രപ്രവേശന സന്ദേശം വാങ്ങിയതിനു ശേഷമാകുന്നു. അന്നു ഗാന്ധിജി തന്നെയും പരിപൂർണ്ണമായ ക്ഷേത്രപ്രവേശനത്തിനു് അനുകൂലിയല്ലായിരുന്നു. അവർണ്ണഹിന്ദുക്കൾക്കു്, മററു അബ്രാഹ്മണഹിന്ദുക്കൾക്കു തുല്യമായി ക്ഷേത്രപ്രവേശനം കൊടുക്കണമെന്നായിരുന്നു അന്നു ഗാന്ധിജി അഭിപ്രായപ്പെട്ടതു്. 1924-ലെ ബൽഗാം കാൺഗ്രസിൽ വ

ച്ച ഈ അഭിപ്രായം മാററി സവ്വഹിന്തുക്കൾക്കും തുല്യമായി ക്ഷേത്രപ്രവേശനം കൊടുക്കണമെന്ന്, ഗാന്ധിജിതന്നെ അഭിപ്രായപ്പെട്ടു. 1926-ജനുവരി 2-ാംനു- സബർമതിയിൽ വച്ച് മി: മാധവനെ ഏല്പിച്ച രണ്ടാമത്തെ ക്ഷേത്രപ്രവേശന സന്ദേശത്തിൽ ഈ അഭിപ്രായം വളരെ വ്യക്തമായി വെളിവാക്കിയിട്ടുണ്ട്. ഇങ്ങനെ കാൺഗ്രസിൻെറയും, ഗാന്ധിജിയുടേയും അഭിപ്രായം ക്ഷേത്രപ്രവേശനത്തിനു അനുകൂലമായി മാറിയപ്പോൾ, സവണ്ണഹിന്തുക്കളുടേയും അഭിപ്രായ ഗതി മാറുവാൻ തുടങ്ങി. ആദ്യമാദ്യം എതിരെഴുതിയ സവണ്ണഹിന്തുപത്രങ്ങളെല്ലാം അഭിപ്രായങ്ങൾ മാറിയെഴുതുവാൻ തുടങ്ങി. വൈക്കം, തിരുവാർപ്പ്, കണ്ണംകുളങ്ങര, അമ്പലപ്പുഴ, ശുചീന്ദ്രം, മുതലായ സ്ഥലങ്ങളിലെ റോഡുകളിൽ ഈഴവരും മററും പ്രവേശിക്കുവാൻ പ്രക്ഷോഭണം നടത്തിയതു്. ക്ഷേത്രപ്രവേശനത്തിൻെറ വിജയത്തിനു വളരെ ഉപകരിച്ചിട്ടുണ്ട്. ദിവാൻ മി: കൃഷ്ണൻനായരുടെ കാലത്തു് മി: മാധവൻ ക്ഷേത്രപ്രവേശനം പ്രജാസഭയിൽ വാദിച്ചതും മി: രാഘവയ്യായുടെ കാലത്തു തടഞ്ഞതും മററും പ്രസിദ്ധമാണല്ലൊ. ക്ഷേത്രപ്രവേശനം പൊതു ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ച് അതിനു ഗാന്ധിജിയുടേയും കാൺഗ്രസിൻേറയും അനുഭാവവും ആനുകൂല്യവും ഉണ്ടാക്കി, വൈക്കം സത്യാഗ്രഹവും മററും അതിൻെറ താല്ക്കാലിക പ്രവത്തനമാഗ്ഗങ്ങളാക്കി, മുമ്പോട്ടുകൊണ്ടുവന്ന ക്ഷേത്രപ്രവേശന പ്രശ്നത്തിനു, ഭാരതരാഷ്ട്രത്തിൽ അതിഗൗരവമായ ഒരു നിലയുണ്ടാക്കിയ ആ കമ്മയോഗി ടി. കെ. മാധവൻ അവർകളെ ബഹുമാനംകൊണ്ടു വേലിയേററമുണ്ടാകുന്ന ഹൃദയത്തോടുകൂടിയല്ലാതെ ആക്കെങ്കിലും സ്മരിക്കുവാൻ കഴിയുമോ? മി: മാധവന്റെ ജീവിതത്തിലെ ഏകലക്ഷ്യം എല്ലാ ഹിന്തുക്കൾക്കും ക്ഷേത്രപ്രവേശനം സമ്പാദിക്കണമെന്നായിരുന്നു. അതു സമ്പൂണ്ണമായി സാധിക്കുന്നതിനു മുമ്പ്, വിജയത്തിൻെറ ചില ചെറുകിരണങ്ങൾ സമുദായചക്രവാളത്തിൽ വീശിക്കൊണ്ട്, അദ്ദേഹം കാലയവനികയ്ക്കുള്ളിൽ അന്തർദ്ധാനം ചെയ്തു. എങ്കിലും ആ ധീര ദേശാഭിമാനിയുടെ കോമള വിഗ്രഹം; നമ്മുടെ ഹൃദയ ക്ഷേത്രങ്ങളിൽ ആക്കും പൂജാർഹമായ വിധത്തിൽ പ്രതിഷ്ഠിച്ചിരിക്കുകയാണല്ലൊ.

---

# സാഹിതീസായുജ്യം

അഥവാ

## കവിയുടെകത്തു്

പ്രിയസ്നേഹിതാ—

നിങ്ങൾ ചോദിക്കുന്നു ഞാൻ ഈയിടെ കവിതയെഴുതാത്തതെന്താണെന്നു്. ഒരു നല്ല പരാതിതന്നെ. പക്ഷേ അതിൽ നിങ്ങൾക്കു ഒരു പിശക പററിപ്പോയി. ഞാൻ ഇതുവരെ എഴുതിയതെല്ലാം കവിതയാണെന്നാണോ നിങ്ങളുടെ സങ്കല്പം? ആണെങ്കിൽ അതിന് ഞാൻ നിങ്ങളെ കുററപ്പെടുത്തുന്നില്ല. അവ എഴുതിയ കാലത്തു് ഞാനും അങ്ങനെതന്നെ വിചാരിച്ചിരുന്നു. എന്നാൽ ഇപ്പോൾ അതബദ്ധമാണെന്നു തെളിഞ്ഞു. ഞാൻ എഴുതിയതൊന്നും തന്നെ യഥാൎത്ഥത്തിൽ കവിതയല്ല. കവിത എഴുതുക എന്നു പറയുന്നതുതന്നെ അബദ്ധം. അതു് ആസ്വദിക്കാൻ മാത്രമായിട്ടുള്ള ഒന്നാണു്. എഴുതാനുള്ളതല്ല. ഒരു ആയിരം സൂക്തികൾ ചൊല്ലിക്കോളു എൻെറ ഈ വാദത്തെ ഖണ്ഡിക്കാൻ. എന്നാലും ഞാൻ പറഞ്ഞതാണു ശരിയെന്നു നിങ്ങളെ നിഷ്പ്രയാസം മനസ്സിലാക്കാം.

നിങ്ങളുടെ എഴുത്തിനെ ആദരിച്ചു ഞാൻ ഇന്നലെ ഒരു കവിത (?) എഴുതാൻ ശ്രമിച്ചു. ഇന്നെലെവരെയുള്ള എൻെറ അഭിപ്രായമനുസരിച്ചു പറയുകയാണെങ്കിൽ അതു് ഒരൊന്നാന്തരം കവിതയുമായിരുന്നു. ഞാൻ എഴുതി:—

പുലർകാലംവന്നു വിരിഞ്ഞുപൂക്കൾ
കുളിർകാററുതട്ടി മണംപരന്നു.

ഈ വരികൾ സ്വയം ആസ്വദിക്കാനായി ഒന്ന് ഉറക്കെ പാടുകയും ചെയ്തു. അപ്പോൾ കേൾക്കാം ഒരു പൈങ്കിളിക്കൊഞ്ചൽ. ഞാൻ തിരിഞ്ഞുനോക്കി. അതുവരെ ഉറങ്ങിക്കിടന്നിരുന്ന എൻെറ കുഞ്ഞു് (അതിനെ നിങ്ങൾ അറിയും) വിരിഞ്ഞുവരുന്ന ഒരു റോസ്സാപ്പൂവുപോലെ പുഞ്ചിരിതൂകുന്നു. കൂട്ടിൽ തന്നെ ഇരിക്കുന്ന ഒരു കുയിൽ കുഞ്ഞിനെപ്പോലെ എന്തൊക്കെയോ കൊഞ്ചുന്നു. യഥാർത്ഥ കവിയുടെ സാക്ഷാൽകാരം! എൻെറ അന്തർദ്ദൃഷ്ടികൊണ്ടു് അതു് ഞാൻ കണ്ടു. ആസ്വദിച്ചു. ആനന്ദമടഞ്ഞു.

സ്നേഹിതാ, എൻെറ പദ്യം പിന്നെ ഞാൻ പൂരിപ്പിച്ചില്ല. അതിനു ഞാൻ ശ്രമിച്ചില്ല. അതെഴുതിയിരുന്ന കടലാസ് ഞാൻ കാൺകെ തന്നെ ഒരു കാററു പറത്തിക്കൊണ്ടുപോയി. ആ തൂലിക ഒരു കളിപ്പാട്ടമായി എൻെറ കുഞ്ഞു വാങ്ങിയിരിക്കയുമാണു്. അവൾ അതിൻെറ ഒററം ഉടൻതന്നെ കടിച്ചൊടിച്ചു കളഞ്ഞു. പക്ഷേ അതു സാരമില്ല. ആ ഒടിഞ്ഞ തൂലികകൊണ്ടു് എൻെറ ആത്മാവിൽ എത്രയെത്ര നിതാന്തസുന്ദരങ്ങളായ കവിതകളാണു് ആ പിഞ്ചുകരങ്ങൾ എഴുതിയതെന്നറിയാമോ? എൻെറ പുലർകാലമെവിടെ? എൻെറ കുളിർകാറെറവിടെ? ഈ അഭൌമമായ കവിതാസായൂജ്യമെവിടെ? അതിൻെറ സനാതനമാധുരിയുടെ മുമ്പിൽ ഞാൻപാടുന്ന ഏതുഗീതവും കക്കശമായിരിക്കും. ഏതുവാക്കും അൎത്ഥരഹിതമായിരിക്കും. ഏതലങ്കാരവും വിരൂപമായിരിക്കും. ഏതു വികാരവും ദുർബ്ബലമായിരിക്കും. പിന്നെ ഞാൻ കവിതയെഴുതുന്നതെങ്ങിനെ? ഇതുവരെ എഴുതിയതെല്ലാം കവിതയാണെന്നു വ്യാമോഹിക്കുന്നതെങ്ങിനെ? നിങ്ങൾക്കു തോന്നുന്നുണ്ടാവാം ഞാനിപ്പറഞ്ഞതെല്ലാം ഭ്രാന്താണെന്നു്. പക്ഷേ അതു സത്യമല്ല. ഞാൻ പറഞ്ഞതു പരമാർത്ഥമാണെന്നറിയണമെങ്കിൽ കവിയശ്ശഃപ്രാൎത്ഥിയായ ഒരു പിതാവിനോടു ചോദിക്കൂ. അദ്ദേഹത്തെ ഈ എഴുത്തും ഒന്നു വായിച്ചു കേൾപ്പിക്കൂ. അദ്ദേഹം എനിക്കു സാക്ഷിപറയും.

ഈ എഴുത്തു തന്നെ ഏകദേശം ഒരു നല്ല കവിതയാണല്ലോ എന്നു നിങ്ങൾ പറയുമായിരിക്കും. അത്രയ്ക്കുണ്ടു് നിങ്ങൾക്കെന്നോടുള്ള സ്നേഹം. പക്ഷേ ഒരു നിവത്തിയുണ്ടായിരുന്നെങ്കിൽ ഈ എഴുത്തു ഞാൻ എഴുതുകയില്ലായിരുന്നു. നിങ്ങൾ സമീപമെങ്ങാനുമുണ്ടായിരുന്നെങ്കിൽ നിങ്ങളെ അടുത്തു വിളിച്ചു് എൻെറ കുഞ്ഞിനെ ചൂണ്ടിക്കാണിക്കുക മാത്രമേ ഞാൻ ചെയ്യുമായിരുന്നുള്ളു. അപ്പോൾ തന്നെ നിങ്ങൾക്കു മനസ്സിലാകുമായിരുന്നു ഞാനെന്താണു് ഈയിടെയായി കവിതയെഴുതാത്തതെന്നു്. പ്രഭാതകാന്തിയിൽ മിന്നാമിനുങ്ങു പ്രകാശിക്കയില്ലെന്നു നിങ്ങൾക്കറിവുള്ളതിനാ

എനിക്ക് അതിൽക്കൂടുതൽ യാതൊന്നും നിങ്ങളോടു പറയേണ്ടതായും വരികയില്ലായിരുന്നു.

ഞാൻ ഈ പറഞ്ഞതെല്ലാം അബദ്ധമാണെന്ന് നിങ്ങൾക്ക് ഇപ്പോഴും തോന്നുന്നുണ്ടാവാം. ആകട്ടെ, വാദത്തിനുവേണ്ടി ഞാനും അതു സമ്മതിക്കാം. നിങ്ങളുടെ അഭിപ്രായം കവിത എന്നുള്ളതു് എഴുതത്തക്കതും ചൊല്ലത്തക്കതുമായ ഒന്നാണെന്നാണല്ലോ. പക്ഷേ ഞാനൊന്നു ചോദിച്ചുകൊള്ളട്ടെ? നിങ്ങൾ കുഞ്ഞുങ്ങൾ ചിരിക്കുന്നതു കണ്ടിട്ടുണ്ടോ?—ശിശുക്കൾ? ഉവ്വ്, ധാരാളം കണ്ടിരിക്കും. എന്നാൽ ചിരി ഒന്നു വർണ്ണിക്കൂ; ഏതെങ്കിലും ഭാഷയിൽ മതി. സ്നേഹിതാ, അപ്പോൾ നിങ്ങൾക്കു മനസ്സിലാകും യാതൊരു ഭാഷയിലും ഒരു ശിശുവിന്റെ ആനന്ദഹാസത്തെ വർണ്ണിക്കാനുള്ള വാക്കുകളില്ലെന്ന്. നമ്മുടെ മലയാളംതന്നെ പരിശോധിക്കാം. "മന്ദഹാസം", "പുഞ്ചിരി", "കൊഞ്ചൽ" ഇവയാണല്ലോ നമ്മുടെ ഭാഷയിൽ അതിനെ പററിയേക്കാൻ ഏററവും എളുപ്പമുള്ള മൂന്നു പദങ്ങൾ. എന്നാൽ അത്യാനന്ദത്തിൽ ലയിച്ചു ആത്മനിർവൃതിയോടുകൂടി നിഷ്കളങ്കമായി പുഞ്ചിരിതൂകുന്ന ഒരു പിഞ്ചു പൈതലിന്റെ മുഖത്തു നോക്കിക്കൊണ്ടു് "മന്ദഹാസം" എന്നു ഒരു പ്രാവശ്യം മന്ത്രിച്ചു നോക്കുക. നിങ്ങളുടെ മുമ്പിൽ കിടക്കുന്ന ആ കുഞ്ഞിന്റെ മുഖത്തു തുളുമ്പുന്ന ആ അലോകസാധാരണ സൌന്ദര്യത്തിനെ ആ വാക്ക് എത്രമാത്രം പ്രതിനിധീകരിക്കുമെന്ന് താരതമ്യപ്പെടുത്തി ആലോചിക്കുക. അതു കഴിഞ്ഞാൽ പിന്നെ നിങ്ങൾ മന്ദഹാസം എന്നുള്ള വാക്ക് എവിടേയും ഉപയോഗിക്കാൻ മടിക്കും. അതിന് അർത്ഥമില്ലെന്നുതന്നെ നിങ്ങൾക്കു തോന്നും. ഇതുതന്നെ "പുഞ്ചിരി"യുടേയും "കൊഞ്ചലി"ന്റേയും ഗതി. അതും പോകട്ടെ. ഈ വാക്കുകൾ അല്പം ദൃഢമായി ഒരു കടലാസിൽ എഴുതുക, എന്നിട്ടു് ആ എഴുത്തും ആ കുഞ്ഞിന്റെ മൃദുസ്മിത മുഖവും ഇടവിട്ടു നോക്കി താരതമ്യം ചെയ്യുക. എന്തൊരു അന്തരം! ആ സൌന്ദര്യത്തെ ചിത്രീകരിക്കുമെന്ന് ഉദ്ദേശിക്കപ്പെടുന്ന ആ വാക്കുകളിലെ ഓരോ ലിപികളുടേയും രൂപംതന്നെ നോക്കുക. എത്ര വികൃതം! "ഞ്ച" എന്നാണ് ഒരു ലിപി. വളഞ്ഞു പുളഞ്ഞു എത്ര വൈഷമ്യത്തിൽ എത്തിയിരിക്കുന്നു. ഇതു മാതിരി ലിപികൾ ചേർന്നുള്ള വാക്കുകൾ ഏതു തരത്തിലാണാവോ ഒരു ശിശുവിന്റെ നിസർഗ്ഗമോഹനമായ മന്ദഹാസത്തെ ചിത്രീകരിക്കുന്നതു്? വാസ്തവത്തിൽ അക്ഷരങ്ങളും ഭാഷകളും മനുഷ്യന്റെ നിർമ്മാണശക്തിയുടെ ദയനീയ പരാജയത്തെയാണു കാണിക്കുന്നതു്. അല്ലാതെ വിജയത്തെയല്ല! ഈ തരത്തിലുള്ള അക്ഷരങ്ങളും ഭാഷയുമുപയോഗിച്ചു എഴുതിയാൽ അതു് എങ്ങനെ ഏതു കാലത്താണു് യഥാർത്ഥ കവിതയാകുന്നതു്? ഒരിക്കലുമില്ല. ഇന്നുവരെ എഴുതിയിട്ടുള്ളതൊന്നും കവിതയല്ല. അവയെല്ലാം ഓരോരോ ഭാഷകളിൽ അതതിന്റെ ലിപികൾ മുഖേനയാണെഴുതിയിട്ടുള്ളതു്.

സത്യം പറയുകയാണെങ്കിൽ യഥാർത്ഥമായ കവിത പ്രകാശിപ്പിക്കുവാൻ ഒരു വിദ്യയും ഇതേവരെയും മനുഷ്യൻ കണ്ടുപിടിച്ചിട്ടില്ല. ഇനിയും കണ്ടുപിടിക്കുകയുമില്ല. വിശ്വമഹാ കാവ്യത്തിൽ പരാമൂകമായ ഒരു ശാശ്വത ഭാഷയിൽ അജ്ഞാതനായ ഏതോ ഒരു ആദികവി എഴുതിയിരിക്കുന്ന കവിതയല്ലാതെ മററു യാതൊരു കവിതയും ഇതുവരെയും മനുഷ്യവിരചിതമായിട്ടില്ല.

ഞാൻ ഈയിടെയായി കവിതയെഴുതുന്നില്ലെന്നുള്ള പരാതി ഇനിയെങ്കിലും പിൻവലിക്കണമെന്ന് അപേക്ഷിച്ചുകൊണ്ടു്

നിങ്ങളുടെ ഹൃദയസഖാവു്
പന്തളം കെ. പി. രാമൻപിള്ള

---

## വിൻഡ്സർ പ്രഭു

—o—

### സ്ഥാനത്യാഗം ചെയ്ത എഡ്വേർഡ് ചക്രവർത്തി

—:—

ഇപ്പോൾ വിൻഡ്സർപ്രഭു എന്ന പേരിൽ അറിയപ്പെടുന്ന സ്ഥാനത്യാഗം ചെയ്ത എഡ്വേർഡ്ചക്രവർത്തിയെ വാൻകോവെർ രാജ്യത്തെ രാജാവായും അദ്ദേഹം വിവാഹംചെയ്‌വാൻ പോകുന്ന മിസിസ് സിംസനെ അവിടത്തെ രാജ്ഞിയായും വാഴിക്കുന്നതിന് തദ്ദേശവാസികൾ ശ്രമിച്ചുവരുന്നതായി കാണുന്നു. വാൻകോവെർ കാനഡാരാജ്യത്തിൽ ഉൾപ്പെട്ടതും ശാന്തസമുദ്രത്തിലെ ഒരു വലിയ ദ്വീപുമാകുന്നു. ഇതിന് ഉദ്ദേശം 20000 ചതുരശ്രമൈൽ വിസ്തീർണ്ണതയുണ്ടു്. പെൻഷ്യൻകാരായ അനേകം ബ്രിട്ടീഷ്കാർ കുടിയേറിപാർത്തു വരുന്ന ഒരു രാജ്യമാണു് വാൻകോവെർ. വിൻഡ്സർപ്രഭു വെയിത്സ് രാജകുമാരനായിരുന്നകാലത്തു് മൂന്നുപ്രാവശ്യം ഈ ദ്വീപ് സന്ദർശിച്ചിട്ടുണ്ടു്. തദ്ദേശവാസികൾക്കു പ്രഭുവിനെപ്പററിയുള്ള മതിപ്പാണത്രെ അവരുടെ ഇപ്പോഴത്തെ ശ്രമത്തിന് കാരണം.

---


# കായിലോൺ ബാങ്ക്, ക്ലിപ്തം

(തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്തതു്)

| | | |
|---|---|---|
| അധികൃതവും വാഗ്ദത്തം ചെയ്തതും ആയ മൂലധനം | രൂപ | 25,00,000 |
| പിരിഞ്ഞ മൂലധനവും കരുതൽ ധനവും | ,, | 13,00,000 |
| പ്രവർത്തന മൂലധനം | ,, | 130,00,000 |

## എല്ലാവിധബാങ്കിങ്ങ് പ്രവർത്തനങ്ങളും നടത്തിവരുന്നു

സേവിങ്സ്, കറൻറ്, സ്ഥിരം, ക്യാഷ്സർട്ടിഫിക്കററ് ഈ ഇനങ്ങളിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.

തക്കതായ ഈടിന്മേൽ കുറഞ്ഞ പലിശയ്ക്കു് വായ്പ കൊടുക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് കൊല്ലം ഹെഡാഫീസിലൊ, താഴെ കാണുന്ന ബ്രാഞ്ചാഫീസുകളിലൊ അന്വേഷിക്കുക

| | | | |
|---|---|---|---|
| ആലപ്പുഴ | എറണാകുളം | മദ്രാസ് | തെങ്കാശി |
| ആലുവാ | ഈറോഡ് | മധുര | തിരുനൽവേലി JN. |
| ബാംഗ്ളൂർ(Cantt) | ഹൈദ്രബാദ് Dn. | മൌണ്ട്റോഡ് | തിരുനൽവേലി T N. |
| ബാംഗ്ളൂർ (City) | ജാഫ്നാ | മൈസൂർ | തൃശിനാപ്പള്ളി |
| ചിറയിൻകീഴ് | കാൻഡി | നാഗർകോവിൽ | തിരുവനന്തപുരം |
| കൊച്ചി | കാരക്കുടി | റോയപേട്ട | തൂത്തുക്കുടി |
| കൊയമ്പത്തൂർ | കായംകുളം | സെക്കണ്ടറബാദ് | വെല്ലൂർ |
| കുന്നൂർ | കോട്ടയം | ചേർത്തല | രാജപാളയം |

# പത്രാധിപക്കുള്ള കത്തുകൾ

## ഇറിഗേഷൻ പ്രവൎത്തനങ്ങൾ

കൃഷികോദ്ധാരണം, സാമ്പത്തികാധഃപതനത്തിനു നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പരിഹാരമാൎഗ്ഗങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാകുന്നു. ശരിയായി കൃഷി നടത്താനുള്ള അസൌകൎയ്യംമൂലം വിളവുകൾ വളരെ കുറഞ്ഞിരിക്കുന്നു. ഉല്പന്നങ്ങൾക്കു മതിയായ വിലയുമില്ല. കൃഷിവായ്പ, കരമിളവു മുതലായ രൂപത്തിൽ ഗവൺമെൻറു ഇടക്കാലങ്ങളിൽ കൃഷകരെ ധനപരമായി സഹായിക്കാൻ തുടങ്ങിയിട്ടുണ്ട്. ഈ സഹായവും അവരുടെ രക്ഷയ്ക്കു വേണ്ടവിധം പൎയ്യാപ്തമല്ലെന്നു കണ്ടിട്ടാണു മൂന്നു നാലു സംവത്സരങ്ങൾമുമ്പ് നമ്മുടെ കരുണാനിധിയായ മഹാരാജാവു തിരുമനസ്സുകൊണ്ടു, 'ഇഞ്ചിനീയറിങ്ങ്' തുറയിൽ തന്നെ, 'ഇറിഗേഷൻ' ഡിപ്പാർട്ടുമെന്റു ആരംഭിച്ചതു്. ഈ ഉദ്യമം സർവത്ര അഭിലഷണീയമായ ഒന്നുതന്നെയാണ്. പക്ഷെ, അതിൻെറ പ്രവൎത്തനം തീരെ മന്ദഗതിയിലായിക്കാണുന്നതു അത്യന്തം ശോചനീയമായിരിക്കുന്നു. ഈ മന്ദഗതിക്കു റവന്യൂ ഡിപ്പാർട്ടുമെൻറുകാരും ഉത്തരവാദികളാണെന്നു പറയാതിരിക്കാൻ തരമില്ല. പൊന്നുംവിലകൊടുത്തു സ്ഥലം കൈവശപ്പെടുത്തിക്കൊടുക്കുന്നതിൽ അവർ കാണിക്കുന്ന ഔദാസീന്യം ഒട്ടും ചില്ലറയല്ല. നിൎദ്ധനരായി, നക്ഷത്രം എണ്ണി കഴിഞ്ഞുകൂടുന്ന ബഹുസഹസ്രം കൃഷകരുടെ മോചനത്തെ ലാക്കാക്കി വമ്പിച്ച തുക ശമ്പളം ഇനത്തിൽ മുടക്കി നടത്തപ്പെടുന്ന 'ഇറിഗേഷൻ'ഡിപ്പാർട്ടുമെൻറിൻെറ താല്ക്കാലിക നടപടികളെപ്പററി ഏതാനും സംഗതികൾ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

കഴിഞ്ഞ രണ്ടുമൂന്നു കൊല്ലങ്ങളിലായി ജലസേചനം മുതലായ വകയ്ക്കു ഇറിഗേഷൻഡിപ്പാർട്ടുമെൻറിൽനിന്നും 50 ലക്ഷത്തോളം രൂപയ്ക്കു വേലകൾ നിർദ്ദേശിച്ചു, അടങ്കലുകൾ സമൎപ്പിച്ചിട്ടുണ്ട്. അവയിൽ ഏറിയക്രമം ഗവൺമെൻറനുവാദം സിദ്ധിച്ചിട്ടുള്ളവയുമാണ്. മിക്ക വേലകൾക്കും അപ്പോഴപ്പോൾ 'ബഡ്ജററിൽ' തുകകൊള്ളിച്ചിട്ടുമുണ്ട്. എന്നാൽ പ്രസ്തുതവേലകൾ യഥാവസരം നടക്കാതെ ആ വക തുകകൾ 'ലാപ്സായി' പോകുന്നതായിട്ടാണു കണ്ടുവരുന്നതു്. സാമ്പത്തികാധഃപതനം മൂൎദ്ധന്യാവസ്ഥയെ പ്രാപിച്ചിരിക്കുന്ന ഇക്കാലത്തു അവശ്യം ആവശ്യകമായ ഈ വിധം ജോലികൾ നടത്താതെ വിട്ടുകളയുന്നതു് അക്ഷന്തവ്യമായ ഒരു അപരാധം തന്നെ ആകുന്നു. ആവശ്യപ്പെടുന്ന സ്ഥലം വലിയ താമസംകൂടാതെ പൊന്നുംവിലകൊടുത്തു കൈവശപ്പെടുത്തി കൊടുക്കുന്നതിൽ 'റവന്യൂ'ഡിപ്പാർട്ടുമെൻറും, വേല പെട്ടെന്നു നടത്തുന്നതിൽ 'ഇറിഗേഷൻ'ഡിപ്പാർട്ടുമെൻറും ശുഷ്കാന്തി പ്രദൎശിപ്പിക്കാത്തതു ഗവൺമെൻറിൻെറ സമാരംഭത്തിനു അനുയോജ്യമായിരിക്കുന്നില്ല എന്നുള്ള വസ്തുത പ്രത്യേകം പറയേണ്ടതില്ലല്ലൊ. ഈ അനാസ്ഥമൂലം വലയുന്നതു് പാവപ്പെട്ട കൃഷീവലന്മാരാണ്. വിസ്താരമേറിയ പാടങ്ങളിൽ ജലസേചന സൗകൎയ്യങ്ങളും മററും ഉണ്ടാക്കികൊടുത്താൽ ഈ കാലഘട്ടത്തിൽ കൃഷകൎക്കുണ്ടാകുന്ന ആശ്വാസം അളവററതത്രേ.

ഒരാണ്ടിൽ ഒരു പ്രത്യേക ജോലിക്കായി ബഡ്ജററിൽ കൊള്ളിക്കുന്ന തുക ആ വേല നടക്കാതെ പോയാൽ അടുത്ത വൎഷത്തിലെ ബഡ്ജററിൽ കാണാതെ വരുന്നു. വേല അത്യാവശ്യമായിട്ടുള്ളതു്; മുടക്കമോ പരിതാപകരം; വീണ്ടും ആ തുകയും നിശ്ചിതജോലിയും ബഡ്ജററിൽനിന്നും അന്തൎദ്ധാനം ചെയ്യുകയും കൂടി ആയാൽ എന്താണു പറയുന്നതു്? ഇപ്പോഴത്തേ റവന്യൂസ്റ്റാഫിനു ജോലിത്തിരക്കു കൂടുതലാണെങ്കിൽ, ഇറിഗേഷൻ തുറയുടെ സഹകരണത്തിനായി ഒരു പ്രത്യേക സ്റ്റാഫിനെ നിയമിച്ചാലും തരക്കേടില്ല.

സകല ഗവൺമെൻറുകളുടേയും അവഗാഢമായ ശ്രദ്ധ കൃഷകോന്നമനത്തിൽ കേന്ദ്രീഭവിച്ചിരിക്കുന്ന ഇക്കാലത്തു അൎത്ഥശാസ്ത്രവിശാരദനും, കൃഷകമിത്രവും ദീൎഘദൎശിയുമായ സചിവോത്തമൻ സർ സി. പി. രാമസ്വാമിഅയ്യർ അവർകളുടെ ഗവൺമെൻറു ഇവിടെ നാമമാത്രമായിരിക്കുന്ന കൃഷിഡിപ്പാർട്ടുമെൻറിൻെറ അഭിമാനസംരക്ഷണത്തിനും കൂടി ഉതകുന്ന ഈ സംഗതിയിൽ ഉടനടി വേണ്ടതു പ്രവൎത്തിച്ചു കൃഷകലോകത്തിനു ആശ്വാസം അരുളുമെന്നു വിശ്വസിക്കുന്നു.

ഒരു കൃഷകൻ

* ഈ കുറിപ്പുകളിൽ കാണുന്ന മാതിരി പ്രാദേശികാവശ്യങ്ങളേയും മററും അടിസ്ഥാനപ്പെടുത്തിയുള്ള ചെറു ലേഖനങ്ങൾ ഈ പംക്തിയിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.


# തിരുവിതാംകൂർ നാഷണൽ ബാങ്ക്, ക്ലിപ്തം

ഹെഡ് ആഫീസ് : ആലപ്പുഴ

(1912-ൽ തിരുവിതാംകൂറിൽ രജിസ്റ്റർ ചെയ്യപ്പെട്ടതു്)

| | | | | |
|---|---|---|---|---|
| പിരിഞ്ഞ മൂലധനവും കരുതൽ ധനവും | 31-12-1936 | രൂപാ | 14,11,000 |
| നിക്ഷേപങ്ങൾ | .... .... .... | ,, | 1,17,00,000 |
| ആകെ റിസോഴ്സസ് | .... .... .... | ,, | 2,12,00,000 |

ലണ്ടനിലെ ഏജൻറന്മാർ—ദി വെസ്റ്റ് മിൻസ്റ്റർ ബാങ്ക്, ലിമിററഡ്

ശാഖകൾ

| | | | |
|---|---|---|---|
| ആലപ്പുഴ | എറണാകുളം | മംഗലാപുരം | ശ്രീരംഗം |
| ആലുവാ | കാരായ്ക്കുടി | മെർകാറാ | തലശേരി |
| ബാംഗ്ളൂർ | കോട്ടയം | മൂന്നാർ | തിരുവല്ല |
| ബോംബെ | കുംഭകോണം | നാഗരുകോവിൽ | തിരുപ്പൂർ |
| കോഴിക്കോട് | | ഉട്ടക്കമണ്ഡ് | തിരുനൽവേലി |
| ചങ്ങനാശേരി | മദ്രാസ്:— | പാലക്കാട്ട് | തൃശിനാപ്പള്ളി |
| കൊച്ചി | 1. ബ്രാഡ്വേ | പറവൂർ | തൃശ്ശൂർ |
| കൊയമ്പത്തൂർ | 2. മൗണ്ട്റോഡ് | പെരുമ്പാവൂർ | തൃപ്പൂണിത്തുറ |
| കുന്നൂർ | 3. മൈലപ്പൂർ | പൊള്ളാച്ചി | തിരുവനന്തപുരം |
| കൊളമ്പ് | 4. വെപ്പറി | പുതുക്കോട്ട | തൂത്തുക്കുടി |
| ദേവികുളം | മധുര | കൊല്ലം | ഉഡുമൽപെട്ടി |
| ഡിൻഡിഗൽ | മാൎത്താണ്ഡം | സേലം | വിരുദുനഗർ |

ഉത്തരേന്ത്യയിലെങ്ങും ഏജൻസികൾ, ബാങ്കിങ്ങ് സംബന്ധിച്ച എല്ലാ പ്രവൎത്തനങ്ങളും നടത്തപ്പെടും

കെ. സി. ഈപ്പൻ, ബി. എ.

മാനേജിങ്ങ് ഡയറക്ടർ

## വിഷയ വിവരം


1. ശാസ്താവ്: ചരിത്രാവലോകനം
2. അത് എന്നെ ഓർമ്മിപ്പിക്കുന്നത്
3. തൊഴിലാളികൾക്കും....വേണ്ടി
4. ചരിത്രം കരിക്കുന്നോ?
5. സാഹിതീസായുജ്യം: കവിയുടെകത്ത്
6. ഇറിഗേഷൻപ്രവർത്തനങ്ങൾ
7. മുഖപ്രസംഗങ്ങൾ
   i. ഗവർമ്മെണ്ടിന്റെ വ്യവസായനയം
   ii. അടുത്ത തെരഞ്ഞെടുപ്പ്
   iii. രാഷ്ട്രീയ കക്ഷികൾ
   iv. പുതിയ മജിസ്ട്രേട്ടന്മാർ
   v. ഗ്രാമപ്പഞ്ചായത്ത്
   vi. മഹാകവി കട്ടക്കയം
   vii. സ്വന്തം കാര്യം
8. ദരിദ്രവിദ്യാഭ്യാസം
9. കലയും കലാകാരനും
10. പ്രേമാങ്കുരം (പദ്യം)
11. ജീവിതശുദ്ധി (പദ്യം)
12. ജോസഫ് സ്റ്റാലിൻ ആര്?
13. ലെനിൻ
14. ശാന്ത (ചെറുകഥ)
15. ചിരിയും ചിന്തയും



THE KERALA KAUMUDI

VOL. 28 NO. 6






പുസ്തകം 28 നമ്പർ 6

1112 മകരം 25 ഞായർ


## ഗവർമ്മെന്റിന്റെ വ്യവസായനയം

—:—

സർ സി. പി. തിരുവിതാംകൂർ ദിവാൻ ആയതിനുശേഷം ഇനിയും ഒരു ആറുമാസംപോലും തികഞ്ഞിട്ടില്ല. ഇതിനിടയിൽ എന്തെല്ലാം പരിവർത്തനങ്ങളാണ് ഭരണകാര്യങ്ങളിൽ അദ്ദേഹത്തിന്റെ വിദഗ്ദ്ധോപദേശം കൊണ്ടായാലും അല്ലെങ്കിലും ഉണ്ടായിട്ടുള്ളതെന്നോക്കുമ്പോൾ അത്ഭുതം തോന്നാതിരിക്കയില്ല. സഹസ്രാബ്ദങ്ങളായി നിലനിന്ന ദുരനാചാരത്തെ ധ്വംസിച്ചുകൊണ്ടുള്ള ക്ഷേത്രപ്രവേശനവിളംബരം ഒന്നുതന്നെ അദ്ദേഹത്തിന്റെ സുവർണ്ണസ്മാരകമായി അവശേഷിക്കുമെങ്കിലും, അദ്ദേഹം പറയുന്നത് ഇതെല്ലാം ഇനി വരാനിരിക്കുന്ന ഭരണപരിഷ്കാരങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ നിസ്സാരങ്ങളാണെന്നാകുന്നു. ഈ പരിഷ്കാരങ്ങൾ എന്തുതന്നെയായാലും അദ്ദേഹത്തിന്റെ ഇതുവരെയുള്ള പ്രസംഗങ്ങളിൽനിന്ന് തിരുവിതാംകൂറിന്റെ വ്യവസായീകരണം അദ്ദേഹത്തിന്റെ ഗാഢമായ ശ്രദ്ധയെ ആകർഷിച്ചിട്ടുള്ള ഒരു വിഷയമാണെന്ന് വ്യക്തമായിട്ടുണ്ട്. അതിപുരാതനകാലംമുതല്ക്കേ വിദേശ്യവണിഗ്വരന്മാരെ ആകർഷിക്കത്തക്കവണ്ണം വിഭവസമൃദ്ധമായ ഒരു ഭൂഭാഗമാണ് നമ്മുടെ നാട്. പ്രകൃതിജന്യങ്ങളായി നിരവധി ഉല്പന്നങ്ങൾ സുലഭമായ ഈ രാജ്യത്ത് വിശദമായ ഒരു വാണിജ്യ നയത്തിന്റെ അഭാവം മാത്രമേ ഇതുവരെ ഉണ്ടായിരുന്നിട്ടുള്ളു. മദ്രാസ് ഗവർമ്മെന്റിനേയും ഇൻഡ്യാ ഗവർമ്മെന്റിനേയും വിശ്വാസപൂർവ്വം സേവിച്ച കർമ്മസചിവന്മാരിൽ അഗ്രഗണ്യനായ ഈ രാജ്യതന്ത്രകുശലന് തിരുവിതാംകൂർപോലെ വെറും ഏഴായിരം ചതുരശ്രമൈൽ മാത്രം വിസ്തീർണ്ണമുള്ള ഒരു നാട്ടുരാജ്യത്തിന്റെ വ്യവസായീകരണം അത്യന്തം ലഘുവും ക്ഷിപ്രസാദ്ധ്യവുമായ ഒരു കാര്യംമാത്രമാകുന്നു. ആലപ്പുഴ വാണിജ്യ മണ്ഡലം അദ്ദേഹത്തെ അനുമോദിച്ച അവസരത്തിൽ അദ്ദേഹം നൽകിയ മറുപടിയിൽനിന്ന് ഗവർമ്മെന്റിന്റെ വ്യവസായനയം ഏറെക്കുറെ ഊഹിക്കാവുന്നതാണ്. തിരുവിതാംകൂറിനെപോലെയുള്ള ഒരു കർഷക രാജ്യത്ത്, വ്യവസായത്തെ സംബന്ധിച്ചിടത്തോളം, മൂലധനം ലജ്ജിച്ചു പിൻവാങ്ങാതെയിരിക്കയില്ലെന്നും, പുറരാജ്യങ്ങളിൽനിന്ന് പണം ധാരാളമായി വന്നുചേർന്നല്ലാതെ വലിയതോതിലുള്ള വ്യവസായീകരണം സാദ്ധ്യമല്ലെന്നും ഉള്ള അദ്ദേഹത്തിന്റെ അഭിപ്രായം വളരെ സാരമായിട്ടുള്ള ഒന്നാകുന്നു. സാമ്പൂൺ കമ്പനിയേയും മററും ഇന്നാട്ടിൽ ക്ഷണിച്ചുവരുത്തുന്നതിന് അദ്ദേഹം കണ്ടിട്ടുള്ള സമാധാനം അതാകുന്നു. തിരുവിതാംകൂർ റബ്ബർഫാക്ടറി തന്നെയും മൂലധനം വേണ്ടുവോളം വിനിയോഗിച്ച് ആ വ്യവസായത്തെ പുഷ്കലമാക്കാൻ പ്രാപ്തനായ ഒരു വ്യക്തിക്കു വിട്ടുകൊടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതും മററൊന്നുമല്ല. പഞ്ചസാരക്കമ്പനി അനവധി ലക്ഷംരൂപ നേരിട്ടുമുടക്കിയിട്ടും ശരിയായി പ്രവർത്തിക്കുന്നില്ലെന്നു കണ്ട് ഇപ്പോൾ, ഗവർമ്മെൻറുതന്നെ പരിപൂർണ്ണമായ ഉത്തരവാദിത്വത്തിൽ ഏറെറടുത്തിരിക്കുന്നതും അത് മൂലധനം സ്വേച്ഛപോലെ വിനിയോഗിക്കാൻ ശക്തമായ വ്യക്തികൾക്കു വിട്ടുകൊടുക്കാൻ തന്നെയായിരിക്കുമെന്നാണ് ഞങ്ങളുടെ പ്രതീക്ഷ. എന്തായാലും വ്യാവസായികമായ ഒരു സുവർണ്ണകവാടത്തിന്റെ ഉൽഘാടനം അടുത്ത ഭാവിയിൽതന്നെ തിരുവിതാംകൂറിൽ സംദൃഷ്ടമാകുമെന്നുള്ളതിന്റെ പല സൂചനകളും ദിവാൻ സർ സി. പി. യുടെ പ്രസംഗങ്ങളിൽ ഞങ്ങൾ കാണാതിരിക്കുന്നില്ല. പള്ളിവാസൽ പദ്ധതി പ്രവൃത്തിപഥത്തിലെത്തി ലഘുവായ വിലയ്ക്ക് വൈദ്യുതശക്തി സിദ്ധിക്കുകയും, തിരുവിതാംകൂർ വാണിജ്യലോകത്ത് അഭ്യസൂയാജനകമായ ഒരു സ്ഥാനം സമ്പാദിക്കുകയും ചെയ്യുന്ന സുവർണ്ണകാലം ഞങ്ങൾ ഉൽകണ്ഠയോടെ പ്രതീക്ഷിക്കുന്നു.

—o—

## അടുത്ത തിരഞ്ഞെടുപ്പ്

അടുത്ത നിയമസഭയ്ക്ക് നോമിനേഷൻ പേപ്പർ വരണാധികാരികളുടെ മുമ്പാകെ സമർപ്പിക്കേണ്ട അവധി മീനം 23-ാം തീയതിയോ അതിനടുപ്പിച്ചോ ആയിരിക്കുമെന്നറിയുന്നു. സ്ഥാനാർത്ഥികളായി നില്ക്കുന്നു എന്നു വിജ്ഞാപനങ്ങൾ പ്രസിദ്ധംചെയ്തു പ്രചരണവേല നടത്തിക്കൊണ്ടിരിക്കുന്നവരും വോട്ടു ക്യാൻവാസ് ചെയ്തുകൊണ്ടിരിക്കുന്നവരും വളരെപ്പേരുണ്ട്. ആകെ നാല്പത്തിമൂന്നു പൊതുനിയോജകമണ്ഡല സീററുകൾ ഉള്ളവയിൽ, പതിന്നാലു സീററുകൾ ഈഴവർ, മുസ്ലീങ്ങൾ, ലത്തീൻ കത്തോലിക്കർ എന്നീ മൂന്നു സമുദായങ്ങൾക്കായി റിസർവ്വ് ചെയ്തുപോയത് കഴിച്ച് ബാക്കിയുള്ള 29 സീററുകളിൽ ഏതേതു സമുദായക്കാർക്ക് എത്രയെത്ര സീററുകൾ കരസ്ഥമാക്കാമെന്നുള്ള ആലോചനസമുദായങ്ങളും, തങ്ങൾക്ക് തിരഞ്ഞെടുപ്പിനു നിന്നാലുള്ള ജയാപജയങ്ങൾ എങ്ങിനെയിരിക്കുമെന്നു സ്ഥാനാർത്ഥികളും ആലോചിക്കുന്ന തിരക്കാണിപ്പോൾ നാട്ടിൽ നടക്കുന്നത്. അതിനിടയിൽ സംയുക്തരാഷ്ട്രീയകാൺഗ്രസ്സുകാർ എത്ര സീററുകൾ തങ്ങൾക്കു

കരസ്ഥമാക്കാമെന്നും, കർഷകസംഘക്കാർഅവക്ക് എത്ര സീററുകൾ കരസ്ഥമാക്കാമെന്നും ഉള്ള ആലോചനയും നടത്താതിരിക്കുന്നില്ല. കർഷകസംഘം ജാതിമതഭിന്നതകളെ വകവെയ്ക്കുന്നില്ല. ആ സംഘത്തിന്റെ ശാഖകൾ പലയിടത്തും ഉറപ്പിച്ചുകൊണ്ടു വരുന്നുമുണ്ട്. കർഷകർക്കുമാത്രം വോട്ടുള്ള ഒരു നാട്ടിൽ കർഷകസംഘം എന്നൊരുസംഘത്തിന്റെ ആവശ്യം പ്രത്യേകം ഉണ്ടോ എന്നറിഞ്ഞില്ല. ജാതിമതഭിന്നതകളിൽ നിന്നയന്ന് വ്യക്തമായ കാര്യപരിപാടിയോടുകൂടിയ രാഷ്ട്രീയ സംഘടനകൾ ഉണ്ടാകേണ്ടതു നാട്ടിന്റെ രക്ഷയ്ക്കു ആവശ്യമാണെന്നു സമ്മതിച്ചേ കഴിയൂ. വർഗ്ഗീയപ്രാതിനിധ്യവാദികൾ എന്നു പേർപറഞ്ഞുവരുന്ന സമുദായക്കാർ വാസ്തവത്തിൽ വാദിക്കുന്നതു് "വർഗ്ഗീയനീതി"ക്കുവേണ്ടിയാകുന്നു. ആ നീതി നടപ്പിൽവരുന്നതുവരെ ആരെന്തുപേരിട്ടാലും വർഗ്ഗീയപ്രാതിനിധ്യവാദം ഉപേക്ഷിക്കുവാൻ ഈഴവരോ, മുസ്ലീങ്ങളോ, ലത്തീൻകത്തോലിക്കരോ, അവരോടു യോജിച്ച രാഷ്ട്രീയകാര്യങ്ങളിൽ പ്രവർത്തിച്ചുവരുന്ന മററു ക്രിസ്ത്യാനികളോ ഒരുങ്ങുമെന്നു ഞങ്ങൾക്കു തോന്നുന്നില്ല. ഈ സമുദായങ്ങളിൽ നിന്നു തന്നെയും ലോകം നല്ലവണ്ണം കണ്ടറിഞ്ഞിട്ടില്ലാത്ത ചില ആദർശവാദികളായ യുവാക്കന്മാർ ജാതിമതചിന്തയൊന്നും ഇല്ലാത്തതെന്നു ഭാവിക്കുന്ന സംഘടനകളിൽ ചേർന്നു എന്നുവരാം. കുറെ കഴിയുമ്പോൾ ആദർശവാദി നായകന്മാരുടെ അകത്തിരിക്കുന്നതു് വെറും വർഗ്ഗീയതമാണെന്നു മനസ്സിലാക്കി പരാജിതപൌരുഷരായി അവർ തിരികെ വരുന്നതാണ്. സാമുദായിക നീതി എത്രവേഗത്തിൽ നടപ്പിൽ വരുത്തുവാൻ കഴിയുമോ അത്ര വേഗത്തിൽ തിരുവിതാംകൂറിൽ വർഗ്ഗീയവാദത്തിനു അവസാനംവന്നു് രാഷ്ട്രീയവാദപ്രഭാതം ആവിർഭവിക്കുന്നതാണ്.

---

## രാഷ്ട്രീയ കക്ഷികൾ

വ്യക്തമായ രാഷ്ട്രീയ കക്ഷികൾ ഉണ്ടായിട്ടുള്ള രാജ്യങ്ങളിലെല്ലാം ജനകീയങ്ങളായ രാഷ്ട്രീയകക്ഷികൾ ഉണ്ടായിട്ടുണ്ട്. അതിലൊന്നു ഗവമ്മെൻറുകക്ഷിയായിത്തീരും. ഉത്തരവാദിത്വഭരണമുള്ള രാജ്യങ്ങളിൽ മാത്രമേ ഗവമ്മെൻറുകക്ഷി എന്നൊരു കക്ഷി ഉണ്ടായിരിക്കയുള്ളു. ഗവമ്മെൻറു കക്ഷി എന്നു പറയുന്നതു തന്നെ യഥാർത്ഥത്തിൽ ജനകീയകക്ഷിയാണല്ലൊ. ഏതു ജനകീയകക്ഷിക്കു പാർലമെൻറിൽ അല്ലെങ്കിൽ നിയമസഭയിൽ ഭൂരിപക്ഷം ലഭിക്കുമോ ആ കക്ഷിയുടെ നേതാക്കന്മാരുടെ ഗവമ്മെൻറാണു ആ രാജ്യം ഭരിക്കുന്നതു്. ഓരോ തിരഞ്ഞെടുപ്പു കഴിയുമ്പോഴും ജനകീയകക്ഷികളിൽ ഓരോന്നും മാറിമാറി ഗവമ്മെൻറു കക്ഷികളായിത്തീരാം. തിരുവിതാംകൂറിൽ ഉത്തരവാദിത്വഭരണം ഇല്ലാത്തതുകൊണ്ടു ഗവമ്മെൻറു കക്ഷി എന്നൊരു കക്ഷി ഇതേവരെ ഉണ്ടായിട്ടില്ല. ഏതു മെമ്പർമാക്കും ഗവമ്മെൻറിനെ എപ്പോൾ വേണമെങ്കിലും അനുകൂലിക്കയോ, പ്രതികൂലിക്കയോ ചെയ്യാം. നിയമസഭ അനുകൂലിച്ചാലും പ്രതികൂലിച്ചാലും ഗവമ്മെൻറിനു അഭിമതംപോലെ കാര്യം നടത്തുവാനുള്ള അധികാരം ഉണ്ട്. ഒരു സ്ഥിരതയുള്ള ഗവമ്മെൻറു അതായതു ഏതെങ്കിലും ഒരു സ്കീം അനുസരിച്ചു ഭരണം നടത്തുവാൻ സന്നദ്ധമായ ഒരു ഗവമ്മെൻറു പൊതുജനാഭിപ്രായസഹായത്തോടുകൂടി തങ്ങളുടെ സ്കീം നടപ്പിൽവരുത്തുവാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ ആ ഗവമ്മെൻറിനെ അനുകൂലിക്കുവാൻ ശക്തിയുള്ള ഒരു കക്ഷി ഉണ്ടായിരിക്കേണ്ടതാവശ്യമാണ്. അതുപോലെ തന്നെ "ഓപ്പൊസിഷൻ" എന്നു പറയുന്ന ശക്തിയേറിയ ഒരു പ്രതികൂലകക്ഷിയും നിയമസഭയിൽ ഉണ്ടായിരിക്കുകതന്നെ വേണം. ഇപ്പോൾ നമ്മുടെ നിയമസഭയിലെ പ്രതിനിധികളെ കക്ഷികളായി കണക്കാക്കിയാൽ ഗവമ്മെൻറിനെ അനുകൂലിക്കുന്നവരെന്നോ, പ്രതികൂലിക്കുന്നവരെന്നോ പറയാവുന്ന ഒരു കക്ഷി നിയമസഭയിൽ ഇല്ലെന്നു നിശ്ചയമായും പറയാം. 62 അനുദ്യോഗസ്ഥമെമ്പർമാർ ഉള്ളവരിൽ എത്ര പേർ ഓരോകാര്യവും ഗവമ്മെൻറിന്റെ ആലോചനക്കു വരുമ്പോൾ ഗവമ്മെൻറിനെ അനുകൂലിക്കുമെന്നോ, പ്രതികൂലിക്കുമെന്നോ പറവാൻ അവർക്കുതന്നെ നിവൃത്തിയില്ല. അവർ അഭിപ്രായം ഇല്ലാത്തവരല്ല. അവരുടെ വോട്ടുകൾ അവരുടെ പോക്കററിൽ കിടപ്പുണ്ട്. അഭിപ്രായത്തിനു വിപരീതമായി വേണമെങ്കിലും ആ വോട്ടെടുത്തു പ്രയോഗിക്കുവാൻ അവക്കു സമ്മതമില്ല. രാഷ്ട്രീയകക്ഷികളില്ലാത്ത ഗവമ്മെൻറു കൊണ്ടു ഗവമ്മെൻറിനും പ്രയോജനമില്ല, ജനങ്ങൾക്കും പ്രയോജനമില്ല. ഓരോ കാര്യത്തിലും ഗവമ്മെൻറിനെ അനുകൂലിക്കയോ, പ്രതികൂലിക്കയോ എന്താണു വേണ്ടതെന്നു തീരുമാനിച്ചാൽ സ്വാഭിപ്രായം എങ്ങനെയിരുന്നാലും കക്ഷിയുടെ നിർദ്ദേശമനുസരിച്ചു്വോട്ടു ചെയ്യുവാൻ സന്നദ്ധതയുള്ള പ്രതിനിധികളടങ്ങിയ ഒരു രാഷ്ട്രീയ കക്ഷിയെ സൃഷ്ടിക്കുവാൻ കഴിയുമോ എന്നു പരീക്ഷിച്ചുനോക്കുവാനാണു സംയുക്തരാഷ്ട്രീയ കാൺഗ്രസ് ഉത്സാഹിച്ചുവരുന്നതു്. ഇപ്പോൾ മൂന്നു സമുദായക്കാർ ചേർന്നാണു ഈ സംയുക്തസഭ ഉണ്ടായിരിക്കുന്നതെങ്കിലും അവരുടെ കാര്യപരിപാടിയെ അംഗീകരിക്കുവാൻ സന്നദ്ധതയുള്ള ഏതു മെമ്പറിനേയും തങ്ങളുടെ കക്ഷിയിൽ ചേർത്തുകൊള്ളുവാൻ സംയുക്തസമുദായക്കാർ തയ്യാറാണ്.

—o—

## പുതിയ മജിസ്ട്രേട്ടന്മാർ

ഹജ്ജൂർക്കച്ചേരിയിലും മററു ആഫീസുകളിലും കിടന്നു നരകിച്ചു് യാതൊരു നല്ലകാര്യത്തിനും കൊള്ളരുതാത്തവരായിത്തീർന്ന ക്ലാക്കന്മാരെ പിടിച്ചു മജിസ്ട്രേട്ടന്മാരായി അയയ്ക്കുന്ന പതിവാണു് ഗവണ്മെൻറു് ഇതുവരെ അനുവത്തിച്ചുവന്നിരുന്നതു്. എന്നാൽ അതിനൊരു സമൂലപരിവത്തനം സർ സി. പി. യുടെ ഗവണ്മെൻറു് ഇപ്പോൾ വരുത്തിയിരിക്കുന്നു. വക്കീലന്മാരിൽനിന്നു് നേരിട്ടു മജിസ്ട്രേട്ടന്മാരെ നിയമിക്കണമെന്ന വഴക്കു കേട്ടുതുടങ്ങിയിട്ടു കാലം വളരെയായി. നിയമസഭയിൽതന്നെ പല തവണ ഈ പ്രമേയം വാദപ്രതിവാദത്തിനു് വന്നിട്ടുണ്ട്. എന്നിരുന്നാലും, കീഴ്നടപ്പെന്നു തുരുമ്പിച്ച ചങ്ങല മുറുകെ പിടിച്ചു്, ഗവണ്മെൻറു് ലോകമെന്തെന്തെന്നറിയാത്ത ക്ലാക്കന്മാരെ തന്നെ അത്യന്തം ഘനമതലയേറിയതും നിയമപരിജ്ഞാനം അത്യാവശ്യമായതും ആയ മജിസ്ട്രേട്ടുദ്യോഗത്തിനു് നിയമിച്ചു കൃതകൃത്യരാവുകയാണു് ചെയ്തുവന്നതു്. ഇപ്പോൾ ആ പതിവിനു് ഒരു മാററം വന്നുകണ്ടതിൽ ഞങ്ങൾ സന്തോഷിക്കുന്നു. സക്കാർ ജീവനത്തിൽ വേണ്ടിടത്തോളം പഴക്കം സിദ്ധിച്ച ക്ലാക്കന്മാരെ മാത്രം മജിസ്ട്രേട്ടന്മാരായയയ്ക്കുന്നതിൽ ഞങ്ങൾകണ്ട അതിഭയങ്കരമായ ഒരു വൈലക്ഷണ്യം ഒരേ സമുദായത്തിൽ പെട്ടവർമാത്രം ഒന്നിനു പുറകിൽ ഒന്നായി ഈ സ്ഥാനങ്ങൾ കരസ്ഥമാക്കി

കൊണ്ടിരിക്കുന്നതാണ്. അടുത്തകാലത്ത് മാത്രം സക്കാർ സർവീസിൽ പ്രവേശനം സിദ്ധിച്ച അവശസമുദായാംഗങ്ങൾക്ക് ഈ വ്യവസ്ഥയുടെ പ്രവൎത്തനം എത്ര വിപുലമാക്കിയാലും ഒരു പ്രയോജനവും സിദ്ധിക്കാത്തവിധത്തിലായിരുന്ന ഹജ്ജൂരിലേയും മജിസ്ത്രേട്ടന്മാരെ തിരഞ്ഞെടുക്കാവുള്ള മററ് ആഫീസുകളിലേയും ക്ലാക്കന്മാരുടെ സീനിയാറിട്ടി ലിസ്റ്റ് എന്ന് ഞങ്ങൾക്ക നല്ല നിശ്ചയമുണ്ട്. ആ സ്ഥിതിക്ക് സർ സി. പി. യുടെ ഈ പുതിയ വ്യവസ്ഥ വക്കീലന്മാൎക്കും സക്കാർ സർവീസിൽ പ്രാതിനിധ്യം കുറഞ്ഞ സമുദായക്കാക്കും ഒന്നുപോലെ തൃപ്തികരമായിരിക്കുമെന്നുള്ളതിനു സംശയമില്ല.

---

## ഗ്രാമപ്പഞ്ചായത്ത്

തിരുവിതാംകൂറിൽ ഒരു ഗ്രാമപ്പഞ്ചായത്തു റഗുലേഷൻ പാസായിട്ട ഒരു പന്തീരാണ്ടുകാലമായി. പഞ്ചായത്തിലേക്ക് പ്രതിനിധികളെ തിരഞ്ഞെടുക്കുവാനുള്ള ചട്ടങ്ങളും പാസാക്കി ഗസററിൽ പരസ്യംചെയ്തു. ചില പഞ്ചായത്തുകളും, പഞ്ചായത്തു കോടതികളും അങ്ങുമിങ്ങും ഉണ്ടെങ്കിലും പാസാക്കിയ നിയമം അനുസരിച്ചും ചട്ടങ്ങൾ അനുസരിച്ചും ഒരു പഞ്ചായത്തും ഇതേവരെ ഉണ്ടായതായി ഞങ്ങളറിയുന്നില്ല. അയിരൂരിൽ ഇപ്പോൾ ഒരു ഗ്രാമപ്പഞ്ചായത്തു ഏപ്പെട്ടുത്തിയിരിക്കുന്നു. അവിടത്തെ വെർണ്ണാകുലർ മിഡിൽസ്കൂൾ ഹെഡ്മാസ്റ്റർ, പാവ്വത്യകാർ, കോഴഞ്ചേരി കൺസർവൻസി ഓവർസീയർ ഈ മൂന്നുപേരെയും വില്ലേജ് പഞ്ചായത്ത് അംഗങ്ങളായി നോമിനേററു ചെയ്യുകയും ചെയ്തിരിക്കുന്നു. നോമിനേഷൻമൂലം വില്ലേജ് പഞ്ചായത്തുകൾ ഏപ്പെട്ടുത്തുവാനും അതു സക്കാർ ഉദ്യോഗസ്ഥന്മാരുടേയോ സക്കാർ വേതനം വാങ്ങുന്നവരുടേയോ, ഭരണത്തിലാക്കി തീക്കുവാനുമാണു ഗവമ്മെൻറു വിചാരിക്കുന്നതെങ്കിൽ പണ്ടേതന്നെ സകല കായ്യത്തിനും സക്കാരിനെ ആശ്രയിച്ചാശ്രയിച്ച് സ്വശക്തി തീരെ നശിച്ച് മിക്കവാറും സക്കാർ ഉദ്യോഗസ്ഥന്മാരുടെ ദാസ്യഭാവത്തിൽ എത്തിയിരിക്കുന്ന ജനങ്ങളെ ഒരു ചീത്ത പാഠം പഠിപ്പിക്കുവാൻകൂടി ഗവമ്മെൻറു ഒരുങ്ങുകയായിരിക്കും. ജനങ്ങളാൽതന്നെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളാൽ ഭരിക്കപ്പെടുന്ന പഞ്ചായത്തുകളാണു ജനങ്ങൾക്കു ആവശ്യം. വിദ്യോപദേശത്തിനു മാത്രം അദ്ധ്യാപകന്മാരെയോ, മെഡിക്കൽ ഉദ്യോഗസ്ഥന്മാരെയോ, കൃഷി വ്യവസായ വകുപ്പുദ്യോഗസ്ഥന്മാരെയോ വോട്ടവകാശമില്ലാതെ നിയമിക്കാവുന്നതാണ്. അധികാരവും ഭരണവും ചുമതലയുമൊന്നും അവരെ ഏല്പിക്കരുത്. അതൊക്കെ ജനപ്രതിനിധികളിൽ തന്നെ ഇരിക്കണം. അങ്ങനെയല്ലെങ്കിൽ ഈ ഏപ്പാടു വേണ്ടെന്നു വയ്ക്കുകയാണു നല്ലത്. സ്വാശ്രയശക്തിയും സ്വയംഭരണശീലവും, രാഷ്ട്രീയപ്രബുദ്ധതയും, ജനങ്ങൾക്കുണ്ടാകുവാനുള്ള ഗവമ്മെൻറു പാഠശാലകളിൽ ഏററവും പ്രാഥമികമായുള്ള പാഠശാലയാണു ഗ്രാമപ്പഞ്ചായത്ത്. ഗവമ്മെൻറിൻെറ യാതൊരു ഇടപെടലുംകൂടാതെ ഇന്നത്തെ പരിഷ്കൃത ബുദ്ധിവികാസവിക്രിയകൾ ഇല്ലാതിരുന്ന കാലത്തു "പുരവാസികൾതന്നനാർജ്ജവം തെരിയാത്തോരതിശുദ്ധശീല"രായ ഗ്രാമീണജനങ്ങൾ സ്വയമേവ വളരെ ഭംഗിയിൽ നടത്തിവന്നതാണു ഗ്രാമപ്പഞ്ചായത്തുകൾ എന്നുള്ള കായ്യവും ഗവമ്മെൻറു ഓമ്മിക്കണം.

—:—

## മഹാകവി കട്ടക്കയം

കേരളസാഹിത്യശാഖിയുടെ അഗ്രിമസ്ഥാനത്തിൽ അനവരതം അമൃതനിഷ്യന്ദിയായ കളഗാനം പൊഴിഞ്ഞുകൊണ്ടിരുന്ന മഹാകവി കട്ടക്കയത്തിൻെറ വിയോഗത്തിൽ അനുശോചിക്കുന്നതിനായി കഴിഞ്ഞ ഞായറാഴ്ച പാലായിൽ വച്ച് നടന്ന മഹായോഗം മഹാകവിയുടെ സ്മരണയെ നിലനിത്തുന്നതിന് പയ്യാപ്തമായ പല തീരുമാനങ്ങളും ചെയ്തു കാണുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. സാഹിത്യകുശലൻ ററി. കെ. കൃഷ്ണമേനോൻ, മഹാകവി വള്ളത്തോൾ എന്നീ മഹാരഥന്മാരാണ് യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചവർ. സമർത്ഥന്മാരായ പലരും പ്രസംഗകരായുമുണ്ടായിരുന്നു.

ഇന്നു പ്രൌഢസ്ഥാനരായി വത്തിക്കുന്ന പല സാഹിത്യകാരന്മാരും "ഞെഞ്ഞും പിഞ്ഞും" പറഞ്ഞു കുട്ടിക്കരണം മറിഞ്ഞു തുടങ്ങുന്നതിനു മുമ്പേതന്നെ കേരളസാഹിത്യക്ഷേത്രത്തിൽ സുപ്രതിഷ്ഠിതനായിത്തീന്ന മഹാനാണ് ശ്രീമാൻ കട്ടക്കയം. 'ശ്രീയേശുവിജയം' മഹാകാവ്യം ഒന്നുകൊണ്ടുമാത്രം അദ്ദേഹം മഹാകവിപദത്തെ സവ്വാത്മനാ അധിരോഹണംചെയ്തു കഴിഞ്ഞു. പ്രസ്തുത മഹാകാവ്യത്തിലെ മതപരമായ ഇതിവൃത്തം, അദ്ദേഹത്തിൻെറ കവിതാനിർഝരിയുടെ സ്വച്ഛന്ദഗതിയെ സാരമായി നിയന്ത്രിച്ചിരിക്കണം. ഈ നിലയിൽ അസാധാരണമായ ഔചിത്യദീക്ഷയും, സമഞ്ജസമായ വചനകൌശലവും, അനുപമമായ ഭാഷാസ്വാധീനതയും കൂടാതെ കാവ്യനിമ്മാണം സുസമ്മതമായി നിവ്വഹിക്കുക സാദ്ധ്യമല്ല. യഥാർത്ഥത്തിൽ ഈ മഹാകാവ്യരചന അദ്ദേഹത്തിനെ സംബന്ധിച്ചിടത്തോളം അത്യന്തം ദുർഘടകരമായ ഒരു പരീക്ഷണഘട്ടം കൂടിയായിരുന്നു എന്ന് നിസ്സംശയം പറയാം. ഭവാനാസമ്പന്നനായിരുന്ന അദ്ദേഹം അതിൽ നിഷ്പ്രയാസം വിജയംനേടി. അക്ലിഷ്ടമായ അത്ഥോപപത്തി, അവിച്ഛിന്നമായ രസപ്രവണം, നിമ്മലമായപദലാളിത്യം, സംഗീതാത്മകമായ പ്രാസദീക്ഷ ഇവ അദ്ദേഹത്തിൻെറ കവിതകളിൽ എവിടെയും തെളിഞ്ഞുകാണുന്ന വിശിഷ്ടഗുണങ്ങളാണ്. ഇന്നത്തെ കവിതകളിൽ ഒരു പരിഷ്കൃതഭാവനയോടുകൂടി പ്രയോഗിച്ചുകാണുന്ന "കുനു, നുനു, തു" തുടങ്ങിയ തുലകണതുല്യങ്ങളായ തുച്ഛശബ്ദങ്ങൾ പക്ഷെ, അതിൽ സ്ഥലം പിടിച്ചിട്ടില്ലെന്നു വരാം. വശ്യവാക്കായ മഹാകവിക്ക് സാത്ഥകങ്ങളായ ശബ്ദങ്ങൾസേവനാനിരതരായി ആവശ്യത്തിൽ കവിഞ്ഞു സ്വന്തം നാവിൽതന്നെ കുടികൊള്ളുമ്പോൾ, പിന്നീട് ശൂന്യശുക്തി തപ്പി കാലംകളയേണ്ട ആവശ്യമില്ലല്ലോ.

ഏതായാലും അദ്ദേഹം തൻെറ അനശ്വരമായ യശോമൂത്തിയെ നമുക്കായി അപ്പിച്ചുകൊണ്ടു ദിവംഗതനായി കഴിഞ്ഞു. മേലിൽ അദ്ദേഹത്തിൻെറ സ്മരണയെ നിലനിത്തുന്നതിനു പയ്യാപ്തമായി വേണ്ടതു പ്രവത്തിക്കുകയാണ് സാഹിത്യകുതുകികളുടെ ചുമതല. യോഗത്തിൽ ചില തീരുമാനങ്ങൾ അതിനായും ചെയ്തുകാണുന്നുണ്ട്. അവയുടെ നിവ്വഹണത്തെ ഞങ്ങളും പ്രതീക്ഷിച്ചുകൊള്ളുന്നു.

---

# സ്വന്തം കാര്യം

—:—

കൌമുദി ക്രൌൺ നാലിലൊന്നു വലിപ്പത്തിൽ 20 പുറങ്ങളോടുകൂടിയാണല്ലോ ഇതേവരെ പുറപ്പെടുവിച്ചുകൊണ്ടിരുന്നതു്. ഈ ലക്കംമുതൽ ആയതിനു് ചില മാററങ്ങൾ വരുത്തുവാൻ ഞങ്ങൾ നിർബ്ബന്ധിതരായിത്തീർന്നിരിക്കുന്നു. യൂറോപ്പിലെ മഹാശക്തികളായ ചില രാജ്യക്കാർ തമ്മിൽ വളരെ വാശിയോടെ മത്സരിച്ചു നടത്തിവരുന്ന യുദ്ധസന്നാഹങ്ങളാണു് കൌമുദിയുടെ ആകൃതിമാററത്തിനു് കാരണം. അവിടങ്ങളിലെ പല കടലാസ് വ്യവസായശാലക്കാരും ഇപ്പോൾ യുദ്ധ സാമഗ്രികൾ നിർമ്മിക്കുവാൻ നിയുക്തരായിരിക്കുന്നതുകൊണ്ടു്, പത്രങ്ങൾക്കും മററും ആവശ്യമുള്ള പരുക്കൻ കടലാസ്തരങ്ങൾ യൂറോപ്പിൽനിന്നു് വരാതായിട്ടുണ്ടു്. തന്മൂലം കടലാസിനു് ക്ഷാമംനേരിടുകയും ക്രമാതീതമായി വില വർദ്ധിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. വില കൂട്ടി കൊടുക്കാമെന്നു വച്ചാലും ആവശ്യത്തിനു വേണ്ടുവോളം കടലാസും ഇല്ലെന്നായിട്ടുണ്ടു്. ഇതിനാലാണു് ഈ ലക്കംമുതല്ക്കു് ക്രൌൺ സൈസ് ഉപേക്ഷിച്ചു് റായൽ എട്ടിലൊന്നു് വലിപ്പത്തിൽ കൌമുദി പുറപ്പെടുവിക്കുന്നതു്. ഈ ആകൃതിമാററംകൊണ്ടു് കൌമുദിയുടെ സൈസ് നീളത്തിൽ ഒന്നരഇഞ്ചു് മാത്രമെ ചെറുതായിട്ടുള്ളു. പൊതുവെയുള്ള ഈ കുറവിനെ പരിഹരിക്കുന്നതിനായി (റായൽ കടലാസ് സുലഭമായി കിട്ടുകയും അതിൻെറ വില ഇപ്പോഴത്തെ കൂടുതൽ-വിലയിൽ കൂടാതിരിക്കുകയും ചെയ്യുന്നിടത്തോളംകാലം) കൌമുദിയുടെ പുറങ്ങൾ 20-ൽനിന്നു് 24 ആയി വർദ്ധിപ്പിച്ചിരിക്കുന്നു. ഇതിൽനിന്നും കടലാസിനുള്ള ക്ഷാമം പരിഗണിച്ചു് കൌമുദിയുടെ പേജുകൾ കുറയ്ക്കുകയൊ, കടലാസിനുള്ള വിലക്കൂടുതൽ അനുസരിച്ചു കൌമുദിയുടെ വാർഷികവരിസംഖ്യയും ഒററപ്രതിക്കുള്ള വിലയും വർദ്ധിപ്പിക്കുകയൊ ചെയ്തിട്ടില്ലെന്നു് സ്പഷ്ടമാണല്ലൊ. കൌമുദിക്കു ഇപ്പോൾ ഒരാഴ്ചത്തെ ആവശ്യത്തിനു് കാൽടൺ പരുക്കൻകടലാസ് വേണ്ടിവരുന്നു. തന്മൂലം കടലാസ് ഇനത്തിൽ ഈ മാസാരംഭംമുതൽ ആഴ്ചതോറും 15ക രൂപയുടെ കൂടുതൽ ചെലവു് ഞങ്ങൾ സഹിക്കേണ്ടതായി വന്നിരിക്കുന്നു. കടലാസ്‌വില ഇനിയും വർദ്ധിക്കുന്ന ലക്ഷണങ്ങളാണു് കാണുന്നതെന്നു വരികിലും, ഗത്യന്തരമില്ലാതെ വന്നെങ്കിൽമാത്രമെ, കൌമുദിയുടെ പേജുകൾ കുറയ്ക്കുകയും പത്രവില വർദ്ധിപ്പിക്കുകയും ചെയ്യുകയുള്ളുവെന്നു് കൌമുദിവായനക്കാർക്കു ധൈര്യപ്പെട്ടിരിക്കാവുന്നതാണു്. ഒടുവിൽ അങ്ങനെ വേണ്ടിവന്നാൽതന്നെയും വായനക്കാർ ഞങ്ങളോടൊപ്പം ആ വിഷമം വഹിക്കുമെന്നും ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു. കടലാസിനുള്ള ക്ഷാമംതീർക്കാൻ കൌമുദിവായനക്കാരൊ ഞങ്ങളൊ വിചാരിച്ചാൽ സാദ്ധ്യമല്ല. അതിനൊരു പരിഹാരമുണ്ടാകേണമെങ്കിൽ യൂറോപ്പിലെ ഭരണാധികാരികളുടെ യുദ്ധഭ്രാന്തു് ശമിക്കണം. എന്നാൽ കടലാസിൻെറ വില വർദ്ധനവിൽ കൌമുദി അകപ്പെട്ടുപോകാതിരിക്കുവാൻ കൌമുദിവായനക്കാർ ശ്രമിച്ചാൽ സാധിക്കുന്നതാണു്. വായനക്കാർ പത്രവില കുടിശിക വരുത്താതെ ഇപ്പോഴത്തേതിലും കണിശമായി കൃത്യ സമയങ്ങളിൽ തന്നെ പണംകൊടുത്തു ഞങ്ങളുടെ ഏജൻറന്മാരെ സഹായിച്ചുകൊണ്ടിരിക്കുമെങ്കിൽ, കടലാസിനു് എത്ര വില വർദ്ധിച്ചാലും കടലാസ് കിട്ടുന്നിടത്തോളം കാലം കൌമുദി ഇപ്പോഴത്തെ രൂപത്തിൽ തന്നെ പുറപ്പെട്ടുകൊണ്ടിരിക്കുമെന്നു് ഞങ്ങൾ ഉറപ്പു പറഞ്ഞുകൊള്ളുന്നു.

———

## എസ്. എൻ ഡി. പി. യോഗം പാർലമെൻററി ബോർഡ്

എസ്. എൻ. ഡി. പി. യോഗം പാർലമെൻറിബോർഡ് ഈ മാസം 28-ാംതീയതി ആലപ്പുഴ കൂടുമെന്നറിയുന്നു. അടുത്ത തിരഞ്ഞെടുപ്പിനു ഏതേതു സ്ഥാനാർത്ഥികളെ ആണു പാർലമെൻററിബോർഡിൽനിന്നു നിറുത്തുവാൻ പോകുന്നതെന്നു അന്നു തീരുമാനിക്കുന്നതാണു്. ആ തീരുമാനം കഴിഞ്ഞു സംയുക്ത രാഷ്ട്രീയ കാൺഗ്രസിൻെറ എല്ലാ ഘടകങ്ങളുടേയും പ്രാതിനിധ്യമുള്ള സംയുക്തപാർലമെൻററി ബോർഡും അന്നുതന്നെകൂടി കാൺഗ്രസിൻെറ സ്ഥാനാർത്ഥികൾ ആരെല്ലാമെന്നു പ്രസിദ്ധംചെയ്യുന്നതാണു്. ഈ പ്രസിദ്ധീകരണം കഴിഞ്ഞാൽ സംയുക്തകാൺഗ്രസിൻെറ പ്രതിനിധികൾക്കു വിജയം സമ്പാദിക്കുവാൻ കാൺഗ്രസിലെ എല്ലാ ഘടകങ്ങളുടേയും പ്രതിനിധികൾ ചേർന്നു ഒരു പ്രചരണവേല ഉടനെ എല്ലാ നിയോജകമണ്ഡലങ്ങളിലും നടത്തുന്നതാണെന്നുമറിയുന്നു.

—଼—

# ചിത്രപ്രശ്നം

## ഉത്തരം

| | | |
|---|---|---|
| 6 | 7 | 2 |
| 1 | 5 | 9 |
| 8 | 3 | 4 |

ഞങ്ങളുടെ ഒന്നാംനമ്പർ ചിത്രപ്രശ്നത്തിനു കൃത്യസമയത്തിനുള്ളിൽ 1428 ഉത്തരങ്ങൾ ലഭിച്ചു. അതിൽ ഞങ്ങൾ മുദ്രവച്ചു സൂക്ഷിച്ചിരുന്ന മേൽ കാണുന്ന ഉത്തരം ആകെ 140 പേർ അയച്ചുതന്നിട്ടുണ്ടു്. സമ്മാനം അഞ്ചുരൂപാ വിലയ്ക്കുള്ള . പുസ്തകങ്ങളായതുകൊണ്ടു അതു വീതിച്ചു കൊടുക്കുവാൻ നിർവാഹമില്ലാതെവരികയും അതുകൊണ്ടു അവ നറുക്കിട്ടുഎടുക്കേണ്ടിവരികയുംചെയ്തു. അതിൽ സമ്മാനാർഹമായതു് "കെ. നീലകണ്ഠൻവൈദ്യൻ, എസ്. എൻ.എസ്. എ. മെഡിക്കൽഹാൾ, കൊല്ലം" അവർകൾ അയച്ച ഉത്തരമാണു്.

ശരിയായഉത്തരം അയച്ച മററു 139 പേർക്കും പ്രോത്സാഹനാർത്ഥം ഓരോ ചെറിയബുക്കുകൾ കൊടുക്കാമെന്നു തീരുമാനിച്ചിട്ടുണ്ടു്. ഏജൻറന്മാർ മുഖേന പുസ്തകംഅയയ്ക്കുന്നതിനാണു് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നതു്. മേൽകാണുന്ന ഉത്തരം അയച്ച ആർക്കെങ്കിലും നേരിട്ടു പുസ്തകം ലഭിക്കണമെന്നുണ്ടെങ്കിൽ 12 കാശിൻെറ സ്റ്റാമ്പയച്ചാൽ അഞ്ചൽ മാർഗ്ഗം ആയതു് അയച്ചുകൊടുക്കുന്നതാണു്.

മാനേജർ,
കേരളകൌമുദി ചിത്രപ്രശ്നം,
പേട്ട, തിരുവനന്തപുരം.

രണ്ടാംനമ്പർ

## ചിത്രപ്രശ്നം

അടുത്ത ലക്കത്തിൽ

—:—

കൌമുദി രണ്ടാംനമ്പർ ചിത്രപ്രശ്നം അടുത്ത ലക്കത്തിൽ പ്രസിദ്ധംചെയ്യുന്നതാണു്. സമ്മാനത്തുകയും സമ്മാനങ്ങളുടെ എണ്ണവും വർദ്ധിപ്പിച്ചിട്ടുണ്ടു്. കൌമുദി കൂപ്പണിൽ ഉത്തരം അയയ്ക്കുന്നവർക്കു പ്രത്യേക സൌജന്യം.. കൂടുതൽ വിവരങ്ങൾക്കു അടുത്തലക്കം നോക്കുക.

# ദരിദ്രവിദ്യാഭ്യാസം

(ആർ. സുഗതൻ, ആലപ്പുഴ)

വിജ്ഞാന പ്രചരണം, ദാരിദ്ര്യരക്ഷസ്സിന്റെ വീരപ്പല്ലുകൾക്കു വിധേയമാകുന്ന ദയനീയമായ രംഗം കാണേണമെന്നുള്ളവർ നമ്മുടെ നാട്ടിലെ ഗ്രാന്റു പള്ളിക്കൂടങ്ങളിൽ ചെല്ലണം. അക്ഷരാഭ്യാസത്തെ ആദ്യമായും വിജ്ഞാന സമ്പാദനത്തെ രണ്ടാമതായും അർത്ഥിച്ചു കൊണ്ടു പാഠാലയങ്ങളിൽ ഹാജരാവുന്ന ബാലികാബാലന്മാരുടെ ശരീരപ്രകൃതിയും മുഖഭാവവും വസ്ത്രധാരണവും എങ്ങിനെയിരിക്കുന്നുവെന്നു നിഷ്കർഷിക്കുന്നവർ നമ്മുടെ നാട്ടിൽ ചുരുക്കമാണ്. ഈ കൃത്യത്തിൽ ഏററവും ചുമതലപ്പെട്ടവർ മാതാപിതാക്കന്മാരാണ്. വീട്ടിൽ നിന്നു് അഞ്ചാറു മണിക്കൂറുനേരത്തേക്കെങ്കിലും അലോഹ്യവും നിലവിളിയും ഒഴിയട്ടെ എന്നുള്ള ആദ്യത്തെക്കാര്യത്തിനായി അക്ഷരാഭ്യാസത്തെ മറ പിടിച്ചുകൊണ്ട് കുഞ്ഞുങ്ങളെ പള്ളിക്കൂടത്തിലേയ്ക്കു ഉഴിഞ്ഞുവിടുന്ന മാതാപിതാക്കന്മാൎക്ക് മേൽപറഞ്ഞ കാൎയ്യങ്ങളിൽ അറിവുണ്ടായാലും ശ്രദ്ധ ഉറച്ചു നിൽക്കുകയില്ല. അവൎക്കും ജോലിത്തിരക്കും സാമ്പത്തികാധഃപതനവുമാണല്ലൊ! ആലസ്യവും മനോരാജ്യവും ഗൃഹകാൎയ്യവിചാരവും കടക്കാരുടെ കണ്ണേറും ഒക്കെ കൊണ്ടു വിഷമിച്ച് പത്തുമണിയെന്ന പേരിൽ പതിനൊന്നിനു പത്തു മിനിട്ടുള്ളപ്പോൾ ഓടിക്കിതച്ചു വെന്തു വിയൎത്ത് സ്ക്കൂളിൽ എത്തി ദാരിദ്ര്യസിംഹാസനത്തിൽ ഉപവിഷ്ടനായി ക്ലാസ്സിൽ ആകെ ഒരു തിരക്കുനോട്ടം കഴിച്ച് "കരിക്കുലം" ഒപ്പിച്ചു പാഠം തീൎത്തു കൊള്ളുന്നതിനു പൊറുതി മുട്ടുന്ന അധ്യാപകൎക്കും ഇതിലുള്ള ശ്രദ്ധ നാമമാത്രമാണ്. ഇവരല്ലാതെ ഇക്കാൎയ്യം നോക്കാൻ കടപ്പെട്ടവർ വേറെ ഉണ്ടോ? ഉണ്ടെങ്കിൽ അവർ പരിശോധനാഉദ്യോഗസ്ഥരാണ്. അവർ ആണ്ടിലൊരിക്കൽ ദീപാളി പോലെയോ കറുത്തവാവു കൎക്കടകം പോലേയോ ഓടിവന്നു സിംഹാവലോകനം നടത്തി നടകൊള്ളുന്നവരാണ്. വിളറിയ മുഖം, ജീവചൈതന്യം അററുപോയ കണ്ണുകൾ, കരുവാളിച്ച് എല്ലു പൊന്തിയ ഉടൽ, കീറി മുഷിഞ്ഞ മുണ്ട് ഇവയുടെ എല്ലാം കൂട്ടമായ പ്രദൎശന മുറികളാണ് പാഠാലയങ്ങളിലെ ക്ലാസ്സുകൾ.

അംഗീകൃത പാഠശാലകളിലെ ഏററവും ഉയൎന്ന ക്ലാസ്സ് നാലാംക്ലാസ്സാണല്ലൊ. അതിലെ, അധ്യാപകവൎയ്യനാണ് ആ സ്ക്കൂളിലെ ഹെഡ്മാസ്ററർ അഥവാ തല വാധ്യാർ. വിജ്ഞാനവിതരണത്തിനും സംഭരണത്തിനും വേണ്ടിയെന്നും പറഞ്ഞു് ദാരിദ്ര്യമൂൎത്തിയെ ഉപാസിച്ചു വശപ്പെടുത്തിയ ഇയാളുടെ വേഷ വിധാനങ്ങൾ വഞ്ചിരാജ്യ വാസികളായ പഞ്ചപാവങ്ങൾക്കു പോലും സുപരിചിതങ്ങളാകുന്നു. തുറന്നു പിടിച്ചാൽ "നക്ഷത്രപംക്തികളിൻഡ്രപ്രകാശവും" ദൃശ്യമാകത്തക്ക പഴയ കുട. കൈകളുടേയും കഴുത്തിന്റേയും ചുററും പഴകിയ നൂൽ അലിഞ്ഞു തൂങ്ങുന്ന ഷൎട്ട്. ദ്രവിച്ച ഇഴകളുടെ ഇടയിൽ തയ്യലാളുടെ "സൂചിശില്പതക്ഷണ"ത്തിന്റെ സൂചനകൾ കാണാവുന്ന സീതാറാംമിൽ മുണ്ട്. നാലിലൊന്നു സൎക്കാർ രൂപയ്ക്കു നാലുകാശു കുറച്ചു കൊടുത്താൽ കിട്ടുന്ന തോൎത്തുമുണ്ട്. ഇതു് നനച്ച തോൎത്തിന്റെ "ബദൽ" ആയി വീട്ടുവേലയും നിൎവ്വഹിക്കാറുണ്ട്. മെലിഞ്ഞു പാക്കുവെട്ടി പോലെ മുതുകുവളഞ്ഞു് ചോദ്യ ചിഹ്നാകൃതിയുള്ള ഇത്തരം ഗുരുഭൂതരെക്കണ്ടാൽ ആൎക്കും ഭൂതാവേശം ഉണ്ടാവുകതന്നെ ചെയ്യും. "ഈ പ്രപഞ്ചം എപ്പോൾ ഉണ്ടായി" എന്നു് ഇദ്ദേഹം വിദ്യാൎത്ഥികളെ പ്രശ്നാങ്കുശം കൊണ്ടു തോണ്ടിവലിക്കുമ്പോൾ, തൊണ്ട വരണ്ട ആ കൂട്ടർ "ഇതുതാനൊ ഭൂലോകം" എന്ന മട്ടിൽ മെഴമെഴാ മിഴിച്ചു നിൽക്കുന്ന കാഴ്ച കരുണാൎഹം തന്നെയായിരിക്കും. പട്ടിണിക്കാരുടെ മക്കളെ പട്ടിണിക്കാരന്റെ ലാവണത്തിനുവേണ്ടി പങ്കപ്പാടു പെടുത്താതെ രക്ഷയില്ല. ഇത്ര പൊറുതിമുട്ടി സമ്പാദിക്കുന്ന പ്രാഥമിക വിദ്യാഭ്യാസം മേലാൽ ധാരണാശക്തിയിൽ സൂക്ഷിക്കുന്നതിനു ദരിദ്രരുടെ മക്കൾക്കു സാദ്ധ്യമല്ല. പത്തുപന്ത്രണ്ടു വയസ്സുവരെ കഞ്ഞിയും സമ്മന്തിയും ഒരു തോൎത്തു മുണ്ടും കൊടുത്തു്, ഫീസില്ലാത്ത പ്രാഥമിക പഠനം നടത്താൻ തങ്ങളുടെ മക്കളെ പള്ളിക്കൂടങ്ങളിലേക്കയയ്ക്കുമ്പോൾ, ആ കാലത്തു് അവററകളെക്കൊണ്ട് പണിയെടുപ്പിച്ചാൽ കിട്ടാവുന്ന ആദായം കണക്കു കൂട്ടുന്ന ജനയിതാക്കളും ചുരുക്കമല്ല. ഇതു സന്താനങ്ങളുടെ ഭാവിയിൽ നന്മവരണമെന്നുള്ള പ്രതീക്ഷ ഇല്ലാത്തതു കൊണ്ടല്ല. ദാരിദ്ര്യത്തിന്റെ രൂക്ഷത ഒന്നു കൊണ്ടുമാത്രമാകുന്നു. ദരിദ്രരുടെ വിദ്യാഭ്യാസത്തിനുള്ള ഏററവും വലിയ പ്രതിബന്ധം അവരുടെ ദാരിദ്ര്യംതന്നെയാകുന്നു. ദാരിദ്ര്യത്തിൽപെട്ടവരുടെ ഇടയിൽ ബുദ്ധിയുടെ സംസ്കാരത്തിന് സുഗമമായ അഭിവൃദ്ധി കാണുമെന്ന് ചില വ്യക്തികളുടെ ജീവചരിത്രം ഉദ്ധരിച്ചു പറയാൻ കഴിയുമെങ്കിലും ബഹുഭൂരിപക്ഷത്തെപ്പററിയുള്ള ദൎശനത്തിൽ ഇതു് സ്വീകാൎയ്യമല്ലതന്നെ. വിദ്യാഭ്യാസം നിൎബ്ബന്ധിതമാക്കിയാലും ഈ ദോഷം തീരുകയില്ല, മനുഷ്യന്റെ പ്രാഥമികാവശ്യങ്ങളായ ഊണ്, ഉടുപ്പ് ഇവയുടെ കാൎയ്യത്തിൽ ക്ലേശമില്ലാത്ത വിധം അധ്യാപകരും രക്ഷിതാക്കളും ജീവിക്കുന്നവരാകണം. അതിനു് ഗ്രാന്റുസ്കൂൾ വാധ്യാന്മാരുടെ ഗ്രാന്റിൽ എട്ടണ ഇനിയും കുറയ്ക്കുകയും മാനേജർമാർ അഞ്ചുകൊടുത്തു പതിനഞ്ചിനു് ഒപ്പിടുവിക്കയുംചെയ്യണം!! കൃഷികരും വേലക്കാരുമായവൎക്കും കുഞ്ഞുകുട്ടി പരാധീനങ്ങളുള്ളതുകൊണ്ട് കൂലി സൎവ്വത്ര കുറച്ച് അവററകളെ പട്ടിണിയിട്ടു ബുദ്ധിമുട്ടിക്കാതെ പട്ടടയ്ക്കയയ്ക്കണം!!! അല്ലാതെ മററു വല്ലതും പറഞ്ഞാൽ അതു നിയമവിരുദ്ധമല്ലേ!

ധനികരുടെ അരുമക്കിടാങ്ങളെ മ്ലേച്ഛർകാറുകളിൽ പെറുക്കി അടുക്കി പാഠശാലയിൽ കൊണ്ടുചെന്നിട്ടിവയ്ക്കുമ്പോൾ, ദരിദ്രരുടെ മക്കൾ പഴങ്കഞ്ഞി പ്രാതലുംകഴിച്ച് നാലഞ്ചുനാഴിക നടന്നു വിദ്യാലയങ്ങളിൽ വരണം. എന്തൊരന്തരം!! ഇതേപ്പററി ഒന്നും പറയരുതു്.! പറഞ്ഞാൽ "ബോൾഷേവിസം" ആണത്രെ.

ഭാവിപൗരന്മാരുടെ ഈ പരിതാപകരമായ നിലയെ പരിഹരിക്കേണ്ടതു രാജ്യനന്മയ്ക്കാവശ്യമായ കാൎയ്യമല്ലേ? പൊതുസ്ഥാപനങ്ങളുടെ പേരിൽ നാട്ടുകാരുടേയും ഗവമ്മെന്റിന്റേയും ഇടയ്ക്കു നിന്നുകൊണ്ട്, കസേരപ്പണി തേടിവരു

# കേരളകൌമുദി

## കുംഭം 15

ഒരു രൂപായ്ക്കു മൂന്നുമാസം കൌമുദിയും
5 പുസ്തകങ്ങളും

രണ്ടുരൂപ ഒരുമിച്ചടയ്ക്കാൻസൌകൎയ്യമില്ലാത്തവൎക്കും കൂടി കൌമുദിയുടെ "പുസ്തകസൌജന്യം" പ്രയോജനപ്പെടുത്തണമെന്നു പലരും അപേക്ഷിക്കയാൽ അവരുടെ അപേക്ഷയെ പരിഗണിച്ചു മൂന്നുമാസത്തെ വരിസംഖ്യയായ ഒരു രൂപ 1112 കുംഭം 15-ാംനു- ക്കകം അയച്ചു തരുന്നവൎക്കു താഴെ പറയുന്ന പുസ്തകങ്ങൾ സൌജന്യമായി കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു.

1. രാഗപരിണാമം
   സി. വി. കുഞ്ഞുരാമൻ
2. സതി
   കെ. കെ. രാഘവപ്പണിക്കർ
3. ഞാൻ നമ്പൂതിരി ആയാലോ?
   സി. വി. കുഞ്ഞുരാമൻ
4. അച്ഛനാര്?
   തകഴി ശിവശങ്കരപ്പിള്ള
5. ദൈവസന്നിധിയിൽ
   കെ. ദാമോദരൻ ബി. എ


ന്ന അഭ്യസ്തവിദ്യരുടെ ചീഫ്സിക്രട്ടറിമാരായി— 'മാനേജരന്മാരെ'ന്നൊരുവക പരസ്യക്കാരെങ്ങൾ ഭരണംനടത്തി വിജ്ഞാനപ്രചരണത്തിന്റെ മാതൃകാശ്മശാനങ്ങളാക്കി വിദ്യാലയങ്ങളെ പരിവൎത്തനം ചെയ്യിക്കുന്ന രീതിയും അത്ര നല്ലതല്ല. ഗവൎമ്മെന്റിനെ വിദ്യാഭ്യാസകാൎയ്യത്തിൽ ഇക്കൂട്ടർ സഹായിക്കുമ്പോൾ എത്രപേക്കാണു പട്ടിണിച്ചീട്ടും തേജോവധവും ഏററു വാങ്ങേണ്ടിവരുന്നതു്. ഇതിനൊക്കെ പരിഹാരനിർദ്ദേശം അസാദ്ധ്യമായിരിക്കാം. എങ്കിലും പുലൎത്താൻ പൊരുളില്ലാത്തവർ ഡസൻകണക്കിനു കുഞ്ഞുങ്ങളുടെ പിതാക്കളാകുന്നതിനും ശരിയായ മൂലധനമില്ലാത്തവർ "മാനേജർമാർ'ആകുന്നതിനും ഒരുങ്ങാതിരിക്കുന്നതു കൊള്ളാം.

---

## അടുത്ത തിരഞ്ഞെടുപ്പു്

### സംയുക്തതിരഞ്ഞെടുപ്പ്ബോർഡ് തീരുമാനങ്ങൾ

സമസ്തതിരുവിതാംകൂർ സംയുക്ത രാഷ്ട്രീയകാൺഗ്രസ് പാർലിമെന്ററി ബോർഡിന്റെ ഒരു യോഗം ഇക്കഴിഞ്ഞ 15-ാംനു- ചെങ്ങന്നൂർവെച്ച് ബോർഡ് പ്രസിഡന്റ് മി: ററി. എം. വറുഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടി. എസ്. എൻ. ഡി. പി. യോഗം, കേരള ക്രൈസ്തവ സേവകസമിതി, സമസ്ത തിരുവിതാംകൂർ മുസ്ലീം സൎവീസ് ലീഗ്, തിരുവിതാംകൂർ ലത്തീൻക്രിസ്ത്യൻ മഹാജനസഭ, തിരുവിതാംകൂർ സാംസ്ഥാനിക കത്തോലിക്കാ കാൺഗ്രസ് എന്നീ സംഘങ്ങളുടെ പാർലിമെന്ററിബോർഡ് പ്രതിനിധികൾ യോഗത്തിൽ സന്നിഹിതരായിരുന്നു. ദീർഘമായ ആലോചനയ്ക്കു ശേഷം ബോർഡ് താഴെപറയുന്ന തീരുമാനങ്ങൾ ചെയ്തു.

സംയുക്ത കാൺഗ്രസിന്റെ നിയമസഭാപ്രവൎത്തന പരിപാടി വിശദീകരിച്ച് ഒരു തിരഞ്ഞെടുപ്പുപത്രിക പ്രസിദ്ധപ്പെടുത്തണം. തിരഞ്ഞെടുപ്പിൽ സംയുക്ത പാർലിമെന്ററിബോർഡു സ്ഥാനാൎത്ഥികൾക്കു് വോട്ടുലഭിക്കുന്നതിനു വേണ്ട പ്രചരണവേലകൾ നടത്തുന്നതിന് ബോർഡിന്റെ ആഭിമുഖ്യത്തിൽ എല്ലാ പ്രധാന സ്ഥലങ്ങളിലും യോഗങ്ങൾ നടത്തേണ്ടതാണ്. തിരഞ്ഞെടുപ്പ് ആസന്നമായിരിക്കുന്നതുമൂലം സ്ഥാനാൎത്ഥികൾക്കും ബോർഡിനും കാൎയ്യക്ഷമമായ പ്രചരണവേല നടത്തേണ്ടിയിരിക്കുന്നതിനാൽ സംയുക്ത കാൺഗ്രസിന്റെ ഘടകസമിതി പാർലിമെന്ററിബോർഡുകൾ അതതുബോർഡുകൾ അംഗീകരിക്കുന്ന സ്ഥാനാൎത്ഥികളുടെ പേരുവിവരം ഈ മാസം 28-ാംനു-ക്കകം സംയുക്തബോർഡു് ജനറൽസെക്രട്ടറിയുടെ പേൎക്കു അയച്ചുകൊടുക്കേണ്ടതാണ്. യാതൊരു കാരണവശാലും പേരുവിവരം അയയ്ക്കുന്നതിനുള്ള കാലാവിധി നീട്ടിക്കൊടുക്കുന്നതല്ല. അടുത്ത സംയുക്തബോർഡ് യോഗം ഈ മാസം 28-ാംനു- ഉച്ചകഴിഞ്ഞു 5 മണിക്കു് ആലപ്പുഴവച്ചു നടത്തേണ്ടതാണെന്ന് തീരുമാനിക്കുന്നു. സംയുക്ത രാഷ്ട്രീയ കാൺഗ്രസിന്റെ പ്രവൎത്തനങ്ങൾവഴി വിലതീരാത്ത സേവനംചെയ്തിട്ടുള്ള മി: എൻ. വി. ജോസഫ് രാഷ്ട്രീയരംഗത്തുനിന്ന് പിൻമാറാൻപോകുന്നു എന്നുള്ള തന്റെ തീരുമാനത്തെപ്പററി പുനരാലോചന ചെയ്യണം.

—o—

## പ്രതിഫലം കൊടുക്കും

രാഷ്ട്രീയം, സാമുദായികം, സാമ്പത്തികം, (കൃഷി, കച്ചവടം, കൈത്തൊഴിൽ), വിദ്യാഭ്യാസം, സാഹിത്യം, ആരോഗ്യം ആദിയായ വിഷയങ്ങളെപ്പററി, ജനങ്ങൾക്കു ഉപകാരപ്രദമായ വിധം പ്രതിപാദിക്കുന്ന ചെറുലേഖനങ്ങൾ ആവശ്യമുണ്ട്. ലേഖനങ്ങൾ ഫുൾസ്കേപ്പ്കടലാസിന്റെ നാലു പുറങ്ങളിൽ കവിഞ്ഞിരിക്കാൻ പാടില്ല. കടലാസിന്റെ ഒരു പുറത്തുമാത്രമേ എഴുതാവൂ. പേരുവെച്ചുള്ളലേഖനങ്ങൾ ആണെങ്കിൽ തന്നെയും, ആശയങ്ങളെ ബാധിക്കാത്തവണ്ണം, ആവശ്യം നേരിട്ടാൽ വേണ്ട തിരുത്തലുകൾ ചെയ്യുന്നതാണ്. പത്രാധിപരുടെ യുക്തമനുസരിച്ച് ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയോ, പ്രസിദ്ധപ്പെടുത്താതിരിക്കുകയോ ചെയ്യും. പ്രസിദ്ധപ്പെടുത്താത്ത ലേഖനങ്ങൾ തിരിച്ചയയ്ക്കുന്നതല്ല. ലേഖനങ്ങൾ പത്രം പുറപ്പെടുന്നതിന് ഒരാഴ്ച മുൻപായിട്ടെങ്കിലും, ഇവിടെ കിട്ടിയിരിക്കേണ്ടതാണ്. നല്ല ലേഖനങ്ങൾക്കു സൌകൎയ്യംപോലെ പ്രതിഫലം കൊടുക്കുന്നതായിരിക്കും.

കേരളകൌമുദി പത്രാധിപർ,
പേട്ട, തിരുവനന്തപുരം.

---


മനക്കോട്ടം കെ. കേശവൻവൈദ്യരുടെ

## മലേറിയാ സിദ്ധൌഷധം

ഈ ഗുളിക ഒരു കൊല്ലത്തിൽ കവിഞ്ഞു പഴകിയ മലമ്പനിക്കു രണ്ടു പ്രാവശ്യവും അല്ലാത്തതിനു ഒരു പ്രാവശ്യവും സേവിച്ചാൽ പൂൎണ്ണസുഖംവരും. യാതൊരു സംശയവുമില്ല. കൊടുത്തു പരീക്ഷിച്ച പല വൈദ്യന്മാരും നൂററുക്കു നൂറുശതമാനവും സുഖപ്പെടുമെന്നു അഭിപ്രായപ്പെട്ടിരിക്കുന്നു.

ഒരു ഡസൻ ഗുളികയ്ക്കു വില രൂ. 1. ണ. 4.
വി. പി. ചെലവു പുറമേ
കെ. കേശവൻവൈദ്യൻ മനക്കോട്ടം, ചേൎത്തല, തുറവൂർ.

# കലയും കലാകാരനും

(പി. കേശവദേവ്)

"വികാരസംക്രമണമത്രെ കല" എന്നുള്ള ടോൾസ്റ്റോയിയുടെ കലാനിർവചനമാണ് ഞാൻ അംഗീകരിക്കുന്നത്. മററു പല കലാരൂപകന്മാരും കലകളെ നിർവചിച്ചിട്ടുണ്ടെങ്കിലും, അവയെല്ലാം അപൂർണ്ണങ്ങളും സംശയജനകങ്ങളുമാണ്. ടോൾസ്റ്റോയിയുടെ കലാനിർവചനപ്രകാരം നോക്കുമ്പോൾ എല്ലാ ജീവജാലങ്ങളിലും കലയുണ്ട്. യജമാനനെ കാണുമ്പോൾ വാലാട്ടി തലകുനിച്ച് അടുത്തു വന്നു പാദം നക്കുന്ന പട്ടിയുടെ ആ ക്രിയകളിലെല്ലാം കലയുണ്ട്. നിങ്ങൾക്ക് ഇപ്പോൾ ഉള്ളതോ, ഇതിനുമുൻപുണ്ടായിരുന്നതോ ആയ ഏതെങ്കിലും ഒരു വികാരത്തെ വാക്കുമൂലമോ, അഭിനയംമൂലമോ, മറെറതെങ്കിലും വിധത്തിലോ നിങ്ങൾ എന്നോടു പ്രതിപാദിക്കുമ്പോൾ, ആ വികാരം അല്പമെങ്കിലും എന്നിൽ സംക്രമിക്കുന്ന പക്ഷം, നിങ്ങളുടെ പ്രതിപാദനത്തിൽ കലയുണ്ട്.

ഇങ്ങനെ നോക്കുമ്പോൾ നമ്മിലെല്ലാവരിലും കലയുണ്ടെന്നു കാണാം. പക്ഷേ, നമ്മിലെല്ലാം കലയുള്ളതുകൊണ്ട് നാമെല്ലാം കലാകാരന്മാരാണെന്നു പറയുവാൻ നിവൃത്തിയില്ല. നമ്മുടെ വികാരങ്ങളെ നമ്മുടെ അടുത്തുള്ള ഏതാനും പേരിലേക്കു സംക്രമിപ്പിക്കുവാൻ മാത്രമെ നമുക്കു സാധിക്കുകയുള്ളു. എന്നാൽ നമ്മിലുള്ള വികാരത്തെ വാക്കുകൾകൊണ്ടോ, അഭിനയംകൊണ്ടോ, മറെറതെങ്കിലും വിധത്തിലോ, ഒരുമിച്ചു കൂടിയിരിക്കുന്ന ഒരു സദസ്സിലേക്കോ, പരന്നുകിടക്കുന്ന ജനതയിലേക്കോ സംക്രമിപ്പിക്കുവാൻ നമ്മിൽ പലക്കും സാദ്ധ്യമാവുകയില്ല. നമ്മിൽ ചിലരുടെ അമ്മമാർ മരിച്ചിട്ടുണ്ടാവും. അപ്പോൾ നമുക്കുണ്ടായ വ്യസനം നമ്മുടെ സ്നേഹിതന്മാരിലേക്കു സംക്രമിപ്പിക്കുവാനും നമുക്കു സാധിച്ചിട്ടുണ്ടാവും. എന്നാൽ, മഹാകവി കുമാരനാശാന്റെ അമ്മ മരിച്ചപ്പോൾ അദ്ദേഹത്തിനുണ്ടായ വ്യസനത്തെ കേരളീയരിലെല്ലാം സംക്രമിപ്പിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അതുപോലെതന്നെ നാലപ്പാട്ടു നാരായണമേനോൻ അവർകളുടെ ഭാര്യ മരിച്ചതിലുള്ള വ്യസനത്തെ "കണ്ണുനീർത്തുള്ളി"മൂലം എല്ലാ കേരളീയരിലേക്കും അദ്ദേഹം സംക്രമിപ്പിച്ചിട്ടുണ്ട്. നമ്മിലെല്ലാം കലയുണ്ടെങ്കിലും, നാം കലാകാരന്മാരല്ലാത്തതിനുള്ള കാരണങ്ങളിൽ ഒന്ന് ഇതാകുന്നു.

ഇതിനു മറെറാരു കാരണവുമുണ്ട്. നമ്മുടെ വികാരങ്ങളെ കാണികളിലേക്കോ, ശ്രോതാക്കളിലേക്കോ സംക്രമിപ്പിക്കുവാനല്ലാതെ, മററുള്ളവരുടെ വികാരങ്ങളെ കാണികളിലേക്കും ശ്രോതാക്കളിലേക്കും സംക്രമിപ്പിക്കുവാൻ നമ്മിൽ പലക്കും കഴികയില്ല. എന്നാൽ ഒരു കലാകാരനാവട്ടെ, അവന്റെ ചുററുപാടുമുള്ളവരുടെയെല്ലാം വിചാരങ്ങളേയും വികാരങ്ങളേയും ആഗ്രഹങ്ങളേയും മററും കാണികളിലേക്കൊ, ശ്രോതാക്കളിലേക്കോ, വായനക്കാരിലേക്കോ സംക്രമിപ്പിക്കുവാൻ സാധിക്കും. വാക്കുകൾ എഴുതിയായാലും, പറഞ്ഞിട്ടായാലും, അഭിനയിച്ചിട്ടായാലും, സ്വരങ്ങൾകൊണ്ടായാലും, ചായങ്ങൾകൊണ്ടായാലും, കൊത്തുപണികൾകൊണ്ടായാലും കലാകാരൻ അയാളുടെ മാത്രമല്ല അയാളുടെ ചുററുപാടുമുള്ളവരുടേയും വികാരങ്ങളേയും വിചാരങ്ങളേയും മനുഷ്യസമുദായത്തിലേക്കു സംക്രമിപ്പിക്കുന്നു. അതുകൊണ്ട് റസ്കിൻ പറയുന്നതു്, കലകളെല്ലാം അവ നിർമ്മിക്കപ്പെടുന്ന കാലത്തെ ജനങ്ങളുടെ ഉദ്ദേശങ്ങളുടേയും ആവേശങ്ങളുടേയും വികാരങ്ങളുടേയും പ്രകടനമാകുന്നു എന്ന്.

ഇനിയും വേറൊരു കാരണമുണ്ട്. നമ്മുടെ പരിസരങ്ങൾ ഒരു കലാകാരന്റെ മനസ്സിൽ പ്രതിബിംബിക്കുന്നതുപോലെ അത്ര കണ്ടു പൂർണ്ണമായും വ്യക്തമായും നമ്മുടെ മനസ്സിൽ പ്രതിബിംബിക്കയില്ല. മനസ്സ് പരിതഃസ്ഥിതികളുടെ കണ്ണാടിയാകുന്നു. നമ്മുടെ മനസ്സാകുന്ന കണ്ണാടിയിലും പരിതഃസ്ഥിതികൾ പ്രതിബിംബിക്കാതിരിക്കയില്ല. എന്നാൽ കലാകാരന്റെ മനസ്സിൽമാത്രമെ, പരിസരങ്ങളിലുള്ള എത്രയും സൂക്ഷ്മമായ വിചാരങ്ങളും വികാരങ്ങളുംകൂടി പ്രതിഫലിക്കു; മാത്രമല്ല, ഒരു കലാകാരനു മാത്രമെ അയാളുടെ നിസ്സാരങ്ങളായ വിചാരങ്ങളേയും വികാരങ്ങളേയും കൂടി അയാളുടെ മനസ്സിൽ വ്യക്തമായി കാണുവാൻ സാധിക്കുകയുള്ളു. തെരുവീഥിയിൽകൂടി നടക്കുമ്പോൾ പ്രക്ഷോഭജനകമൊ, അത്ഭുതജനകമൊ ആയ വല്ലതും കണ്ടാൽ മാത്രമെ നാം ശ്രദ്ധിക്കാറുള്ളു; അങ്ങനെയുള്ള സംഭവങ്ങൾ മാത്രമെ നമ്മുടെ മനസ്സിൽ പ്രതിഫലിക്കാറുള്ളു. എന്നാൽ തെരുവീഥിയിൽകൂടി നടക്കുന്ന ഒരു കലാകാരന്റെ മനസ്സിൽ, അയാൾ പ്രത്യേകം ശ്രദ്ധിക്കാതെ തന്നെ ആ തെരുവീഥിയിലുള്ള നിസ്സാരസംഭവങ്ങളും കാഴ്ചകളും പ്രതിഫലിക്കും.

കലാകാരന്റെ മനസ്സ് അത്ര നിർമ്മലവും വിശാലവുമാകുന്നു. അതുകൊണ്ട് ഒരു കലാകാരൻ അയാളുടെ മനസ്സിലേക്കു നോക്കിയാൽ മതി, അയാളുടെ പരിസരങ്ങളേയും അയാളെ തന്നെയും അവിടെ കാണുവാൻ കഴിയും. കലാകാരന്റെ മനസ്സിന്റെ പ്രതിഫലനമാകുന്നു കല. അതു കൊണ്ടത്രെ "വ്യക്തമായി കാണുകയാണ് കവിത" എന്ന് റസ്കിൻ പറയുന്നതു്.

വ്യക്തമായി കാണുക, ആവേശത്തോടു കൂടി ചിന്തിക്കുക, ലളിതമായും


## സ്വരാജ്യഫാർമസി

(രജിസ്റ്റർ ചെയ്യപ്പെട്ടതു്)

ഹെഡ് ആഫീസ് : ആലുവാ (തിരുവിതാംകൂർ)

"ദക്ഷിണേന്ത്യയിലെമാതൃകാവൈദ്യസ്ഥാപനം"

ഇന്ത്യയിലും ഇതരരാജ്യങ്ങളിലും ഒരുപോലെ പ്രശസ്തിയും പ്രചാരവും സിദ്ധിച്ചിട്ടുള്ള ഞങ്ങളുടെ **ആയുർവേദ ഔഷധങ്ങൾ** വരുത്തി ഉപയോഗിപ്പിൻ

രോഗവിവരം വിശദമായി അറിയിക്കുന്നതായാൽ ശാസ്ത്രീയമായി ചികിത്സ നിശ്ചയിച്ച് ഔഷധങ്ങൾ വി. പി. മൂലം അയച്ചുകൊടുക്കുന്നതാണ്.

കൂടുതൽ വിവരത്തിന് മലയാളം, തമിഴ്, ഇംഗ്ലീഷ് ക്യാററലാഗുകൾക്കെഴുതുക

ബ്രാഞ്ചുകൾ

ചാലക്കുടി    എറണാകുളം

വികാരോദ്ദീപകമായും പ്രതിപാദിക്കുക—അതാണ് കല. അവ്യക്തമായും അപൂർണ്ണമായും കാണുക, വിപുലമായി ചിന്തിക്കുക, അവ്യക്തമായി പ്രതിപാദിക്കുക—അങ്ങനെ ഒരു തരം കലയ്ക്ക് പ്രചാരം കൊടുക്കുവാൻ ഒരു സംരംഭം കാണുന്നുണ്ട്. അതിൻെറ പേർ "മിസ്റ്ററിസിസം" എന്നാണ്. മിസ്റ്ററിക്ക് കലാകാരന്മാർ വിപുലമായി ചിന്തിക്കുന്നവരാണെന്ന് പറയപ്പെടുന്നു. അവർ വിപുലമായി ചിന്തിക്കുന്നുണ്ടെന്നുള്ളതിൽ എനിക്കു പക്ഷാന്തരമില്ല. പക്ഷെ അവരുടെ വിപുലമായ ചിന്ത അവ്യക്തമായ ചിന്തയാണ്. തൻനിമിത്തം അതു് അവാസ്തവചിന്തയാകുന്നു. അവർ അവ്യക്തമായി ചിന്തിക്കുന്നതു കൊണ്ടാണ്, അവരുടെ പ്രതിപാദനം അവ്യക്തമായിരിക്കുന്നതു്. ടാഗൂറിൻെറ മിസ്റ്ററിക്ക് കവിതകളിലല്ല, അദ്ദേഹത്തിൻെറ ചെറുകഥകളിലാണ് പ്രതിഭാശാലിയായ ടാഗൂറിനെ ഞാൻ കാണുന്നതു്. "മോഡേൺ റിവ്യൂ"വിൽ കാണാറുള്ള മിസ്റ്ററിക്ക് ചിത്രങ്ങളിൽ വിപുലമായ ചിന്തയൊ, നിഗൂഢചിന്തയൊ ഒക്കെ ഉണ്ടെങ്കിലും അവ ഉത്തമകലയാണെന്ന് ഞാൻ പറയുകയില്ല. വികാരസംക്രമണം എന്നകലാധർമ്മം അവ നിർവ്വഹിക്കുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഫണം പരത്തിക്കൊണ്ടിഴഞ്ഞുവരുന്ന പാമ്പിനെ പിടിക്കുവാൻ കൈനീട്ടുന്ന കുട്ടിയെ കണ്ടു് ഭയവിഹ്വലയായ മാതാവ് ഓടിവരുന്ന ഒരു ചിത്രം ഞാൻ ഈയിടെ കാണുകയുണ്ടായി. ആ ചിത്രം തികച്ചും വികാരോദ്ദീപകമാണെന്നു മാത്രമല്ല ആലോചനാമൃതവും കൂടിയാണെന്നാണ് എൻെറ പക്ഷം. രവിവർമ്മയുടെ ചില ചിത്രങ്ങൾ ഉത്തമകലയാണെന്നു വരികിലും, അദ്ദേഹത്തിൻെറ സരസ്വതിയും മഹാവിഷ്ണുവും ഗണപതിയും വെറും കല്പ്പവട സാധനങ്ങൾ മാത്രമാകുന്നു.

കല എന്നതു് കടംകഥയും ചിത്രപ്രശ്നമത്സരവും മററുമല്ല. വ്യക്തമായി കാണുവാനും ആവേശത്തോടുകൂടി ചിന്തിക്കുവാനും ലളിതമായും വികാരോദ്ദീപകമായും പ്രതിപാദിക്കുവാനും ത്രാണിയുള്ളവനാണ് കലാകാരൻ.

—:—

## കവിതാപംക്തി

### പ്രേമാങ്കുരം

എം. പി. അപ്പൻ, ബി. എ. (ഓണേഴ്സ്)

സായാഹ്നവേളതോറും ജലംകോരുവാൻ
സാവധാനമാററരികിൽ ഞാനെത്തവെ,
തീരത്തുനിൽക്കുന്ന പൂമരം ചാച്ചൊരു
താരണിക്കൊമ്പിൻെറ ശീതളച്ഛായയിൽ
മിന്നിമിന്നും കൊച്ചുകൊച്ചലമാലകൾ
തന്നിളം ചുംബനമേൽപ്പൊരുതോണിയിൽ
ഗൌരവമാർന്നു കുനിഞ്ഞിരിക്കും ഗ്രന്ഥ-
പാരായണത്തിനായായുവകോമളൻ.
എൻകാൽച്ചിലമ്പു കിലുങ്ങി മധുരമാം
മംഗളഗീതമെമ്പാടും മുഴങ്ങിലും
പുസ്തകത്തിൽനിന്നു കണ്ണെടുക്കാതെയാ-
സുസ്ഥിരചിത്തനിരിക്കും പതിവുപോൽ!
കൂലദ്രുമത്തോടനുബദ്ധമായൊര-
ച്ചേലഞ്ചിടും ചെറുവഞ്ചിയെപ്പോലവേ
സ്വാതന്ത്ര്യമില്ലാതുഴലുകയായിടാ-
മത്തരുണൻെറ മൃദുലഹൃദന്തവും.
വഞ്ചിക്കു ചുഴവും നീന്തിത്തുടിക്കുന്ന
കാഞ്ചനഭാസ്സാർന്ന മീനിൻകളികളോ
കാററിൽപ്പറന്നു തൻ തോളത്തിലങ്ങിങ്ങു
പാറുന്ന പൂക്കൾതൻ ലീലാവിലാസമോ
പച്ചിലച്ചാർത്തിന്നിടയിലമരുന്ന
കൊച്ചുകിളിയിൻ കളമൃദുഗാനമോ
വിശ്രാന്തിപൂണുവാൻ കൂട്ടത്തോടെത്തുന്ന
പക്ഷികളോലും ചിറകടിയൊച്ചയോ
ഏതുമറിയാതെ ചിന്താനിമഗ്നനാ-
യസ്സുകുമാരനിരിക്കും പ്രതിമപോൽ.
വെള്ളംനിറച്ച കുടവുമെടുത്തുഞാൻ
മെല്ലെമെല്ലെ മടങ്ങീടുന്നവേളയിൽ
വായനയിൽ മനസ്സേകാഗ്രമാക്കിയോ-
രായുവാവിൻ സമീപത്തിലെത്തീടവെ
തുള്ളിത്തുളുമ്പും പരവശമായൊരെ-
ന്നുള്ളത്തിനൊപ്പം ചലദ്ഘടമാം നീരവും
ഏതിലുമെന്നെത്തിരിഞ്ഞുനോക്കാതെ, യാ-
മംഗളാത്മാവിരുന്നീടും ഗഭീരനായ്.
ശാന്തിപ്രദമാം കുടലിന്നടിയിലും
കാന്തിതഴപ്പാർന്ന മുത്തുമിന്നീടുകിൽ
ആമോഹനൻെറ കരൾത്തടംതന്നിലും
പ്രേമാങ്കുരങ്ങളുണ്ടാകേണ്ടതല്ലയോ?

—:—

### ജീവിതശുദ്ധി

(വിദ്വാൻ ടി. സി. യോഹന്നാൻ)

ആവിർമ്മോദമവികലം മുന്നോട്ടെൻ
ജീവിതയാനപാത്രമിളകവേ
എന്തിനയ്യോ വലിക്കുന്നു നിഷ്കൃപം
സന്തതം പിന്നിലേയ്ക്കു ഹാ—മാനവർ

ഞാനൊരു പരമാണുപ്രമാണമാം
മാനവനേതും പിന്തുണയററവൻ
ലോകവ്യാപാരമല്ലാളിക്കൂട്ടരി-
ലേകൻപോലുമില്ലെന്നൊയുയർത്തുവാൻ.
കോഴക്കുത്തകക്കാരെക്കനിയിപ്പാ-
നേഴയാമെനിക്കില്ലുപഹാരവും.

ഖേദത്തിൻ പട്ടതാഡനമേററുഞാൻ
ചേതസ്സുവിങ്ങി കേഴുവേനിപ്പൊഴും.
വാക്കിലും ജീവലാക്കിലുമെന്നല്ലെൻ
പോക്കിലും താപമാക്കുമിയററാത്തോൻ
പാരിടത്തിൻ കരുമനകാണവേ
പാരമുള്ളുകരിഞ്ഞു കരയുവോൻ.
എങ്കിലും പുരോഭാഗികൾ സന്തത-
മെങ്കലെന്തപരാധം ചുമത്തുന്നു.
ശങ്കതെല്ലുമിയലാതെൻ മാർഗ്ഗത്തിൽ-
സങ്കടക്കിടങ്ങയ്യോ കുഴിക്കുന്നു.
കണ്ണിൽ ചോരതടവാത്തലോകമേ
പുണ്ണിൽകുത്തി രസിക്കുവതെന്തിനായ്.
ദീനരിൽപരം ദൂനതചേർപ്പതീ
മാനികൾക്കലംകാരമോ ദൈവമേ!
ദീനശീർഷനിരകൾ ധനികളെ
വാനിലേററും ചവിട്ടുപടികളോ?

എന്നെമേലുരം ഹിംസിപ്പതെന്തിന-
ച്ചുന്നശങ്കമെൻ സോദരരെപ്പൊഴും.
ആരെയും പൊടിയിട്ടുവിളക്കുവാൻ
തീരെയുമെനിക്കില്ല ഹാ! വൈഭവം.

ഉള്ളിൽ കാപട്യകാകോളമാളവേ
കള്ളപ്പുഞ്ചിരി തൂകിനിരന്തരം
അന്യരെക്കബളിപ്പിപ്പോരാണുപോൽ
ധന്യർ ഹാ—മന്നിൽ പ്രാഭവമാളുവോർ.
ആർത്തർതൻ ജീവശോണിതവും പാപ-
മൂർത്തികൾക്കു കമനീയപാനീയം.

ഏവരും മമ സോദരരെന്നുഞാൻ
ഹാ! വിശങ്കം കരുതിയമരവേ
സോദര പ്രേമപ്രേരിതനായിഞാൻ
സാദരം ദീനസേവവരിക്കവേ
കേവലം ഘൃണയററപോലീലോക-
മാവിലച്ചേറാലെന്നെയെറിയുന്നു.
എങ്കിലും മമ ജീവിതശുദ്ധിയിൽ
ശങ്കയില്ലെനിക്കല്പവുമിപ്പൊഴും
ദൂരമല്ലാത്ത ഭാവിയിലേവരു-
മോരും ഞനെയെന്നോരുമസംശയം

—:—

സി. കേശവൻ
ബന്ധനത്തിൽ
ഇന്നു് 436 ദിവസം

# ജോസഫ് സ്റ്റാലിൻ ആര്

“സോസൊ വളരെ നല്ല കുട്ടിയായിരുന്നു. ഒരിക്കലെങ്കിലും അവനെ ശിക്ഷിക്കേണ്ട ആവശ്യകത എനിക്കു നേരിട്ടിട്ടില്ല. പാഠങ്ങൾ പഠിക്കുന്നതിൽ അവൻ വളരെ ശ്രദ്ധാലുവായിരുന്നു. അവനു പഠിക്കേണ്ടാത്തതായി യാതൊന്നും ഇല്ലായിരുന്നുതാനും” എന്നിങ്ങനെയാണ്



77 വയസ്സു പ്രായംചെന്ന എക്കറ്റെറീനാ ജൂഗാഷ്‌വിൽ എന്നു പേരായ കൃഷീവല അവളുടെ ജോസഫിനെക്കുറിച്ചു പറയുന്നതു്. അവൾ പുത്രനെ വിളിക്കുന്ന ഓമനപ്പേരു സോസൊ എന്നാണ്.

എന്നാൽ ആരാണ് ഈ സോസൊ? ലോകം വേറൊരു പേരിലാണ് ഈ സോസൊയെ അറിയുന്നതു്. ആ പേര്—ലോകംമുഴുവനും നടുക്കമുണ്ടാക്കുന്ന ആ പേര്—സ്റ്റാലിൻ എന്നാണ്. സ്റ്റാലിന്റെ മാതാവു് ടൈഫിലിസിനടുത്തുള്ള ഒരു മനോഹര സൌധത്തിലാണ് ഇപ്പോൾ താമസിച്ചുവരുന്നതു്. ട്രാൻസ് കൊക്കേഷ്യൻ റിപ്പബ്ളിക്കിന്റെ ഹെഡ്ക്വാട്ടേഴ്സായ ആ കെട്ടിടത്തിൽ രണ്ടു മുറിയാണ് സ്റ്റാലിന്റെ അമ്മയ്ക്കു ഒഴിഞ്ഞുകൊടുത്തിരിക്കുന്നതു്. അതിമനോഹരമായ പൂന്തോട്ടങ്ങളിൽ കൂടി, പല മുറികളും പല കോണിപ്പടികളും കയറിവേണം അവരുടെ മുറിയിൽ എത്തുവാൻ. ഒരു മൂലയിൽ വർത്തമാനപ്പത്രങ്ങൾ അടുക്കിവച്ചിട്ടുള്ള ഒരു ചെറിയ മേശയുണ്ടു്. സ്റ്റാലിൻ എഴുതിയിട്ടുള്ള ലേഖനങ്ങളെല്ലാം സൂക്ഷിക്കുന്നതു് അദ്ദേഹത്തിന്റെ അമ്മയ്ക്കു വളരെ പ്രിയപ്പെട്ട ഒരു കാര്യമാണ്. സ്റ്റാലിൻ ജീവിതമാരംഭിച്ച ആ ടൈഫ്ളിസ് പട്ടണം എപ്പോഴും കൗതുകപൂർവം ജനാലയിൽകൂടി നോക്കിക്കൊണ്ടിരിക്കുന്നതു് ആ മാതാവിന് ഏറ്റവും പ്രിയമുള്ള ഒരു കാര്യമാകുന്നു.

അവർ പറയുന്നു:-സോസൊ ജനിച്ചതു് ലിലോയിലാണെന്നു് പറയുന്നതു് എന്തബദ്ധമാണ്. അവന്റെ മൂത്തസ്സനാണ് ലിലോയിൽ ജനിച്ചതു്. സോസൊ ഗോറിയിലാണ്. ക്രിസ്തുമസിന് എട്ടുദിവസം മുമ്പേയാണ് അവൻ ഭൂജാതനായതു്. അന്നെനിക്കു ഇരുപതുവയസ്സു പ്രായമുണ്ടായിരുന്നു. അവൻ എന്റെ നാലാമത്തെ പുത്രനാണ്. അവൻ ജനിക്കുംമുമ്പെ ബാക്കിയുള്ളവരെല്ലാം മരിച്ചുപോയി. സോസൊ എന്റെ ഏകപുത്രനാണ്. എന്റെ മകനെക്കാൾ കൂടുതലായി ഈ ലോകത്തു ഞാൻ യാതൊന്നും സ്നേഹിക്കുന്നില്ല. ഒരു കാലത്തു് അസൂയാജനകമായ ഒരു നിലയിൽ എന്റെ മകൻ എത്തിച്ചേരുമെന്നു ഞങ്ങൾ ആരും വിചാരിച്ചില്ല. അവന്റെ അച്ഛൻ വിസാറിയൊ ജീവിച്ചിരുന്നുവെങ്കിൽ സോസൊയും പക്ഷേ ഒരു ചെരുപ്പുകുത്തിയായിത്തന്നെ ജീവിതം കഴിക്കുമായിരുന്നു. എന്റെ ഭർത്താവു് ഒരു ചെരുപ്പുകുത്തിയായിരുന്നു. അദ്ദേഹത്തിന്റെ പിതാവും പിതാമഹനും എല്ലാം പാവപ്പെട്ട വെറും ചെരുപ്പുകുത്തികൾ മാത്രമായിരുന്നു. എന്റെ അച്ഛൻ എന്നും പറയുമായിരുന്നു അദ്ദേഹം സോസൊയെ ഒന്നാംതരം ഒരു ചെരുപ്പുകുത്തിയാക്കിത്തീർക്കുമെന്നു്. പക്ഷെ, അവന്റെ പതിനൊന്നാമത്തെ വയസ്സിൽ എന്റെ അച്ഛൻ മരിച്ചു. അങ്ങനെ ആ ആഗ്രഹവും അവസാനിച്ചു. എന്റെ ഏറ്റവും വലിയ ആശ അവനെ ഒരു വൈദികൻ ആക്കണമെന്നായിരുന്നു. ഞാൻ എന്നും എപ്പോഴും അതുതന്നെ സ്വപ്നം കണ്ടുകൊണ്ടിരുന്നു.”

പതിനഞ്ചാമത്തെ വയസ്സിൽ സ്റ്റാലിനെ ഗോറിയിൽനിന്നു ടൈഫ്ളിസിലേക്കു കൊണ്ടുവന്നു അവിടത്തെ വൈദികകാളേജിൽചേർത്തു. നാലുകൊല്ലം ആ കാളേജിൽ പഠിച്ചു. ഒരു ദിവസം അവന്റെ പുസ്തകങ്ങളുടെ കൂട്ടത്തിൽ കാറൽ മാർക്സിന്റെ ലേഖനങ്ങൾ കണ്ടുകിട്ടുകയാൽ കാളേജിൽ നിന്നു ബഹിഷ്കരിച്ചു. സ്റ്റാലിന്റെ മാതാവുപറയുന്നതു് അവന്റെ ശരീരസ്ഥിതി മോശമായതിനാൽ വിദ്യാഭ്യാസം നിറുത്തിവച്ചുവെന്നും ജീവചരിത്രകർത്താക്കന്മാർ പറയുംപോലെ സ്റ്റാലിനെ കാളേജിൽനിന്നു ബഹിഷ്കരിച്ചില്ലെന്നുമാകുന്നു. അതിനുശേഷം പത്തൊമ്പതാമത്തെ വയസ്സിൽ സ്റ്റാലിൻ ടൈഫ്ളിസിലെ സോഷ്യൽ ഡെമോക്രാററിക്ക് സംഘത്തിൽ ചേർന്നു. അർമീനിയായിൽ നടന്ന കൂട്ടക്കൊല അയാളുടെ ഹൃദയത്തിൽ അതിഗാഢമായി പതിഞ്ഞിരുന്നു. മൂന്നുകൊല്ലംകഴിഞ്ഞു 1901-ൽ ടൈഫ്ളിസിൽ സ്ഥാപിച്ച ആദ്യത്തെ നിയമവിരുദ്ധമായ മാർക്സിസ്ററു സം

ശാസ്ത്രീയമായ പഠിപ്പും, പരിചയവും, പഴക്കവും ബോദ്ധ്യപ്പെട്ടു് 1110-ൽ
നമ്മുടെ ബ: ഹൈക്കോടതിയെ അലങ്കരിച്ചിരുന്ന ഏഴു ജഡ്ജിമാരുടേയും
ഐകകണ്ഠ്യേനയുള്ള അഭിപ്രായപ്രകാരം കൊല്ലം ജില്ലാ, മുൻസിഫ് ഈ കോർട്ടുകളിൽ എൻലിസ്ററു ചെയ്യപ്പെട്ട
കമ്മീഷണർ

സർവെയും — ശരിയായി നടത്തും — ആധാരമെഴുത്തും

കെട്ടിടങ്ങളുടേയും മററും പ്ളാനും അടങ്കലും മേൽനോട്ടവും

ജഡ്ജിമെൻറു തർജ്ജമയും

സർവയർ
പി. എസ്. പരമു, (പടി: കൊല്ലം)
ആഫീസ്: ഡിവിഷൻകച്ചേരിക്കു പടിഞ്ഞാറുവശം, കൊല്ലം

ഘത്തിലെ ഒരു പ്രധാന പ്രവൎത്തകനായിരുന്ന സ്റ്റാലിൻ. അതിനുശേഷം 1917 ഫെബ്രുവരിയിൽ നടന്ന കെറൻസ്കി വിപ്ലവംവരെ ഒരു വിപ്ലവകാരിയുടെ ജീവിതം അദ്ദേഹം കഴിച്ചുകൂട്ടി. ആറു തവണ അദ്ദേഹത്തെ അറസ്റ്റുചെയ്തു തടവിൽപാൎപ്പിച്ചു നാടുകടത്തുകയുണ്ടായി. അഞ്ചുതവണ ഈ ശിക്ഷകളിൽ നിന്നു ചാടി രക്ഷപെട്ടു. 1913-ൽ ആൎട്ടിക്ക് സൎക്കിളിൽ ഒരു സ്ഥലത്തേയ്ക്കു സ്റ്റാലിൻ ബഹിഷ്കൃതനായി. 1917-വരെ അവിടെത്തന്നെ അദ്ദേഹം കഴിച്ചുകൂട്ടി. എട്ടുസംവത്സരക്കാലം ജോസഫ് സ്റ്റാലിൻ ജയിലുകളിൽ കഴിച്ചുകൂട്ടിയിട്ടുണ്ട്. അന്നു അനുഭവിക്കേണ്ടിവന്ന സങ്കടങ്ങൾ ഒന്നും തന്നെ സ്റ്റാലന്റെ ദൃഢനിശ്ചയത്തേയോ ആത്മവീൎയ്യത്തേയോ ഭഞ്ജിച്ചില്ല. ഉരുക്കുപോലെ ഉറച്ച ശരീരമാണ് സ്റ്റാലിനു ഉണ്ടായിരുന്നതു്. അതുകൊണ്ടാണ് സ്റ്റാലിൻ എന്ന പേരുതന്നെ അദ്ദേഹത്തിനു സിദ്ധിച്ചതു്. സ്റ്റാലിന്റെ അമ്മ പറയുന്നു: ആ കാലത്തു് ഞാൻ അനുഭവിച്ച സങ്കടങ്ങൾ അവൎണ്ണനീയങ്ങളാണ്. എന്റെ മകൻ എവിടെയാണെന്നും എന്തെല്ലാം ദുരിതങ്ങൾ അനുഭവിക്കുന്നു എന്നുമുള്ള വിവരം എനിക്കില്ലായിരുന്നു. എന്റെ ഹൃദയം എപ്പോഴും പുകഞ്ഞു എരിഞ്ഞുകൊണ്ടിരുന്നു. എന്റെ ആരോഗ്യത്തേയും മനശ്ശക്തിയേയും നശിപ്പിക്കുന്ന പല ഭയങ്കര വൃത്താന്തങ്ങളും എന്റെ മകനെപ്പററി ഞാൻ കേട്ടിരുന്നു.


എന്താണ് ഒരു മേശയുടെ പുറകിൽ ഇരുന്നു സ്റ്റാലിൻ ഒപ്പുവച്ചു തള്ളുന്നതെന്നും എന്തുകൊണ്ടാണ് റഷ്യമുഴുവനും സ്റ്റാലിനെ ആരാധിക്കുന്നതെന്നും ആ പാവപ്പെട്ട കൃഷീവലയ്ക്കു ഇതുവരെ മനസ്സിലായിട്ടില്ലത്രെ.

—೦—

# ലെനിൻ

—೦—

ഇതു് റഷ്യയിലെ ബോൾഷെവിക്കുകളുടെ നേതാവായിരുന്ന വ്ലാഡിമർ ഇലിച്ച് യൂല്യനാഫ് സ്വീകരിച്ച നാമധേയമാണ്. കൌൺസിൽ മെമ്പറായ ഒരു കുലീന പ്രഭുവിന്റെ മകനായി ഇദ്ദേഹം 1870 ഏപ്രിൽ 10-ാംനു സിംബിൎസ്ക് എന്ന സ്ഥലത്തു് ജനിച്ചു. 1891-ൽ അദ്ദേഹം ലാ പഠിച്ചു; 4 വൎഷം കഴിഞ്ഞു് വിപ്ലവകാരി എന്നകാ



രണ്ടാമതായി [illegible] നാടുകടത്തപ്പെട്ടു. 1900-ൽ ലെനിൻ വിമുക്തനാവുകയും സമഷ്ടിവാദികളുടെ നായകനാവുകയും ചെയ്തു. അടുത്ത 16 വൎഷക്കാലം തന്റെ സിദ്ധാന്തത്തെ പ്രചരിപ്പിച്ചുകൊണ്ട് ആ നിശ്ചല ചിത്തൻ പലരാജ്യങ്ങളിലും സഞ്ചരിച്ചു.

## ബ്ലോക്കുകൾ വില്ക്കാനുണ്ട്

കൗമുദിയിൽ പ്രസിദ്ധപ്പെടുത്തുന്ന ബ്ലോക്കുകൾ കുറഞ്ഞ വിലയ്ക്കു വില്ക്കാൻ തയാർ.

മിതമായ ചാൎജ്ജിൽ പുതിയ ബ്ലോക്കുകൾ ചെയ്തു കൊടുക്കുന്നതുമാണ്.

മാനേജർ, കേരളകൗമുദി,
പേട്ട, തിരുവനന്തപുരം,

1917-ൽ സാർ വംശത്തിന്റെ അധഃപതനം കഴിഞ്ഞ് ഏതാനും ആഴ്ചകൾക്കു ശേഷം ഒരു അടച്ചു പൂട്ടിയ ട്രെയിൻവഴി ജൎമ്മനിയിൽ കൂടെ റഷ്യയിൽ കടക്കാൻ ജൎമ്മൻ ഗവൺമെന്റ് അദ്ദേഹത്തെ സഹായിച്ചു. ലെനിൻ അവിടെ എത്തി കെറൻസ്കിക്കെതിരായി ബോൾഷെവിക്കുകളുടെ നേതൃത്വം സ്വീകരിച്ചു. എന്നാൽ അദ്ദേഹം ഉണ്ടാക്കിത്തീൎത്ത ഇളക്കം ശമിപ്പിക്കപ്പെടുകയും അദ്ദേഹം കുറച്ചു കാലത്തേക്കു് മറഞ്ഞു നിൽക്കുകയും ചെയ്തു. നവംബർ 8-ാംനു ലെനിൻ പെട്ടെന്നു വീണ്ടും പ്രത്യക്ഷനായി ഗവൺമെന്റിനെ തകിടം മറിച്ച് കൌൺസിൽ പ്രസിഡന്റായി ആരോഹണം ചെയ്തു. ജൎമ്മനിയുമായി സമാധാനം സ്ഥാപിക്കുകയായിരുന്നു അദ്ദേഹത്തിന്റെ നയങ്ങളിൽ ഒന്ന്. 1918-ൽ അദ്ദേഹം തന്റെ ഗവൺമെന്റു തലസ്ഥാനം പെട്രോഗ്രാഡിൽ നിന്നും മോസ്കോയിലേക്കു മാററി. അതിനിടയ്ക്കു റഷ്യ വിഭജിക്കപ്പെടുകയും മദ്ധ്യപ്രദേശം മാത്രം ഈ നായകനു് ശേഷിക്കുകയും ചെയ്തു. ജനങ്ങളെ ഭീഷണിപ്പെടുത്തി അവിടെ അദ്ദേഹം തന്റെ അധികാരത്തെ നിലനിൎത്തി. ലെനിനും ട്രാട്സ്കിയും കൂടെ 1919-20 വരെ തങ്ങളുടെ ശക്തിയെ ഉടയ്ക്കുവാനുള്ള സകല സന്നാഹങ്ങളെയും നിരോധിച്ചു നിന്നു. 1924 ജനുവരി 21-ാംനു ലെനിൻ മരിക്കുന്നതുവരെ അജിതനായി ഭരണാധികാരത്തോടുകൂടികഴിഞ്ഞുകൂടി.

## സ്വൎണ്ണാഭരണങ്ങൾ വില്പാൻ തയ്യാർ

തനി പവനിൽ ചെയ്യിച്ചിട്ടുള്ള കാശുരൂപങ്ങൾ, മാലകൾ, വളകൾ, മോതിരങ്ങൾ, കമ്മലുകൾ, കല്ലുകമ്മലുകൾ, മുതലായവയും ഇമിറേഷ്യൻ ചുവപ്പു കല്ലുകൾ, വെള്ളക്കല്ലുകൾ, റങ്കൂൺ വെള്ളക്കല്ലുകൾ മുതലായവയും വെള്ളി അരഞ്ഞാണം, വെള്ളിപ്പാത്രങ്ങൾ, പൂജാ പാത്രങ്ങൾ മുതലായവയും വില്പാൻ തയ്യാർ.

ആവശ്യമുള്ളവർ താഴെ കാണുന്ന വിലാസത്തിൽ ക്യാററ്‌ലോഗിന് ആവശ്യപ്പെടുക.

ആഭരണങ്ങൾക്കാവശ്യമുള്ളവരുടെ ഇഷ്ടാനുസരണം എത്ര ഉരുപ്പടികളും ഭംഗിയായും മിതമായ ചാൎജിലും ചെയ്തു കൊടുക്കുന്നതാണ്.

ചക്കുപുരയ്ക്കൽ ഇട്ടിയവിര അബ്രഹാം & സൺസ്
ആഭരണവ്യാപാരം,
ചങ്ങനാശ്ശേരി, തിരുവിതാംകൂർ

# ചെറുകഥ

## ശാന്ത

(ഹംസാ—ഇടവാ)

i

വസന്തകാലത്തിലെ ഒരു സായാഹ്നം. നവോന്മഥിതങ്ങളായ കുസുമങ്ങളെ ശേഖരിച്ച് ഓരോ മാലയുണ്ടാക്കി അവർ കണ്ഠത്തിൽ അണിഞ്ഞു.

ആ ബാലൻ പറഞ്ഞു-

'ശാന്താ'

'അമാർ'

'നോക്കൂ! ഈ ആരാമം എത്ര മനോഹരമായിരിക്കുന്നു'.

'അതെ'

അവർക്കു മീതെ ആകാശം പ്രശാന്തമായിരുന്നു. ചുററും വിവിധ വർണ്ണങ്ങളിലുള്ള ഒട്ടധികം പുഷ്പങ്ങൾ വികസിച്ച് സൌരഭ്യം പരത്തുന്നുണ്ടായിരുന്നു. പാടിപ്പറന്നിരുന്ന പൂമ്പാററകളുടെ പൊൻപൊടിപൂശിയ പൂഞ്ചിറകുകൾ സായന്തന സമീരണന്റെ സുവർണ്ണ മരീചികളേററ് പ്രശോഭിച്ചിരുന്നു. സർവ്വജനമനോഹാരകമായ ആ ആരാമത്തിൽവച്ച് പരസ്പരം സ്നേഹാവലംബികളായ ആ സഹോദരീസഹോദരന്മാർ അന്നത്തെ പ്രകൃതി രാമണീയകത്തെ വീക്ഷിച്ച് ആനന്ദനിർവൃതിയടഞ്ഞു.

ഇവർ 'മേവാർ' മഹാറാണായുടെ കർമ്മസചിവനായ 'ഗോവിന്ദസിംഗി'ന്റെ സന്താനങ്ങളായിരുന്നു. 'അമാർ'ന് കഷ്ടിച്ച് പത്തുവയസ്സുകാണും; അവന്റെ സഹോദരിയായ 'ശാന്ത'യ്ക്ക് എട്ടും. ഇവരുടെ മിത്രഭാവം കേവലം സഹോദരീ സഹോദര സഹജമായ ഒന്നല്ലായിരുന്നു; അത് വിശിഷ്ടതരമായ ഒരു ബന്ധത്തെയത്രെ സ്വീകരിച്ചിരുന്നത്. വളരെ ദുർല്ലഭമായിട്ടേ അവർ തമ്മിൽ പിരിയാറുണ്ടായിരുന്നുള്ളു.

ആദിത്യ ബിംബം ആഴിപ്പരപ്പിലണഞ്ഞു. പക്ഷിമൃഗാദികൾ അവയുടെ ഭവനങ്ങളെ അഭയം പ്രാപിക്കുന്നു. 'അമാർ' പറഞ്ഞു-

'ശാന്താ'

'അമാർ'

'നമുക്കു വീട്ടിൽ പോകാം'

'അതെ'

കൈയും കൈയും കോർത്തു അവർ കാലടികൾ ഓരോന്നായി വച്ചുതുടങ്ങി.

ii

പ്രകൃതി പത്തുതവണ പൂക്കുകയും കിളുക്കുകയും ചെയ്തു. 'മേവാറി'ൽ അന്ന് ഉദിച്ചു പൊങ്ങിയിരുന്ന ശാന്തസൂര്യൻ ഇപ്പോൾ അസ്തമിച്ചിരിക്കുന്നു. പ്രഗത്ഭനായ മുഗൾചക്രവർത്തി തന്റെ പരാക്രമ വിക്രിയകൾ മേവാറിനോട് കാട്ടിത്തുടങ്ങിയിരിക്കുന്നു. അത്യാസന്നമായ ഈ ദുർഘടത്തിൽ രാജപുത്രരക്തം തിളച്ചു പൊങ്ങി. ജീവൻ ബലികഴിച്ചെങ്കിലും സ്വരാജ്യത്തെ രക്ഷിച്ച് സ്വാതന്ത്ര്യത്തെ വീണ്ടെടുക്കുവാൻ എല്ലാവരും മുതിർന്നു.

ചന്ദ്രപ്രകാശമുള്ള ഒരു രാത്രി. രാജപുത്ര സങ്കേതങ്ങളിൽ പ്രകാശം കാണുന്നുണ്ട്. കൂടക്കൂടെ കേൾക്കാറുണ്ടായിരുന്ന അവരുടെ സമരസന്നാഹകാഹളം മാത്രമേ നിശ്ശബ്ദതയെ ഭഞ്ജിച്ചിരുന്നുള്ളു. രാജോദ്യാനത്തിലുള്ള ഒരു വൃക്ഷത്തിന്റെ ഇരുളടഞ്ഞ ഛായയിൽ രണ്ടുപേർ നില്ക്കുന്നു. ഒരു യുവാവും ഒരു യുവതിയും. അശുഭസൂചകവും ഭയങ്കരവുമായ നിശ്ശബ്ദത അവിടെ എങ്ങും വ്യാപിച്ചിരുന്നു. വൃക്ഷലതാദികളുടെ മർമ്മരശബ്ദം അതുശുഭോദർക്കമായ പരിതഃസ്ഥിതികളെ സൂചിപ്പിച്ചിരുന്നു.

ആ യുവതി ചോദിച്ചു.

'അമാർ'

'ശാന്താ'

'യുദ്ധം എപ്പോഴാണ് അവസാനിക്കുന്നത്.'

'ദൈവത്തിനേ അറിയാൻ കഴിയൂ'

'അമാർ എപ്പോഴാണ് യുദ്ധരംഗത്തു പ്രവേശിക്കുന്നത്.'

'നാളെ പ്രഭാതത്തിൽ'

വ്യസനച്ഛായ കലർന്ന സ്വരത്തിൽ അവൾ വീണ്ടും ചോദിച്ചു. 'നമുക്കു ഇനി കാണുവാൻ സാധിക്കുമോ? യുദ്ധാനന്തരം കാണുകയെന്നത്.........?

അവളുടെ ശബ്ദം ഇടറി.

'ദൈവത്തിനറിയാം'

പരിപൂർണ്ണനിശ്ശബ്ദത. മന്ദമാരുതാശ്ലേഷത്താൽ ആ വൃക്ഷത്തിന്റെ ഒരു കമ്പ് ഒന്നു ചലിച്ചു. നിശാദേവന്റെ സുവർണ്ണകിരണങ്ങൾ കുങ്കുമാഭമായ അവളുടെ കവിൾത്തടത്തിൽ പതിച്ചു. ആ സുന്ദരവദനം ദുഃഖരേഖയാൽ ആവൃതമായിരുന്നു

സംഭാഷണം തുടരാൻ അവർക്കു സാദ്ധ്യമല്ലാതെയായി. സമരസാഗരത്തിന്റെ കല്ലോലമാലകളിൽ നീന്തിക്കളിക്കുവാൻ ഒരവസരം ലഭിച്ചതിൽ സന്തുഷ്ടനായ ആ സഹോദരൻ യുദ്ധോദ്യുക്തനായി യാത്ര പറഞ്ഞു

'ശാന്താ! നമസ്കാരം'

'നമസ്കാരം'

iii

അന്ന് 'ശാന്ത' പതിവിനു വളരെ മുൻപുതന്നെ ശയ്യയെ ആശ്രയം പ്രാപിച്ചു. അവൾക്കു നിശ്ശേഷം ഉറക്കം വന്നില്ല. താൻ ആത്മാവിനേക്കാൾ


## എന്റെ മഹാഭാഗ്യം

### ആർ. ശിവതാണുവൻ തമ്പി

ഞാൻ ഇംഗ്ലീഷ് പള്ളിക്കൂടത്തിൽ പഠിച്ചിട്ടേയില്ല. എന്നാൽ ഇംഗ്ലീഷ് കറസ്പാണ്ഡൻസ് സ്കൂളിൽ നിന്നു എ. ബി. സി. മുതൽ പഠിച്ച് 108 വൃശ്ചികമാസത്തിൽ തിരുവനന്തപുരത്തുവച്ചു നടന്ന കേംബ്രിഡ്ജ് സീനിയർ പരീക്ഷയിൽഏററവും പ്രശസ്തമായ രീതിയിൽ ജയിച്ച് തിരുവനന്തപുരത്ത് ആർട്ട്സ്കാളേജിൽ ചേരുന്നതിനു സാധിച്ചിരിക്കുന്നു. ഇതിലേക്കുവേണ്ടി പഠിപ്പുലഭിച്ചതു് ഇംഗ്ലീഷ് കറസ്പാണ്ഡൻസ് സ്കൂളിൽ നിന്നുമാണ്. ഈ സ്കൂളിലെ ആദ്യവർഷത്തെ പഠിപ്പിലേക്കു ഫീസ് രൂപാ 15-ം മൂന്നുതവണകളിലായി അടച്ചുതീർക്കാം. മുൻകൂർരൂപാ 10. ആർക്കും സ്വഗൃഹങ്ങളിൽ താമസിച്ച് സ്വന്തംജോലിക്കു വിഘ്നംകൂടാതെ പഠിക്കാം.

ആ സ്കൂളിലെ ആദ്യവർഷത്തെ പഠിപ്പിൽനിന്നും ഞാനാശിച്ചിരുന്നതിൽ തുലോം കൂടുതൽപഠിപ്പ് എനിക്കു ലഭിച്ചിരിക്കുന്നതിനാൽ വർഷാവസാന പരീക്ഷയ്ക്കുള്ള ഫീസ് രൂപാ അഞ്ചും എന്റെ പാരിതോഷികമായ രൂപാ പത്തും സ്വീകരിച്ചു എന്നെ അനുഗ്രഹിപ്പാനപേക്ഷ." 1—9—34. സി. പി. മുഹമ്മദു, സിലോൺ

കേംബ്രിഡ്ജ് സീനിയറിന് പഠിപ്പിക്കുന്നതിൽ അവിടുന്നു ആവശ്യപ്പെടുന്ന തുക തന്നുകൊള്ളാം. ഇതു സഹിതം അയക്കുന്ന കമ്പിമണിയാർഡർ സ്വീകരിച്ച് പാഠങ്ങൾ അയച്ചുതുടങ്ങുമല്ലൊ. സി. പി. മുഹമ്മദ്, സിലോൺ.

അപേക്ഷിക്കേണ്ടും മേൽവിലാസം,

ആർ. അച്ചുതൻതമ്പി ബി. ഏ.,

ഇംഗ്ലീഷ് കറസ്പാണ്ടൻസ്സ്കൂൾ,

കല്ലാലക്കടവു (അഞ്ചൽ) തിരുവനന്തപുരം (പോസ്റ്റ്)

സ്നേഹിച്ചിരുന്ന സഹോദരൻ മുഗൾ സാമ്രാട്ടിന്റെ വമ്പിച്ച സേനയെ അഭിമുഖീകരിക്കുവാൻ പോകുന്നു. യുദ്ധത്തിൽ രണ്ടും സംഭവിച്ചേക്കാം. തന്റെ സുഹൃത്തിനെ ഇനി എന്നാണു കാണുക? ഈവിധം പല ചിന്തകൾക്കും അവൾ അധീനയായി. 'അമാറി'ന് ദീർഘായുസ്സ് ആശംസിച്ചുകൊണ്ടുള്ള ഒരു ചെറുപ്രാർത്ഥനയോടുകൂടി അവൾ ഉറങ്ങാൻ ശ്രമിച്ചു. നിദ്രാദേവി ഇപ്പോഴും അവളെ ഉപേക്ഷിച്ചു. എഴുന്നേറ്റ് വിളക്കു കത്തിച്ചു; ഘടികാരത്തിലേക്ക് നോക്കി. നിശയുടെ അന്ത്യയാമം സമീപിച്ചിരിക്കുന്നു. അവൾ വീണ്ടും കിടന്നു. അപ്പോൾ കേൾക്കാം ഒരു ശബ്ദം. അവൾ എഴുന്നേറ്റ് വാതിൽ തുറന്നു. ഒരു ഭൃത്യൻ അവിടെ നില്ക്കുന്നുണ്ടായിരുന്നു. "യജമാനൻ ഇതാ യുദ്ധത്തിനു പോയിക്കഴിഞ്ഞു. ഈ എഴുത്ത് ഇവിടെ തരുവാൻപറഞ്ഞു" എന്നു പറഞ്ഞ് അവൻ ഒരു തുണ്ടു കടലാസ് അവളെ ഏല്പിച്ചു. 'ശാന്ത' അതു നിവർത്തി ഇപ്രകാരം വായിച്ചു: "എന്റെശാന്തയ്ക്ക് സർവമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു. ഇത് എന്റെ അന്ത്യക്കുറിമാനം ആയിരിക്കാനും ഇടയുണ്ട്. സ്വാതന്ത്ര്യ സമ്പാദ്യാനന്തരത്തോടുകൂടിയല്ലാതെ 'ശാന്ത' ഇനി എന്നെ കാണുകയില്ല തന്നെ. 'ശാന്ത'യെ പിരിയേണ്ടിവന്നതിൽ ഞാൻ അതിയായി വ്യസനിക്കുന്നു. എന്നെക്കുറിച്ച് വിഷാദിപ്പാതിരിക്കാൻ അപേക്ഷ. നിന്റെ അമാർ"

iv

രാജപുത്രനായകത്വം വഹിച്ച ഗോവിന്ദസിംഗ് രണാങ്കണത്തിൽ നിന്നു മഹാറാണാക്കു അയച്ച കത്തിന്റെ ഒരു ഭാഗം താഴെ ചേർക്കുന്നു—"ഇന്ന് നമുക്ക് ഒരു വമ്പിച്ച വിജയം ഉണ്ടായി. നമ്മുടെ പടയാളികളിൽ കുറച്ചുപേർ എന്റെ മകൻ 'അമാർ'ന്റെ നേതൃത്വത്തിൽ മുഗൾ സൈന്യവുമായി ഒരു വലിയ സമരം നടത്തി വിജയം നേടിയിരിക്കുന്നു. വിധിവൈപരീത്യത്താൽ 'അമാർ' മരിച്ചുപോയി. സ്വാതന്ത്ര്യത്തിന്റേയും സ്വരാജ്യത്തിന്റേയും രക്ഷയ്ക്കു വേണ്ടി അവൻ തന്റെ ജീവനെ അർപ്പിച്ചതിൽ എനിക്കു സന്തോഷമേയുള്ളൂ......"

v

പ്രഭാതം. 'ശാന്ത' ശയിച്ചിരുന്ന മുറിയുടെ ജനാല തുറന്നു കിടന്നിരുന്നു. ജനാലയെ ഏററവും സമീപിച്ചിരുന്ന അവളുടെ കിടക്കയിൽ അവൾ എഴുന്നേററിരുന്നു. ആ മുഖകമലത്തിൽ സർവത്ര മ്ലാനത വ്യാപിച്ചിട്ടുണ്ട്. സഹോദരന്റെ വേർപാടു അവളുടെ പ്രകൃതത്തിൽ വലിയ മാററങ്ങൾ വരുത്തിവച്ചിരിക്കുന്നു. അവളുടെ ചിത്തം പരലോകത്തുള്ള തന്റെ സഹോദരനെ ആരായുകയായിരുന്നു.

ഉദയാർക്കന്റെ പ്രഥമകിരണങ്ങൾ ജനാലയിലൂടെ ഉള്ളിൽ പ്രവേശിച്ചു. അവൾ വെളിയിലേക്ക് നോക്കി. താഴെ വളർന്നിരുന്ന ഒരു പിച്ചകച്ചെടിയുടെ കുസുമങ്ങൾ തെന്നൽ സ്പർശമേററു ചലിക്കുന്നതു് അവൾ കണ്ടു. അതിൽ നിന്നും ഒന്നു രണ്ടു ജലബിന്ദുക്കൾ നിലം പതിച്ചു. ഒരു കുയിലിന്റെ പാട്ടു അവൾ കേട്ടു. അവൾ വിചാരിച്ചു അതു് ഒരു മിത്രത്തിന്റെ അഭാവത്തിൽ ദീനരോദനം പുറപ്പെടുവിക്കുകയാണെന്ന്. അവളുടെ ഭൂതകാല ജീവിതത്തെ പററി സ്മരിക്കാൻ തുടങ്ങി. ഒന്നു മന്ദഹസിച്ചു. അവളുടെ ചിത്തം പെട്ടെന്നൊരുചാട്ടം സുദീർഘമായ ഭാവിയിലേക്ക്. ഭാവി! അഹോ! വെറും ശൂന്യം. അവൾ വിങ്ങി വിങ്ങി കരയാൻ തുടങ്ങി.

vi

'ശാന്ത'യുടെ സുപ്രസന്നമായിരുന്ന ജീവിതാംബരം സഹോദരന്റെ വിയോഗം മൂലം കാർമേഘ പടലങ്ങളാൽ നിബദ്ധമായി ഭവിച്ചു. ഇപ്പോൾ അവൾക്കു കാമ്യമായ ഒരൊററ വസ്തുവും ഇഹലോകത്തില്ല തന്നെ. അവൾ അപ്രാപ്യമായ ഒരു വസ്തുവിനു വേണ്ടി ആരായുന്നു; പക്ഷെ നിരാശ അവളെ പിന്തുടർന്നു കൊണ്ടു തന്നെയിരിക്കുന്നു.

തന്റെ ഹൃദയക്ഷേത്രത്തിൽ ആരാധ്യനായിരുന്ന ആ വീരകേസരിയുടെ സുന്ദര രൂപം കൂടെക്കൂടെ അവളുടെ മനോദർപ്പണത്തിൽ പ്രതിബിംബിക്കാറുണ്ടായിരുന്നു. അതിനേത്തുടർന്നുണ്ടായിരുന്ന വിലാപഗാനങ്ങൾ മാത്രമേ അവൾക്ക് ഒരു ഉപശാന്തി നൽകിയിരുന്നുള്ളു. അവൾ ജീവിതകാലം മുഴുവൻ ദുഃഖിതയായി കഴിഞ്ഞു കൂടി.

സഹോദരീസഹോദരന്മാരുടെ മൈത്രീബന്ധത്തെ പുലർത്തുന്ന ശാന്തയുടെ ഗാനതല്ലജങ്ങൾ ഇപ്പോഴും ആവർത്തിക്കപ്പെടുന്നുണ്ട്. ഒരു സഹോദരൻ വരിച്ച വീരചരമവും, ഹതഭാഗ്യയായ സഹോദരിയുടെ ദീനരോദനങ്ങളും മേവാറിൽ ഇന്നും സ്മരിക്കപ്പെടുന്നു.

—o—


# എസ്. ററി. റെഡ്യാർ & സൺസ്

## വി. വി. പ്രസ് ആൻഡ് ബുക്കുഡിപ്പോ

## ഹെഡാഫീസ് : കൊല്ലം

ബുക്കുഡിപ്പോകൾ

ബ്രാഞ്ചുകൾ—ആലപ്പുഴ, ചങ്ങനാശേരി, കോട്ടയം, കൊട്ടാരക്കര; ചെങ്ങന്നൂർ

വായിക്കാൻ തുടങ്ങിയാൽ താഴത്തുവയ്ക്കാത്ത നോവലുകൾ

| | | ക. | ണ. | പ. |
|---|---|---|---|---|
| 1. | ജയകേസരി | 1 | 0 | 0 |
| 2. | അനന്തമോഹനദാസ് അഥവാ ജയകേസരിയുടെ വിക്രമങ്ങൾ | 1 | 4 | 0 |
| 3. | ഭാസ്കരവിലാസം | 1 | 0 | 0 |
| 4. | വിക്രമസിംഹൻ | 0 | 8 | 0 |
| 5. | ലീലാസുകുമാർ | 0 | 4 | 0 |
| 6. | രാധാഗോപാൽ | 0 | 4 | 0 |

ഇവ ഓരോന്നിലേയും ചമൽകൃതമായ ഇതിവൃത്തവും അത്ഭുതാനന്ദജനകമായ ഘടനാവൈചിത്ര്യവും, അസ്വാദ്യങ്ങളായവർണ്ണനകളും, സരസലളിതമായ ഭാഷാരീതിയും നിങ്ങളെ ഹഠാദാകർഷിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. കഥാമർമ്മത്തെ മറച്ചു വെച്ചുകൊണ്ട് രസവിച്ഛിത്തികൂടാതെ വായനക്കാരുടെ ഹൃദയത്തെ അവസാനംവരെ കവർന്നുകൊണ്ടു പോകുന്ന കഥാബന്ധങ്ങളും, ആരെയും അത്ഭുതപരവശരാക്കുന്ന പരിണാമഗുപ്തിയും നാനാരസസംപൂർണ്ണങ്ങളും സരസകോമളങ്ങളുമായ വർണ്ണനകളും, ആകും ആനന്ദത്തെ ജനിപ്പിക്കുന്ന രചനാസൌകുമാര്യവും തികഞ്ഞ ഈ വിശിഷ്ടകൃതികൾ സഹൃദയന്മാരായ നിങ്ങളുടെ സവിശേഷമായ ആദരത്തെയും അഭിനന്ദനത്തെയും അർഹിക്കുന്നവയാണ്.

കൂടാതെ മലയാളത്തിലുള്ള മററു എല്ലാ മലയാളപുസ്തകങ്ങളും വില്പനയ്ക്കുണ്ട്. ക്യാററലാഗ് ആവശ്യമുള്ളവർ മുക്കാൽ ചക്രം സ്റ്റാമ്പ് അയച്ചുതന്നാൽ ക്യാററലാഗ് അയച്ചു കൊടുക്കപ്പെടും

എസ്. ററി. റെഡ്യാർ & സൺസ്, വി. വി. പ്രസ്, കൊല്ലം

# ഓറിയൻറൽ

## ഗവണ്മെൻറ് സെക്യൂരിററി ലൈഫ് അഷ്വറൻസ് കമ്പനി (ക്ലിപ്തം)

1874-ൽ സ്ഥാപിച്ചത്  ഹെഡാഫീസ് : ബോംബെ

1935-ലെ പ്രവൎത്തനഫലം

| | | |
|---|---|---|
| പുതിയ പാളിസികൾ .... .... | ക. | 8,89,89,149 |
| വൎഷത്തിലെ വരവ് .... .... | ക. | 3,49,16,412 |
| നിലവിലുള്ള പാളിസികൾ .... .... | ക. | 59,25,32,038 |
| ആകെകൊടുത്തുതീൎത്ത അവകാശസംഖ്യ | ക. | 17,43,21,855 |
| നിക്ഷേപസംഖ്യ .... .... | ക. | 17,01,62,491 |

ഈകാണിച്ച കണക്കുകൾ ഇൻഡ്യയിലെ രക്ഷാഭോഗകമ്പനികളിൽ മുന്നണിയിൽ നിൽക്കുന്ന

ഓറിയൻറൽ

കമ്പനിയുടെ ഉറപ്പിനേയും പ്രചാരത്തേയും ധാരാളമായി വിളിച്ചുപറയുന്നു

---

ഒട്ടുംതന്നെ താമസിയാതെ പ്രചാരവും പുരോഗമനവും ഉള്ള ഈ

### ഇന്ത്യൻ ലൈഫ് ആഫീസിൽ ഒരു പാളിസി എടുക്കുക

കൂടുതൽ വിവരങ്ങൾക്ക്

### എസ്. രാമസ്വാമി അയ്യർ,

ബ്രാഞ്ച് സെക്രട്ടറി, ഓറിയൻറൽ ലൈഫ് ആഫീസ്,
67-68, മെയിൻറോഡ്, തിരുവനന്തപുരം

എന്ന വിലാസത്തിലോ താഴെ കാണിക്കുന്ന കമ്പനിയുടെ ഏതെങ്കിലും മററു ആഫീസുകളിലേക്കോ എഴുതി ചോദിക്കുക

| | | | | |
|---|---|---|---|---|
| ആഗ്രാ | കൽക്കത്ത | ജൽപൈഗുരി | മധുര | രായ്പൂർ |
| അജ്മീർ | കോഴിക്കോട് | ജാഡ്പൂർ | മെർകാരാ | രാജ്ഷാഹി |
| അഹമ്മദാബാദ് | കോയമ്പത്തൂർ | ജബൽപൂർ | മൊമ്പാസാ | രാഞ്ചി |
| അലഹബാദ് | കൊളംബൊ | കറാച്ചി | മൂൽട്ടാൻ | രംഗൂൺ |
| അംബാല | ഡാക്കാ | കോലാലംപൂർ | മൈസൂർ | രാവൽപിണ്ടി |
| അമൃത്സാർ | ഡെൽഹി | ലാഹോർ | നാഗപൂർ | സിംഗപൂർ |
| ബാംഗ്ളൂർ | ഗൌഹത്തി | ലക്ക്നൌ | പാട്നാ | സുക്കൂർ |
| ബറില്ലി | ഗുൺട്ടൂർ | മദിരാശി | പെഷ്വാർ | തൃശ്ശിനാപ്പള്ളി |
| ബെല്ലാരി | ജൽഗാൺ | മാണ്ഡലേ | പൂനാ | വിശാഖപട്ടണം |



# ദന്ത വൈദ്യൻ

ഡാക്ടർ ടി. എം. ഉമ്മൻ,
എൽ. ഡി. എസ്‌സി.

ബാങ്ക്റോഡ്, കൊല്ലം. (ഡിസ്ട്രിക്ട് ആശുപത്രിക്കു പടിഞ്ഞാറെ റോഡ്)

വേദനയില്ലാതെ പല്ലുകൾ എടുക്കുക, പല്ലുകൾ വെയ്ക്കുക, പല്ലുകൾ അടയ്ക്കുക, പല്ലുകൾ കെട്ടുക, പല്ലുകളിൽ സ്വൎണ്ണവേലചെയ്യുക മുതലായി ദന്തസംബന്ധമായി ആധുനികസമ്പ്രദായ മനുസരിച്ചുള്ള എല്ലാത്തരംവേലകളും ചികിത്സകളും ഏററവും കുറഞ്ഞ നിരക്കിൽ ഏറ്റവും തൃപ്തികരമായി ചെയ്തുകൊടുക്കുന്നതാണ്. വിദ്യാൎത്ഥികൾക്കും അദ്ധ്യാപകന്മാൎക്കും മിഷൻകാൎക്കും സൌജന്യനിരക്ക്.



“കരവും കരുവുംകൊണ്ടേ കലകൾ നിലനിന്നിട്ടു”

By Appointment To H. H. THE MAHARAJA Of Travancore

### ശ്രീമൂലം ഫൈൻ ആർട്ട്സ് ആൻഡ് ഐവറി വർക്ക്സ്

തിരുവനന്തപുരം

കലർപ്പില്ലാത്ത ശുദ്ധസ്വദേശി  ഗുണത്തിലും തരത്തിലും മെച്ചം

ഇൻഡ്യക്കു പൊതുവേയും തിരുവിതാംകൂറിനു പ്രത്യേകിച്ചും അഭിമാനിക്കാം. ഉത്തരവാദസഹിതം ഫൌണ്ടൻപേന, പെൻസിൽ, റിലീഫ്നിബ്ബ് ഇവ വരവിൽനിന്നും മെച്ചമായി ഇവിടെ തയ്യാറാക്കിവരുന്നു.

കൊമ്പ്, ചിരട്ട, ദന്തം മുതലായസാധനങ്ങളിൽ മനോഹരമായ ഏതുതരം ബട്ടൺസും മൊത്തമായും ചില്ലറയായും ഏററവും കുറഞ്ഞവിലയ്ക്കു കിട്ടണമെങ്കിൽ ഞങ്ങളോടു ആവശ്യപ്പെടുക.

ദന്തം, വെള്ളി, സ്വൎണ്ണം ഇവകളിൽ മനോഹരവും വിചിത്രതമവുമായ അനേകതരം ഉപയോഗസാമാനനിൎമ്മിതികളു ഞങ്ങളുടെ സ്ഥാപനം കീൎത്തികേട്ടതു്. അനശ്വരവും ദന്തനിൎമ്മിതവും ആയ ഛായ, (ശ്രീരാമകൃഷ്ണ പരമഹംസർ, ശ്രീനാരായണഗുരുസ്വാമികൾതുടങ്ങിയുള്ള മഹാത്മാക്കളുടെ) ലാക്കററ, പെൻഡൻറ മുതലായവകൾക്കു ഞങ്ങളോടാവശ്യപ്പെടുക. ഫൌണ്ടൻ പേനയുടെ ഏതുതരം അററകുററവും മിതമായ ചാൎജ്ജിൽ ചെയ്തുകൊടുക്കപ്പെടും.

മാനേജിംഗ് പ്രൊപ്രൈററർ: എൻ. വേലുആചാരി



### കേരളകൌമുദി

—!—

വരിസംഖ്യ മുൻകൂർ

| അഞ്ചലിൽ | രൂ. | ണ. | സ. |
|---|---|---|---|
| ഒരാണ്ടത്തേയ്ക്കു | 4 | 0 | 0 |
| ഒററപ്രതിയ്ക്കു | 0 | 1 | 0 |
| **തപാലിൽ** | | | |
| ഒരാണ്ടത്തേയ്ക്കു | 6 | 0 | 0 |

മാനേജർ,
കേരളകൌമുദി,
പേട്ട, തിരുവനന്തപുരം



### പുതിയപുസ്തകങ്ങൾ

ശ്രീ: സീ. വി. കുഞ്ഞുരാമൻെറ കൃതികൾ

1. രാഗപരിണാമം വില 6 അണ
2. ഉണ്ണിയാർച്ച 6 അണ
3. പഞ്ചവടി (നോവൽ) 1 രൂപ

ശ്രീ. കെ. ദാമോദരൻെറ കൃതികൾ

4. ഹൃദയകലിക 12 അണ
5. സ്നേഹശൃംഖല 2 അണ

മാനേജർ,

ഇന്ദിരാ ബുക്കുഡിപ്പോ'
പേട്ട-തിരുവനന്തപുരം

Reg. No. T. 11. & M. 2102 License No 76. dated 31—1—101

# കേരളകൗമുദി

ഞായറാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്

പത്രാധിപർ : സി. വി. കുഞ്ഞുരാമൻ

[illegible] 28 | തിരുവനന്തപുരം, 1112 മകരം 25 ഞായർ | ലക്കം 6

ഭയങ്കരമായ വയററുവേദനമൂലം നിരാശയോടെ

ജീവിതം നയിക്കുന്നവക്കു ഉദരസുധ ഒരനുഗ്രഹമാകുന്നു

ആരോഗ്യപൂൎണ്ണവും വിഭവസമൃദ്ധവുമായി ജീവിതം നയിക്കേണ്ടവരായ മനുഷ്യരിൽ ഭൂരിഭാഗവും ——വയററുവേദന—— എന്ന മഹാവ്യാധിയുടെ കയ്യേററത്തിനടിമപ്പെട്ടു് കാലചക്രത്തിൽകിടന്നു നട്ടംതിരിയുന്നു. സത്സന്താനങ്ങളുടെ താക്കളായി ലോകത്തിൻെറ സുസ്ഥിതിപരിപാലിക്കേണ്ട സ്ത്രീജനങ്ങൾ ആൎത്തവ കാലങ്ങളിൽ സഹിക്കവയ്യാത്ത വയററുവേദനയാൽ തലകുത്തിമറിയുന്നു. ഗർഭാശയം, അജീൎണ്ണങ്ങളായ വിവിധ വിഷമങ്ങൾ മൂലം സന്താനോല്പാദനസമൎത്ഥമാകാതെ അവർ പരിതാപത്തിനു വിധേയരായിതീരുന്നു :: ::

ഇവകളുടെ പരിപൂൎണ്ണമായ പരിഹാരത്തിനുള്ള ഉത്തമൗഷധമത്രെ ഉദരസുധ.

16 ഔ: കുപ്പി ഒന്നിനു വില 2 രൂപാ.

(ആവശ്യക്കാർ വൎദ്ധിച്ചിരിക്കുന്നതുകൊണ്ടു് വില കുറയ്ക്കാൻ സാധിച്ചിരിക്കുന്നു)

പി. ആർ. നീലകണ്ഠൻ വൈദ്യൻ

ആയുൎസിദ്ധാന്തഫാർമസി, പുത്തൻചന്ത—തിരുവനന്തപുരം.

## മാധവവിലസം ടൈപ്പ്ഫൗണ്ട്റി

കഴിഞ്ഞ അനേകവൎഷങ്ങളായി പ്രശസ്തമായ രീതിയിൽ നടത്തിവരുന്ന ഒരു സ്ഥാപനമാണു് പ്രസ്തുത ടൈപ്പുഫൌണ്ടറി. കേരളത്തിലെ പല ഫൌണ്ടറിക്കാരും ശാസ്ത്രീയമല്ലാത്ത രീതിയിൽ വാൎത്തുവിടുന്ന അക്ഷരങ്ങളും ഞങ്ങളുടെ പക്കൽനിന്നു വാങ്ങുന്ന അക്ഷരങ്ങളും മററു മുദ്രാലയഉപകരണങ്ങളുംതമ്മിൽ പരിശോധിച്ചു നോക്കുന്നപക്ഷം അവ തമ്മിലുള്ള വൈശിഷ്ട്യം ഞങ്ങൾ പറഞ്ഞറിയിക്കാതെ മനസ്സിലാക്കാൻ കഴിയുന്നതാണു്. വിശിഷ്യാ ഈ ഫൌണ്ടറിയുടെ ഉടമസ്ഥന്മാർ തന്നെ ജോലിക്കാരാകയാൽ വാർപ്പുരൂപീകരണത്തിൽ പ്രത്യേകം ശ്രദ്ധിക്കുമെന്നുള്ളതാണു് ഏററവും പ്രധാനം. ടൈപ്പുഫൌണ്ടറി ഉടമസ്ഥന്മാർ ശമ്പളക്കാരെക്കൊണ്ടു ചെയ്യിക്കുന്നതാകയാൽ അവ വേണ്ടുംവണ്ണം ഉപയോഗയോഗ്യമായി വരിക അപൂൎവമാണു്. കൂടാതെ ഞങ്ങളുടെ സ്പെഷ്യൽ വള്ളിവൎഗ്ഗങ്ങൾ മററു ടൈപ്പുഫൌണ്ടറിക്കാരെക്കൊണ്ടു ചെയ്യുവാൻ സാധിക്കാത്തതും പെട്ടെന്നു ഒടിയാതെ അക്ഷരങ്ങളെപ്പോലെ തന്നെ പഴക്കം നില്ക്കുന്നതും സാധാരണ ലെഡ്ഡ്ഇടൽ സമ്പ്രദായം കൂടാതെ കഴിക്കാവുന്നതും ആകുന്നു. ആകയാൽ മുദ്രാലയക്കാർ ഞങ്ങളുടെ ടൈപ്പുകളും മററു മുദ്രാലയ ഉപകരണങ്ങളും വാങ്ങി പരിശോധിച്ചു നോക്കുവിൻ. കൂടുതൽ വിവരങ്ങൾ കത്തു മുഖേനയോനേരിട്ടോ അറിയാവുന്നതാണു്.

മാനേജർ,

മാധവവിലാസം ടൈപ്പ്ഫൗണ്ട്റി, രാമേശ്വരംറോഡ്, കൊല്ലം

## കഴിഞ്ഞലക്കം കൗമുദി

### ഏജൻറന്മാർമുഖേന മാത്രം *

—o—

(അഞ്ചൽ, തപാൽ ഒഴികെ)

| | |
|---|---|
| കെ. സദാനന്ദൻ | 235 |
| പി. ആർ. വേലു | 99 |
| സി. കെ. നാരായണൻ | 141 |
| റി. പി. വിശ്വനാഥൻ | 85 |
| പി. കൃഷ്ണൻ | 1150 |
| കെ. കെ. രാഘവൻ | 96 |
| പി. പൽപ്പുആശാൻ | 36 |
| കൊച്ചുകൃഷ്ണനാശാൻ | 118 |
| കെ. രാഘവൻ, സിംകപ്പൂർ | 80 |
| കെ. വി. വാസു | 61 |
| കെ. പൽപ്പു | 36 |
| വി. കെ. ഗോപാലൻ | 101 |
| പി. എൻ. കൊച്ചപ്പി | 30 |
| ഏ. ദാമോദരപ്പണിക്കർ | 90 |
| എസ്. മാധവൻമുതലാളി | 86 |
| എം. ഏ. ഖാൻ | 26 |
| ശിവദാസൻ | 26 |
| വി. കെ. വാസു | 101 |
| സി. എൻ. കുമാരൻ | 81 |
| കെ. എം. വക്കി | 25 |
| പി. സദാശിവൻ | 26 |
| വി. വി. തോമസ് | 25 |
| പി. കെ. കുഞ്ഞുരാമൻ | 85 |
| പി. കെ. നാണു | 41 |
| കെ. സി. ഡൊമിനിക്ക് | 25 |
| പി. എം. കുഞ്ഞൊ | 71 |
| സി. വി. സുദേവൻ | 80 |
| കെ. കെ. കുഞ്ഞുരാമൻ | 36 |
| കെ. ജി. നാരായണൻമൂപ്പൻ | 51 |
| സി. കെ. രാഘവൻ | 226 |
| കെ. കെ. ശങ്കരൻ | 211 |
| പി. കെ. കണ്ണപ്പൻ | 26 |

* 25 പ്രതിയിൽ കുറവായി ചെലവാക്കുന്ന ഏജൻറന്മാർ ഈ ലിസ്റ്റിൽ ഉൾപ്പെടുന്നില്ല.

*Printed & Published by K. Krishnan Vydian at the Indira Printing Works, Pettah, Trivandrum*